# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

പുസ്തകം 72
ലക്കം 5
മെയ് 2004
ഹിജ്റത്ത് 1383
റ. അവ്വൽ - റ. ആഖിർ 1425

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി**
**പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

## ഉള്ളടക്കം

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 *വിശ്വസ്തത:*
ഹസ്റത്ത് അഹ്മദ് (അ)

8 *മനുഷ്യന്റെ അവകാശങ്ങളും കടപ്പാടുകളും*
സർ മുഹമ്മദ് സഫറല്ലാഹ്ഖാൻ

10 *സുലൈമാൻ നബി (അ) കെട്ടുകഥകളുടെ തടവറയിൽ - 2.*
ഏ. പി. കുഞ്ഞാമു

14 *ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ആത്മീയതയുടെ പ്രഭാപൂരം*
മൗലവി മുഹമ്മദ് ഉമർ, കോഴിക്കോട്

19 *തർഗം*
നസീർ അഹ്മദ് അൻജും, റബ്‌വ

23 *മുജദ്ദിദുമാരുടെ നിയോഗം*
യൂസുഫുൽ കരുളായി

27 *അഹ്മദിയ്യാ വീക്ഷണം*
എ. എം. എസ്.

30 *അഹ്മദിയ്യാ ഖിലാഫത്ത്*
അമത്തുൽ ഹഫീസ്, കോഴിക്കോട്

34 *വിശുദ്ധ ഖുർആനും ലിംഗനിർണ്ണയ ചരിത്രവും*
എം അലി, വെള്ളയിൽ

37 *'ഹഖീഖത്തുൽ വഹ്‌യ്"*
മുഹമ്മദ് ഉമർ എച്ച്. ഏ.

40 വാർത്തകൾ, അനുസ്മരണം, അറിയിപ്പ്

മുഖചിത്രം : ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് ,
ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു....)

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്


നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.

**(വി: ഖുർആൻ 24:56)**

## നബിവചനം

മഹ്ദി ഇമാമിനെ നിങ്ങൾ അറിഞ്ഞു കഴിഞ്ഞാൽ മഞ്ഞു കട്ടയിൽക്കൂടി ഇഴഞ്ഞു പോയിട്ടാണെങ്കിലും നിങ്ങളദ്ദേഹത്തിന് ബൈഅത്ത് ചെയ്യണം. അദ്ദേഹത്തെ അനുസരിക്കുന്നവർ എന്നെ അനുസരിക്കുന്നു. അദ്ദേഹത്തെ ധിക്കരിക്കുന്നവർ എന്നെ ധിക്കരിക്കുന്നു.

**(ഇബ്നുമാജ)**



# വാഗ്ദത്ത മസീഹ് ഞാൻ തന്നെ.

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഏതൊരുവന്റെ കയ്യിൽ എന്റെ ജീവനിരിക്കുന്നുവോ, ആ സർവ്വശക്തനെ സത്യം ചെയ്തുകൊണ്ടു ഞാൻ പറയുന്നു, ബുഖാരിയിലും മുസ്ലിമിലും മറ്റു സിഹാഹുകളിലും രേഖപ്പെടുത്തപ്പെട്ട ഹദീസുകളിലൂടെ തിരുനബി (സ) സുവിശേഷമറിയിച്ച അതേ വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.

**(മൽഫൂസാത്ത് വാല്യം 1)**

മുഖക്കുറിപ്പ്

# മുസ്‌ലിംകൾ എങ്ങോട്ട്?

സൂറ: അന്നൂറിൽ, വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിരിക്കുന്നു. (24:56). നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് (ഖിലാഫത്തുൻ അലാ മിൻ ഹാജിൻ നുബുവ്വത്ത്) പുനഃസ്ഥാപിക്കപ്പെടുമെന്ന് നബി തിരുമേനി (സ) യും പ്രവചിച്ചിരിക്കുന്നു.

അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഹിജ്റ 14-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മഹ്ദി ഇമാമിനെ നിയോഗിക്കുകയുണ്ടായി. ആ മഹാത്മാവ് 1908 മെയ് 26 നു ചരമമടഞ്ഞതിന്റെ പിറ്റേ ദിവസം ഹസ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ (റ) ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 1914 മാർച്ച് 14-ാം നു വെള്ളിയാഴ്ച അദ്ദേഹം വഫാത്തായതിനെത്തുടർന്ന് മാർച്ച് 14 ന് ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനായ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 1965 നവമ്പറിൽ അദ്ദേഹം വഫാത്തായപ്പോൾ ഹസ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്മത്തുല്ലാഹി) മൂന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 1982 ജൂൺ 10 നു അദ്ദേഹം വഫാത്തായപ്പോൾ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്മത്തുല്ലാഹി) നാലാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 2003 ഏപ്രിൽ 19നു അദ്ദേഹം വഫാത്തായപ്പോൾ ഏപ്രിൽ 22 ന് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ 178 രാഷ്ട്രങ്ങളിൽ പടർന്നു പന്തലിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നേതാവിന്റെ കീഴിൽ അഹ്മദിയ്യാ ജമാഅത്ത് ജിഹാദ് നടത്തിക്കൊണ്ടിരിക്കുകയാണ്. വാളാലുള്ള ജിഹാദല്ല, വിശുദ്ധഖുർആൻ കൊണ്ടുള്ള ജിഹാദ്. ഇന്ന് ലോകമൊട്ടാകെ ഏകദേശം 20 കോടി അഹ്മദികൾ ഉണ്ട്. എല്ലാ രാജ്യങ്ങളിലും അവർ കൂറുള്ള പ്രജകളായി സമാധാന കാംക്ഷികളായി ജീവിക്കുന്നു. 20 വർഷങ്ങളോളമായി പാക്കിസ്താനിൽ വളരെയധികം പീഡനങ്ങൾ അനുഭവിച്ചിട്ടും അവർ സഹനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. 24 മണിക്കൂറും ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു ടി. വി ചാനൽ (എം. ടി. എ) അവർക്കുണ്ട്. ലോകത്തിന്റെ നാനാ കോണുകളിലായി പതിനായിരക്കണക്കിന് മിഷ്യനറിമാർ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് സമാധാനപരമായി തീവ്രയത്നം നടത്തുന്നു. ഇതുവരെയായി ലോകത്തിലെ 56 ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നു. ലോകത്തിലെ നൂറിലധികം ഭാഷകളിൽ അഹ്മദിയ്യാ സാഹിത്യങ്ങൾ വിപുലമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇതിനെതിരിൽ മുസ്‌ലിംകളുടെ അവസ്ഥയെന്താണ്? ഉസ്മാനിയാ ഖിലാഫത്തിന്റെ പതനത്തിനുശേഷം മുസ്‌ലിംകൾ വിവിധ കക്ഷികളായി പിരിഞ്ഞിരിക്കുകയാണ്. ജിഹാദിന്റെ പേരിൽ ലോകമൊട്ടുക്കും ഭീകരത നടമാടുന്നു. ലോകത്ത് അമ്പതോളം സമ്പന്ന മുസ്‌ലിം രാഷ്ട്രങ്ങൾ ഉണ്ടെങ്കിലും മുസ്‌ലിംകളുടെ അവസ്ഥ ഓരോ ദിവസവും അതീവ ശോചനീയമായിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പലഭാഗങ്ങളിലും അവർ നിന്ദ്യമായ നിലയിൽ അറുകൊല ചെയ്യപ്പെടുകയാണ്. നബി തിരുമേനി (സ) യുടെ പ്രവചനങ്ങളോരോന്നും അക്ഷരം പ്രതി പുലർന്നുകൊണ്ടിരിക്കുകയാണ്.

അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ട് നൂറ്റിപ്പതിനഞ്ച് വർഷങ്ങളായി. അഹ്മദിയ്യാ ജമാഅത്തിന്റെ വിശുദ്ധ സ്ഥാപകൻ താൻ ദൈവനിയുക്തനാണെന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ടു പ്രഖ്യാപിക്കുകയുണ്ടായി. പക്ഷേ, മുസ്‌ലിംകൾ ആ ദിവ്യശബ്ദം ചെവിക്കൊള്ളുന്നില്ല. അതിനാൽ ദൈവിക ശിക്ഷക്ക് പാത്രീഭൂതരായിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിംകളുടെ ഈ അധഃപതനത്തെക്കുറിച്ചും അതിനുള്ള പരിഹാര മാർഗ്ഗത്തെക്കുറിച്ചും പ്രതിപാദിക്കുന്ന വിശുദ്ധഖുർആൻ വാക്യങ്ങളും തിരുനബി വചനങ്ങളും ഉണ്ട്. എന്നിട്ടും മുസ്‌ലിംകളുടെ കണ്ണു തുറക്കുന്നില്ല. ഇപ്പോഴും അവർ ഗാഢ നിദ്രയിലാണ്! തങ്ങളുടെ രക്ഷക്കായി അല്ലാഹു നിയോഗിച്ച ആളെ അവർ വ്യാജനായിത്തള്ളിയിരിക്കകയാണ്.

സ്വന്തം നിലയിൽ ഖിലാഫത്തു സ്ഥാപിക്കാൻ അവർ എന്തെല്ലാം ചെയ്തു? പക്ഷേ പരാജയമാണ് അവർക്ക് നേരിടേണ്ടിവന്നത്. ദൈവികമായ സംവിധാനത്തെ മറികടന്നുകൊണ്ട് വിജയം കൈവരിക്കാൻ ആർക്കാണ് സാധിക്കുക? ഇനിയെങ്കിലും മുസ്‌ലിംകൾ ഒരാത്മപ്പരിശോധനക്ക് തയ്യാറായെങ്കിൽ എത്ര നന്നായിരുന്നു! അല്ലാഹുവേ, മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ഉമ്മത്തിന് നീ നേരായ പാത കാണിച്ചുകൊടുക്കുമാറാകേണമേ, ഇമാം മഹ്ദി (അ) യിൽ വിശ്വസിച്ചുകൊണ്ട് സുരക്ഷിതമായ ശീതളച്ഛായയിൽ ജീവിതം നയിക്കാനുള്ള സൗഭാഗ്യം നീ അവർക്ക് നൽകിയനുഗ്രഹിക്കുകയും ചെയ്യുമാറാകേണമേ! ആമീൻ ■

ലേഖനം

# വിശ്വസ്തത

ഹസ്റത്ത് അഹ്മദ് (അ)

**അന്യന്റെ വസ്തുവിന്റെ നേർക്ക് വെറുപ്പു കാണിച്ച് സ്വയം കഷ്ടത വരിക്കുന്ന സ്വഭാവം 'വിശ്വസ്തത' അല്ലെങ്കിൽ 'നിഷ്കളങ്കത' എന്നു പേർ ചെയ്യാവുന്ന ധാർമ്മിക ഗുണത്തിന്റെ മൂലരൂപമാണെന്ന് ബോധപ്പെടുന്നതാണ്.**

അഹിംസാത്മക സ്വഭാവങ്ങളുടെ ഇനത്തിൽപ്പെട്ട രണ്ടാമത്തെ സൽഗുണത്തിന് അറബിയിൽ 'അമാനത്ത്' എന്നും 'ദിയാനത്ത്' എന്നും പറയുന്നു. ഇതിനു വിശ്വസ്തത എന്നോ നിഷ്കളങ്കത എന്നോ അർത്ഥം വിവക്ഷിക്കാം. ഇത് അന്യന്റെ മുതൽ വഞ്ചനയാലോ അന്യായമായോ കൈവശപ്പെടുത്തി അവനെ ദ്രോഹിക്കാൻ അനുകൂലിക്കാത്ത ഒരു മനോഭാവമാകുന്നു. ഈ ഗുണം മനുഷ്യനു ജന്മസിദ്ധമായുള്ള ഒരവസ്ഥയാണെന്നു സൂക്ഷ്മാവലോകനം ചെയ്യുമ്പോൾ കാണാവുന്നതാണ്. ദുസ്സ്വഭാവങ്ങൾക്ക് വശഗമാവാത്ത ശുദ്ധപ്രകൃതിയോടുകൂടിയ സ്തന്യപാനിയായ ശിശു അന്യന്റെ വസ്തുവിൽ വിരക്തി പ്രദർശിപ്പിക്കുമാറ് തന്റെ തള്ളയല്ലാത്ത ഏത് സ്ത്രീയുടെയും മുല കുടിക്കുന്നതിനു വൈമനസ്യം കാട്ടുന്നു. ശിശുവിനു സുബോധം ഉണ്ടായിവരുന്നതിനു മുമ്പേ ധാത്രിയെ ഏർപ്പെടുത്താത്തപക്ഷം, ശരിയായ ബോധം ഉണർന്നുകഴിഞ്ഞാൽ പിന്നെ അതിനു അന്യസ്ത്രീയുടെ മുല കുടിപ്പിക്കുക വളരെയേറെ വിഷമകരമായിരിക്കും. കുട്ടി തന്റെ ഈ അഭിനിവേശം നിമിത്തം ഏറെ ക്ലേശം സഹിക്കുകയും വിശപ്പു കൊണ്ടു അങ്ങേയറ്റം കഷ്ടപ്പെട്ടുവോളം അന്യസ്ത്രീയുടെ മുലപ്പാൽ വെറുക്കുകയും ചെയ്യുന്നതു കാണാം. ഇത്രയേറെ വിരക്തി കാണിക്കുന്നതിന്റെ രഹസ്യമെന്തായിരിക്കണം? സ്വന്തം അമ്മയുടേതല്ലാത്ത മറ്റാരുടേയും വസ്തുവിനെ ആഗ്രഹിക്കാത്തവിധത്തിൽ അന്യമായതിനെയെല്ലാം പ്രകൃത്യാ വെറുക്കുന്നു എന്നതല്ലാതെ മറ്റൊന്നുമല്ല ആ രഹസ്യം! ശിശുവിന്റെ ഈ ശുദ്ധപ്രകൃതിയെക്കുറിച്ച് അവഗാഢം ചിന്തിക്കുകയും അതിന്റെ ആഴത്തിലേക്ക് ചുഴിഞ്ഞു ചെല്ലുകയും ചെയ്യുന്നതായാൽ, അന്യന്റെ വസ്തുവിന്റെ നേർക്ക് വെറുപ്പു കാണിച്ചു സ്വയം കഷ്ടത വരിക്കുന്ന ഈ സ്വഭാവം 'വിശ്വസ്തത' അല്ലെങ്കിൽ 'നിഷ്കളങ്കത' എന്നു പേർ ചെയ്യാവുന്ന ധാർമ്മിക ഗുണത്തിന്റെ മൂലരൂപമാണെന്നു ബോധപ്പെടുന്നതാണ്. അന്യന്റെ വസ്തുവകകളെ സംബന്ധിച്ചേടത്തോളം ഈ ശിശുവിന്റേതുപോലുള്ള യഥാർത്ഥമായ വിരക്തഭാവം ഒരുവന്റെ ഹൃദയത്തിൽ ഉണ്ടായിത്തീരാതിരിക്കുന്നേടത്തോളം കാലം അവൻ ഈ വിശ്വസ്തതാഗുണത്തിൽ ആതമാർത്ഥതയുള്ളനവായിത്തീരുകയില്ല. എന്നാൽ ശിശു വിരക്തി പ്രദർശിപ്പിക്കുന്നതു യഥാർഹമോ വിവേചനയുക്തമോ ആയ തരത്തിലല്ലാത്തതിനാൽ അതിന്റെ ആ കൃത്യം ഒരു ധാർമ്മിക ഗുണമാകുന്നില്ല. അതു വെറും സ്വാഭാവിക പ്രേരണയാലുള്ള വിവേകപൂർവമല്ലാത്ത പ്രവൃത്തിയായതിനാൽ ശിശു വൃഥാ കഷ്ടമനുഭവിക്കുമാറാകുന്നു. എങ്കിലും ഈ സ്വാഭാവിക ബോധം തന്നെയാണ് വിശ്വസ്തത എന്നും നിഷ്ക്കളങ്കത എന്നും പറയാവുന്ന അമാനത്ത് എന്ന ഉൽകൃഷ്ട ധാർമ്മിക ഗുണത്തിന്റെ ഉറവിടം. ശിശു അതിന്റെ വിവേചനബുദ്ധിയോടുകൂടാത്ത ചേഷ്ടിതം കാരണമായി നീതിയോ വിശ്വസ്തതയോ ഉള്ള ഉൽകൃഷ്ട ധർമ്മിയായി കണക്കാക്കപ്പെടാതിരിക്കുന്നപോലെത്തന്നെ, ഈ സ്വഭാവസിദ്ധമായ ബോധത്തെ വിവേചനബുദ്ധ്യാ യഥാർഹം പ്രയോഗപ്പെടുത്താത്ത പ്രായപൂർത്തി വന്നയാളും ഈ വിശിഷ്ട സൽഗുണത്താൽ പരിവേഷിതനായി കരുതപ്പെടാവുന്നതല്ല. വിശ്വസ്തനും സത്യവാനും ആയിരിക്കുക ക്ഷിപ്രസാദ്ധ്യമായ കാര്യമല്ല. വിശ്വസ്തതയുടെ വിവിധ വശങ്ങളെ പൂർണ്ണമായും അനുവർത്തിക്കാതിരിക്കുന്നേടത്തോളം ആരും യഥാർത്ഥത്തിൽ വിശ്വസ്തനും സത്യവാനും ആയിത്തീരുന്നില്ല. ഈ സൽസ്വഭാവത്തിന്റെ സംസ്കാരത്തിന്നായി വിശുദ്ധ ഖുർആൻ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം താഴെ ഉദ്ധരിക്കുന്ന വാക്യങ്ങളാൽ ദൃഷ്ടാന്തീകരിക്കാവുന്നതാണ് അതായത്.

وَلَا تُؤْتُوا السُّفَهَاءَ أَمْوَالَكُمُ الَّتِي جَعَلَ اللَّهُ لَكُمْ
قِيَامًا وَارْزُقُوهُمْ فِيهَا وَاكْسُوهُمْ وَقُولُوا لَهُمْ

قَوْلًا مَّعْرُوفًا

وَابْتَلُوا الْيَتٰمٰى حَتّٰى إِذَا بَلَغُوا النِّكَاحَ فَإِنْ اٰنَسْتُمْ
مِّنْهُمْ رُشْدًا فَادْفَعُوْا إِلَيْهِمْ أَمْوَالَهُمْ وَلَا تَأْكُلُوْهَا
إِسْرَافًا وَّبِدَارًا أَنْ يَّكْبَرُوْا وَمَنْ كَانَ غَنِيًّا
فَلْيَسْتَعْفِفْ وَمَنْ كَانَ فَقِيْرًا فَلْيَأْكُلْ بِالْمَعْرُوْفِ
فَإِذَا دَفَعْتُمْ إِلَيْهِمْ أَمْوَالَهُمْ فَأَشْهِدُوْا عَلَيْهِمْ
وَكَفٰى بِاللّٰهِ حَسِيْبًا

وَلْيَخْشَ الَّذِيْنَ لَوْ تَرَكُوْا مِنْ خَلْفِهِمْ ذُرِّيَّةً ضِعٰفًا
خَافُوْا عَلَيْهِمْ فَلْيَتَّقُوا اللّٰهَ وَلْيَقُوْلُوْا قَوْلًا سَدِيْدًا

إِنَّ الَّذِيْنَ يَأْكُلُوْنَ أَمْوَالَ الْيَتٰمٰى ظُلْمًا إِنَّمَا يَأْكُلُوْنَ
فِيْ بُطُوْنِهِمْ نَارًا وَسَيَصْلَوْنَ سَعِيْرًا

"നിങ്ങളിലുള്ള അനാഥക്കുട്ടികളോ യുക്തവയസ്സാകാത്തവരോ ആയ വിവേകബുദ്ധി പക്വമാകാത്ത സ്വത്തുടമസ്ഥർ അവരുടെ കാര്യക്ഷമതയില്ലായ്മമൂലം സ്വത്ത് നശിപ്പിച്ചുകളയുമെന്നു ശങ്കയുണ്ടെങ്കിൽ നിങ്ങൾ ആ സ്വത്തെല്ലാം രക്ഷാധികാരിയുടെ (കോർട്ട് ഓഫ് വാർഡ്സിന്റെ) നിലയ്ക്ക് കൈവശം വെക്കുകയും കച്ചവടച്ചരക്കായും ഉപജീവനമാർഗ്ഗമായുമുള്ള വസ്തുവകകൾ അവർക്കു ഏൽപ്പിച്ചുകൊടുക്കാതെ, അവരുടെ ആഹാരത്തിനും വസ്ത്രത്തിനും ആവശ്യമുള്ള ചെലവുമാത്രം കൊടുക്കുകയും ചെയ്തുകൊള്ളുക; അവർക്ക് പ്രയോജനകരമായ നല്ല ഉപദേശം പറഞ്ഞുകൊടുക്കുകയും ചെയ്യുവിൻ (അതായത്, അവരുടെ ബുദ്ധിയും ധാരണാശക്തിയും തീക്ഷ്ണമായിത്തീരുന്നതും, അവർ അജ്ഞരും അപടുക്കളും ആയിരിക്കാതെ തങ്ങളുടെ സ്ഥിതികൾക്ക് യോഗ്യമായ പഠിത്തമുള്ളവരായിത്തീരുന്നതുമായ തരത്തിൽ അവർക്കു ഉപദേശം നൽകുകയും, വ്യാപാരിയുടെ മക്കളാണെങ്കിൽ അവരെ കച്ചവടമുറകൾ അഭ്യസിപ്പിക്കുകയും മറ്റു വല്ല തൊഴിൽക്കാരന്റേയും സന്താനങ്ങളാണെങ്കിൽ ആ തൊഴിലിൽ സാമർത്ഥ്യമുള്ളവരാക്കിത്തീർക്കുകയും ചെയ്യുവിൻ). നിങ്ങൾ അവർക്കു അഭ്യസനം നൽകുന്നതോടൊപ്പം അവർ അത് ശരിയായി ഗ്രഹിച്ചിട്ടുണ്ടോ എന്നു നോക്കുന്നതിനായിട്ടു ഇടക്കിടെ അവരെ പരീക്ഷിച്ചുകൊണ്ടിരിക്കുവിൻ. പിന്നീട്, അവർക്ക് വിവാഹത്തിന് അർഹതയുണ്ടായിക്കഴിഞ്ഞാൽ (ഉദ്ദേശം പതിനെട്ടു വയസ്സു പ്രായമായാൽ), തങ്ങളുടെ വസ്തുവകകൾ കൊണ്ടുനടക്കുന്നതിന് വിവേകവും പ്രാപ്തിയും അവർക്കുണ്ടായിരിക്കുന്നതായി നിങ്ങൾ കാണുന്നപക്ഷം, അവരുടെ വസ്തുവകകൾ അവർക്കുതന്നെ ഏൽപ്പിച്ചുകൊടുക്കുവിൻ. അവരുടെ മുതൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. പ്രായപൂർത്തി വന്നാൽ അവർ സ്വത്ത് തിരിച്ചു വാങ്ങിക്കളയുമെന്ന ഭീതിയാൽ നിങ്ങൾ അവരുടെ സ്വത്തിനു നഷ്ടം വരുത്തിവെക്കാതിരിക്കുവിൻ. രക്ഷാധികാരി സമ്പന്നനാണെങ്കിൽ അവരുടെ സ്വത്തിൽ നിന്ന് അയാൾ തന്റെ സേവനത്തിന് പ്രതിഫലമായി ഒന്നും എടുക്കാതിരിക്കട്ടെ; എന്നാൽ ദരിദ്രനാണെങ്കിൽ ന്യായമായ പ്രതിഫലം പറ്റാവുന്നതാണ്". (രക്ഷാധികാരികൾ തങ്ങളുടെ സംരക്ഷയിലുള്ള അനാഥക്കുട്ടികളുടെ സ്വത്തിൽ നിന്ന് സ്വപ്രയത്നഫലം എടുക്കാൻ വിചാരിക്കുന്നപക്ഷം, മൂലധനത്തെ സ്പർശിക്കാത്ത വിധത്തിൽ അതിന്റെ കൈകാര്യം കൊണ്ടു ലഭിക്കുന്ന ആദായത്തിൽ നിന്നു എടുത്തുപോരുക എന്ന സമ്പ്രദായം അറബികളുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. ഇങ്ങനെ ന്യായമായ വിധത്തിൽ പ്രയത്നമൂല്യം കൈപ്പറ്റുവാൻ പാടുണ്ടെന്നുള്ള അനുജ്ഞയാണ് ഈ വാക്യം നൽകിയിരിക്കുന്നത്). "നിങ്ങൾ അനാഥർക്കു അവരുടെ വസ്തുക്കൾ സാക്ഷികൾ മുഖാന്തരം ഏൽപ്പിച്ചുകൊടുക്കുവിൻ; അല്ലാഹു നിങ്ങളുടെ ക്രിയകളെ പൂർണ്ണമായും കണക്കിടുന്നവനാകുന്നു... ഇളംപ്രായക്കാരും ദുർബലരുമായ സന്താനങ്ങളുള്ളവർ മരണം അടുത്താൽ, ആ കുട്ടികളുടെ അവകാശത്തിനു ഹാനി വരാതിരിക്കത്തക്കവണ്ണം മരണശാസനം നൽകേണ്ടതാണ്. അന്യായമായി അനാഥരുടെ മുതൽ ഭക്ഷിക്കുന്നവർ ആരോ അവർ അഗ്നിയാണ് തങ്ങളുടെ വയറ്റിലാക്കുന്നത്; ഒടുക്കം, അവർ കത്തിയാളുന്ന അഗ്നിയിൽ ചെന്നു ചേരുന്നതായിരിക്കും. (4:6,7-10,11)

വിശ്വസ്തതാധർമ്മത്തിന്റെ ഏതെല്ലാം വശങ്ങളെയാണ് വിശുദ്ധ ഖുർആൻ ഉപര്യുക്തവാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു നോക്കുക. വിവിധ വശങ്ങളോടുകൂടിയ ഈ സത്യനിഷ്ഠയെ പാലിക്കുകയാണ് യഥാർത്ഥമായ വിശ്വസ്തത. വിവേചനബുദ്ധിയോടുകൂടി വിശ്വസ്തതയുടെ നാനാമുഖങ്ങളേയും ലക്ഷ്യമാക്കി കൊണ്ടു പ്രവർത്തിക്കാത്തപക്ഷം, അതിന്നടിയിൽ ഒളിഞ്ഞുകിടക്കുന്ന വിശ്വാസവഞ്ചനയുടെ വകഭേദങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നിഷ്കളങ്കത പാലിക്കാൻ സാധിക്കുകയില്ല. വിശുദ്ധ ഖുർആൻ വീണ്ടും പറയുന്നു:

وَلَا تَأْكُلُوْا أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ وَتُدْلُوْا بِهَا
إِلَى الْحُكَّامِ لِتَأْكُلُوْا فَرِيْقًا مِّنْ أَمْوَالِ النَّاسِ بِالْإِثْمِ
وَأَنْتُمْ تَعْلَمُوْنَ

'നിങ്ങളുടെ മുതലുകൾ അന്യായമായ നിലയിൽ നിങ്ങൾ പരസ്പരം തിന്നരുത്. അന്യരുടെ സ്വത്തിലൊരുഭാഗം ന്യായവിരുദ്ധമായി കൈവശപ്പെടുത്തുന്നതിനുവേണ്ടി നിങ്ങൾ

*(ശേഷം 29 -ാം പേജിൽ)*

ലേഖനം

# മനുഷ്യന്റെ അവകാശങ്ങളും കടപ്പാടുകളും – ഒരാമുഖം

സര്‍ മുഹമ്മദ് സഫറുല്ലാഹ് ഖാന്‍

**വിസ്ഫോടകമായ ഈ ലോകത്തിലെ പരിവര്‍ത്തനാത്മകവും വികസ്വരവുമായ എല്ലാ പരിതഃസ്ഥിതികളിലും വ്യക്തിപരവും കുടുംബപരവും ദേശീയവും അന്തര്‍ദ്ദേശീയവുമായ ജീവിത മണ്ഡലങ്ങളിലുമെല്ലാം നന്മ വിളയാടുന്ന ഒരു സാമൂഹ്യ ജീവിതക്രമം കെട്ടിപ്പടുക്കാന്‍ ഇസ്‌ലാം ശ്രമിക്കുന്നു.**

ജീവിതം സ്ഫോടനാത്മകമാണ്; മനുഷ്യനും മനുഷ്യ സമുദായവും അപ്രകാരം തന്നെ. ഘര്‍ഷണം ആണ് സ്ഫോടനാത്മകതയുടെ ഒരു മുഖ്യലക്ഷണം; സാമൂഹ്യമൂല്യങ്ങളുടെ അടിസ്ഥാനത്തില്‍ പറയുമ്പോള്‍ വിയോജിപ്പ് എന്നും പലപ്പോഴും തര്‍ക്കം എന്നും ഇതിന്ന് അര്‍ത്ഥം നല്‍കപ്പെടുന്നു. വിയോജിപ്പ് – അല്ലെങ്കില്‍ വിയോജിക്കുവാനുള്ള അവകാശം – ആണ് എല്ലാ അറിവിന്റെയും അന്വേഷണത്തിന്റേയും പരിശോധനയുടെയും പര്യേഷണത്തിന്റെയും ഗവേഷണത്തിന്റെയും സര്‍വ്വോപരി പുരോഗതിയുടെയും അടിത്തറ. ആകയാല്‍, ഭിന്നാഭിപ്രായം പ്രകടിപ്പിക്കാനും ചോദ്യം ചെയ്യുവാനും വിയോജിക്കുവാനും ആവശ്യമെങ്കില്‍ പ്രതിഷേധിക്കാന്‍ പോലുമുള്ള ഈ അവകാശം പരിരക്ഷിക്കാന്‍ പരിശ്രമിച്ചുകൊണ്ടിരിക്കെതന്നെ നമ്മുടെ അഭിപ്രായം, അത് മതപരമോ തത്വചിന്താപരമോ സായന്‍സികമോ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ എന്തായാലും ശരി, ഗുണപ്രദമായ തരത്തിലാണ്, നശീകരണപരമായിട്ടല്ല സ്വാധീനം ചെലുത്തുന്നതെന്ന് ഉറപ്പുവരുത്താനും നാം യത്നിക്കേണ്ടതുണ്ട് എന്നാണ്. അഭിപ്രായഭിന്നത മൂര്‍ച്ഛിക്കുന്നു എന്നുവരുമ്പോള്‍ അതിനെ ഒതുക്കുകയും അംഗീകൃത മാര്‍ഗ്ഗങ്ങളില്‍ തീരുമാനം കണ്ടെത്തുകയോ നീക്കുപോക്കുകളുണ്ടാക്കുകയോ ചെയ്യുകയും വേണം. എന്നുവെച്ചാല്‍, നാമെല്ലാം പൂര്‍ണ്ണമനസ്സാലെ, ആവശ്യമെങ്കില്‍ ഇഷ്ടമില്ലാതെ തന്നെയും എന്നല്ല, നിര്‍ബ്ബന്ധിതമായിട്ടുപോലും നിയമവാഴ്ചയ്ക്ക് കീഴ്പ്പെടുവാന്‍ തയ്യാറാകേണം.

'നിയമം' എന്ന പദത്തിന്റെ നിയമശാസ്ത്രപരമായ അര്‍ത്ഥത്തില്‍ 'മനുഷ്യാവകാശപ്രഖ്യാപനം' (Declaration of Human Rights) ഒരു നിയമം ആയിക്കഴിഞ്ഞിട്ടില്ല. എങ്കിലും, നൂറ്റാണ്ടു നൂറ്റാണ്ടു കാലത്തെ യാതനകള്‍ക്കും വേദനകള്‍ക്കുമിടയില്‍ സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും സമത്വത്തിന്റെയും ലക്ഷ്യത്തിലേക്ക്, ചരിത്രത്തിന്റെ ഇടനാഴിയിലൂടെ മനുഷ്യന്‍ വെട്ടിത്തെളിയിച്ച ദീര്‍ഘവും ദുര്‍ഗ്ഗമവും ക്ലേശകരവുമായ പാതയില്‍ മിന്നിത്തിളങ്ങുന്ന ഒരു നാഴികക്കല്ലെന്നോണം അത് വിരാജിക്കുകയാണ്. എല്ലാ കാലഘട്ടങ്ങളിലും വിവിധ രംഗങ്ങളിലായി, ഫലങ്ങള്‍ വ്യത്യസ്തങ്ങളാണെന്നിരിക്കിലും, മനുഷ്യന്‍ സ്വാതന്ത്ര്യത്തിന്നും നീതിയ്ക്കുംവേണ്ടി പൊരുതിക്കൊണ്ടിരുന്നിട്ടുണ്ട്. ഈ സമരങ്ങളോരോന്നും, ഓരോന്നിലും സമാര്‍ജ്ജിച്ചിട്ടുള്ള നേട്ടങ്ങളും, കാലാന്തരത്തില്‍, മനുഷ്യതാല്പര്യങ്ങളെ കൂടുതല്‍ കൂടുതല്‍ മുന്നോട്ടുനയിക്കുകയും മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ രൂപവല്‍ക്കരണത്തിന്ന് ആവശ്യമായ സംഭാവനകള്‍ നല്കുകയും ചെയ്തിട്ടുണ്ട്. പ്രഖ്യാപനമാവട്ടെ, ഇതേ ലക്ഷ്യത്തിലൂന്നിക്കൊണ്ടുള്ള മഹത്തായ മറ്റു ചരിത്രരേഖകളുടെയും തിട്ടൂരങ്ങളുടെയും കൂട്ടത്തില്‍ നില്ക്കുവാന്‍ അര്‍ഹത നേടുകയും ചെയ്തിരിക്കുന്നു.

എഴുതപ്പെട്ട ഭരണഘടനകളില്‍ ചിലതു വിശിഷ്യ, പുതുതായി സ്വാതന്ത്ര്യമാര്‍ജ്ജിച്ച രാജ്യങ്ങളിലെ ഭരണഘടനകളില്‍ ചിലത്, മനുഷ്യാവകാശപ്രഖ്യാപനത്തിലെ ഖണ്ഡികകളില്‍ പലതിന്റെയും സാരാംശങ്ങള്‍ സ്ഥിരം വകുപ്പുകളായി ഉള്‍ക്കൊള്ളിച്ചിട്ടുണ്ട്. മറ്റുചില ഭരണഘടനകള്‍, അവയില്‍ ചിലതിനെ ഭരണനയങ്ങളുടെ നിര്‍ദ്ദേശകതത്വങ്ങളായി ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ആദ്യത്തേതില്‍, ബന്ധപ്പെട്ട വകുപ്പുകള്‍ വിചാരണയ്ക്ക് വിധേയമാക്കാവുന്നതും തന്‍മൂലം കോടതി നടപടികള്‍ മുഖേന ബലത്തില്‍ വരുത്താവുന്നതും ആയിത്തീര്‍ന്നിരിക്കുകയാണ്. അത്രത്തോളം നല്ലത്! എന്നാലിതും ഒരു തുടക്കം മാത്രമെ ആകുന്നുള്ളൂ. ഇക്കാര്യത്തിലെന്നല്ല, മറ്റു പല കാര്യങ്ങളിലും തന്നെ നമുക്ക് ഇനിയും പലതും സാധിക്കേണ്ടതുണ്ട്.

ഈ മനുഷ്യാവകാശങ്ങള്‍ കോടതി നടപടികളിലൂടെ ബലത്തില്‍ വരു

ത്താൻ കഴിയുന്നതരത്തിലുള്ള നിയമപരമായ അംഗീകാരത്തോടുകൂടിയതായിരിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത കുറേക്കൂടി വിപുലമായി അംഗീകരിക്കപ്പെടുന്നതിനുവേണ്ടിത്തന്നെയായിരിക്കണം ഈ ഘട്ടത്തിൽ നമ്മുടെ സുപ്രധാനയത്നം. ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തേണ്ടുന്ന മുഖ്യ ഉപാധി ഓരോ സ്റ്റേറ്റിന്റേയും ദേശീയ നിയമനിർമ്മാണസഭകൾ തന്നെയാണ്. ഭരണഘടനാപരവും നിയമപരവുമായ മാർഗ്ഗങ്ങളിൽ ദേശീയനീതിന്യായ സംവിധാനങ്ങൾ ബലത്തിൽ വരുത്താവുന്ന തരത്തിൽ മനുഷ്യാവകാശങ്ങൾക്ക് ഓരോ ഗവർമ്മെണ്ടും നിയമസാധുത്വം നല്കേണ്ടിയിരിക്കുന്നു. എങ്കിലും, കോടതിനടപടികൾ അനാശാസ്യമായ തരത്തിൽ വിഘ്നപ്പെടുത്താതിരിക്കുകയും യാതൊരു അലട്ടും തടസ്സവും കൂടാതെ ഒടുക്കംവരെ അത് നടത്തിക്കൊണ്ടുപോകാമെന്ന് ഉറപ്പുനല്കുകയും ചെയ്യുന്ന സ്റ്റേറ്റുകളിൽ മാത്രമെ ഈ നടപടികൾ ഫലപ്രദമായിത്തീരുകയുള്ളു. നീതിയും സമത്വവും ഉറപ്പുവരുത്തുന്നതിന്നും സ്വതന്ത്രമായ ജുഡീഷ്യറി അനുപേക്ഷണീയമാണെന്ന് സാരം.

ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിക്കുന്നതിന്ന് സ്വതന്ത്രവും അനധീനവുമായ ജുഡീഷ്യറിയുടെ പിന്തുണയോടുകൂടിയ ദേശീയാടിസ്ഥാനത്തിലുള്ള നിയമനിർമ്മാണപ്രവർത്തനം വളരെയേറെ മുമ്പോട്ടു പോകേണ്ടതുണ്ട്. റീജ്യനൽ ട്രിബ്യൂണലുകളിലും ഒടുക്കം അന്താരാഷ്ട്രീയ ട്രിബ്യൂണലുകളിലും അപ്പീലുകൾ ബോധിപ്പിക്കാനുള്ള നടപടികൾ, ദേശീയ തലത്തിൽ പരിഹാരം കാണാനുള്ള യാതൊരു ഉപാധിയും ഇല്ലാത്ത പരിതഃസ്ഥിതികളിൽ മാത്രമായിരിക്കണം. ദേശീയതലത്തിൽ യാതൊരു പരിഹാരവും കാണാൻ സാദ്ധ്യമാവാതെവരുമ്പോൾ മാത്രമല്ലാതെ റീജ്യനൽ ട്രിബ്രൂണലുകളിലോ ഇന്റർ നേഷനൽ ട്രിബ്യൂണലുകളിലോ പ്രശ്നം കൊണ്ടുപോകാൻ പാടുള്ളതല്ലെന്ന ഉപോധി നിശ്ചയിക്കാത്തപക്ഷം ദേശീയവും പ്രാന്തീയവും അന്തർദേശീയവുമായ ട്രിബ്യൂണലുകളുടെ സുരമ്യമായ പ്രവർത്തനം വിഷമപൂർണ്ണവും ബുദ്ധിമുട്ടുപിടിച്ചതുമായിത്തീർന്നേയ്ക്കും.

മനുഷ്യാവകാശങ്ങൾ ഉൾക്കൊള്ളുന്ന നിയമനിർമ്മാണപരമായ ഉപാധികളെ സംബന്ധിച്ചേടത്തോളം, ഈ അവകാശ പ്രഖ്യാപനം ഒരു കരട്ബിൽ (Draft Bill) അല്ലെന്നും ആ നിലയിൽ അതിനെ ഉപയോഗപ്പെടുത്താനാവില്ലെന്നും ഓർക്കേണ്ടതുണ്ട്. പ്രഖ്യാപനത്തിലെ ചില ഖണ്ഡികകൾ വ്യക്തവും വസ്തുനിഷ്ഠവുമായ നിയമങ്ങൾ ഉൾക്കൊള്ളുന്നതും ചില പദപ്രയോഗങ്ങളിൽ അല്പസ്വല്പം വ്യത്യാസം വരുത്തിക്കൊണ്ടുതന്നെ ഒരു ഡ്രാഫ്റ്റ് ബില്ലിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതുമാണെങ്കിലും, മറ്റുള്ളവ ഭരണപരമായ നടപടികളിലൂടെ നേടിയെടുക്കേണ്ട ചില ലക്ഷ്യങ്ങളെ അഥവാ ആദർശങ്ങളെ ചൂണ്ടിക്കാണിക്കുന്നവ മാത്രമാണ്. അതാകട്ടെ, നിയമപരമായ അധികാരങ്ങളുടെ പിന്തുണയോടുകൂടി ഭരണപരമായ നടപടികളിലൂടെ ഘട്ടംഘട്ടമായി മാത്രം നടപ്പിൽ വരുത്തേണ്ടതുമത്രെ. ഓരോ പ്രദേശത്തും രാജ്യത്തും ഇക്കാര്യത്തിലുള്ള തിടുക്കവും ഉത്സാഹവും അവിടങ്ങളിലെ സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക വസ്തുതകളെ ആശ്രയിച്ചിരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഏകീകരണം വേണമെന്ന് നിർബന്ധിക്കുന്നത് യുക്തമല്ല. പ്രഖ്യാപനത്തിലെ എല്ലാ ഓരോ ഖണ്ഡികയോടും ആക്ഷരികമായിത്തന്നെ വഴങ്ങിക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നതും ബുദ്ധിപൂർവ്വകമല്ല. ഇവയിൽ സാമൂഹ്യവു സാംസ്ക്കാരികവുമായ മണ്ഡലങ്ങളെ സംബന്ധിക്കുന്ന ചില ഖണ്ഡികകൾ, ചില പ്രദേശങ്ങളിലെ ഭരണ രീതികൾക്കും പ്രത്യേക സമ്പ്രദായങ്ങൾക്കും തത്വത്തിൽ മാത്രം സ്വീകാര്യമായെന്നുവരാം. നിയമനിർമ്മാണത്തിന്റെ മൂശയിൽ വെക്കുന്നതിന്നുമുമ്പായി, അവയുടെ പ്രവർത്തനക്രമത്തെയും അർത്ഥവ്യാപ്തിയേയും പ്രയോഗ രീതികളേയും സംബന്ധിച്ചേടത്തോളം ചില ഭേദഗതികളും പരിധി നിർണ്ണയങ്ങളും വിശദീകരണങ്ങളും ആവശ്യമായെന്നുവരും. എന്നാൽ, അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുമെന്ന് കാണുന്നപക്ഷം സാമൂഹ്യസാംസ്ക്കാരിക സ്ഥിത്യന്തരങ്ങൾക്കനുരോധമായി ചില നീക്കുപോക്കുകൾ വരുത്തുന്നത് ദോഷകരമായിരിക്കയില്ല; മറിച്ച് ഗുണകരമായിരിക്കുകയേ ഉള്ളൂ.

ഇത് മനുഷ്യന്റെ യുഗമാണ്. പ്രപഞ്ചത്തിൽ തനിയ്ക്കുള്ള സ്ഥാനത്തെക്കുറിച്ച് മനുഷ്യൻ ഇന്ന് ബോധവാനാണ്. തന്റെ വ്യക്തിത്വവും അന്തസ്സും അംഗീകരിക്കപ്പെടണമെന്ന് അവന്ന് നിർബ്ബന്ധമുണ്ട്. സഹജീവികളും സമുദായവും ഭരണകൂടവും തന്നോടെത്രത്തോളം കടപ്പെട്ടിട്ടുണ്ടെന്നും പകരം അങ്ങോട്ട് തനിയ്ക്കുള്ള കടപ്പാടെന്താണെന്നും അവൻ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഈ പ്രക്രിയയ്ക്ക് ഉത്തേജനം നൽകുകയും അതിനെ ത്വരപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണ്. പ്രസ്തുത ബോധം അതില്ലാത്തേടത്ത് ഉണർത്തിവിടുകയും ഉള്ളേടങ്ങളിൽ ഉയർത്തുകയും വേണം. അവകാശങ്ങളും സ്വാതന്ത്ര്യവും വിശേഷാധികാരങ്ങളും നേടിയെടുക്കുന്നതിന്നുള്ള മുഖ്യ ഉപാധിയെന്ന നിലയിൽ അവനവന്റെ കടമകളെയും കടപ്പാടുകളെയും ഊന്നിപ്പറയേണ്ടതാവശ്യമായിരിക്കുന്നു. എന്തെന്നാൽ അവ ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ മാത്രമാണ്. നമ്മിൽ ഓരോരുത്തരും മറ്റുള്ളവരോട് പുലർത്തുന്ന കടമകളുടെയും കടപ്പാടുകളുടെയും അളവനുസരിച്ചിരിക്കും നമ്മുടെ തന്നെ അന്തസ്സും സ്വാതന്ത്ര്യവും സമതയും പുലരുന്നൊരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുക.

സമാധാനത്തിനുവേണ്ടിയുള്ള സകല പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നിട്ടും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ രണ്ട് മഹായുദ്ധങ്ങളുടെ അതിമാരകമായ അനുഭവങ്ങളിലൂടെ കടന്ന് ഒരു അണുയുദ്ധത്തിന്റെ ഭീകരമായ കരിനിഴലിൽ കഴിയേണ്ടിവന്നിട്ടുള്ള മനുഷ്യൻ, സ്വന്തം സഹോദരനിൽനിന്നുതന്നെയുള്ള വിവേചനങ്ങൾക്കും അസഹിഷ്ണതയ്ക്കും കൊടും ക്രൂരതകൾക്കും ഇരയായി

*(ശേഷം 13 -ാം പേജിൽ)*

# സുലൈമാൻ നബി(അ) കെട്ടുകഥകളുടെ തടവറയിൽ – 2

ഏ.പി. കുഞ്ഞാമു

സുലൈമാൻ നബി (അ) പിന്നീട് തന്റെ പട്ടാള വ്യൂഹത്തെ പരിശോധിച്ചപ്പോൾ "ഹുദ്ഹുദ്" എന്ന പേരുള്ള ഒരു ഇൻറലിജൻസ് ഓഫീസറെ കാണാത്തതിൽ കുണ്ഠിതനാവുകയും അദ്ദേഹത്തെ കഠിനമായി ശിക്ഷിക്കുമെന്നും ശരിയായ കാരണം ബോധിപ്പിക്കാതിരുന്നാൽ മരണശിക്ഷക്ക്തന്നെ വിധേയനാക്കുമെന്നും പറഞ്ഞു. അപ്പോഴേക്കും അദ്ദേഹം അവിടെ കടന്നുവരികയും താൻ 'സാബാ' എന്ന സ്ഥലത്ത് നിന്ന് ചില പുതിയ വിവരങ്ങളുമായി വന്നതാണെന്നു അറിയിക്കുകയുമുണ്ടായി. ഇതിൽ നിന്നും പ്രകടമായി മനസ്സിലാകുന്നത്, സുലൈമാൻ നബി(അ) ഇദ്ദേഹത്തെ സുപ്രധാനമായ, സ്റ്റേറ്റിനെ സംബന്ധിക്കുന്ന ഒരു ഉത്തരവാദിത്തം ഏല്പിച്ചതനുസരിച്ച് ചില വിവരങ്ങൾ അദ്ദേഹം സാബായെപ്പററി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 'സാബാ' യിലേക്ക് പടയോട്ടം ആരംഭിച്ചത് എന്നാണ്. ആ സാമ്രാജ്യത്തെക്കുറിച്ചു കൂടുതൽ രഹസ്യങ്ങളറിയാനുള്ള ദൗത്യനിർവ്വഹണത്തിൽ ഇദ്ദേഹം കാലവിളംബം വരുത്തിയതിൽ സുലൈമാൻ നബി(അ) കുപിതനായിരുന്നു. 'സാബാ' എന്ന വിശുദ്ധ ഖുർആനിലെ പ്രയോഗം ബൈബിളിലെ 'ഷേബാ' എന്ന സ്ഥലമാണ് (1 രാജാക്കന്മാർ 1). യമനിലെ ഒരു പുരാതന നഗരമായിരുന്നു ഷേബാ. ഷേബാ ക്രി.മു. ഒമ്പതാം നൂറ്റാണ്ടിൽ നിലവിൽ വന്നു. ഈ രാജ്യം സബഅ ഇബ്നു യശ്ജുബ് ആണ് സ്ഥാപിച്ചതെന്ന് കരുതപ്പെടുന്നു. ഈ രാജ്യത്തിന്റെ പേരിനോട് ചേർത്താണ് അവിടുത്തെ ഭരണാധികാരിയായ ബൽക്കീസ് രാജകുമാരി ഷേബാ രാജ്ഞി എന്നറിയപ്പെട്ടിരുന്നത്. സുലൈമാൻ നബി(അ) പടയോട്ടം നടത്താൻ പോകുന്ന സാബാ എന്ന സ്ഥലത്തെപ്പറ്റി ഹുദ് ഹുദ് നൽകുന്ന വിവരമാണ്, "പ്രസ്തുത രാജ്ഞി ഒരു വലിയ സാമ്രാജ്യത്തിന്റെ അധിപയാണെന്നും അവർക്ക് എല്ലാ ഭൗതിക അനുഗ്രഹങ്ങളും നൽകപ്പെട്ടിരിക്കുന്നുവെന്നും ജനങ്ങളെല്ലാം വളരെ നല്ല അവസ്ഥയിൽ ജീവിക്കുന്നവരാണെന്നും അങ്ങനെ പുരോഗമിച്ച ഒരു നാഗരികതയുടെ ഉടമസ്ഥയാണ് അവരെന്നും. ആദ്ധ്യാത്മികമായി അവരുടെ വിശ്വാസം യഥാർത്ഥ തൗഹീദിൽ നിന്നും വളരെ ദൂരപ്പെട്ടതാണെന്നും സൂര്യനെ ആരാധിക്കുന്നവരാണ് അവരെന്നും മറ്റുമുള്ള ആ രാജ്യത്തെസ്സംബന്ധിച്ചുള്ള വിവരങ്ങൾ അദ്ദേഹം ബോധിപ്പിച്ചു. ഒരു രാജ്യത്തെ ജനതയുടെ ആത്മീയ നിലവാരത്തെപ്പറ്റിയും മതപരമായ ജീവിതത്തെപ്പറ്റിയും ജ്ഞാനിയായ ഒരു രഹസ്യാന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷിച്ച് രാജാവായ സുലൈമാൻ നബി(അ)ക്ക് വിവരം നൽകുമ്പോൾ ഒരു രാജാവ് എന്ന നിലയിൽ സുലൈമാൻ നബി (അ) ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ ക്ഷേമത്തിൽ എത്രമാത്രം തല്പരനായിരുന്നുവെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്. അവരുടെ പക്കൽ വളരെ വിലപിടിപ്പുള്ള ഒരു സിംഹാസനമുള്ള കാര്യവും യഥാർത്ഥ ദൈവത്തെ ആരാധിക്കുന്നതിൽനിന്നും പിശാച് അവരെ ദൂരപ്പെടുത്തിയ വിവരങ്ങളും മറ്റും സുലൈമാൻ നബി(അ)യെ ആ ഉദ്യോഗസ്ഥൻ ധരിപ്പിക്കുകയുണ്ടായി. ഈ വിവരണങ്ങളെല്ലാം ശ്രവിച്ചശേഷം സുലൈമാൻ നബി(അ) ഇങ്ങനെ പ്രതിവചിച്ചു: "ഏതായാലും നീ പറയുന്നത് സത്യമോ കളവോ എന്നു നമുക്കൊന്നു നോക്കാം. നീ എന്റെ ഒരു കത്തുമായി രാജ്ഞിയുടെ അടുത്തുപോയി നൽകണമെന്നും അതിനുശേഷം മാറി നിന്നുകൊണ്ടു അവർ എന്തൊരു മറുപടിയാണ് നൽകുന്നത് എന്നും നോക്കാം". രാജ്ഞി പ്രസ്തുത കത്തിനെപ്പറ്റി അവിടെയുള്ള തന്റെ മന്ത്രിമാരുമായി ആലോചന നടത്തി. പ്രസ്തുത കത്ത് സുലൈമാനിൽ നിന്നാണെന്നും അതാരംഭിക്കുന്നത് പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിലാണെന്നും പറയപ്പെട്ടു. തന്നോടു അഹംഭാവത്തിൽ പെരുമാറാതെ തന്റെഅടുക്കൽ കീഴടങ്ങി വരാൻ സുലൈമാൻ നബി (അ) ആ കത്തിൽ രാജ്ഞിയോട് ആവശ്യപ്പെട്ടിരുന്നു. ഈ സന്ദർഭത്തിൽ താനദ്ദേഹത്തിന് എന്തു മറുപടിയാണ് നൽകേണ്ടത് എന്ന് പ്രധാനികളോടു രാജ്ഞി ആലോചിച്ചു. പ്രധാനികൾ അതിന് ഇപ്രകാരം മറുപടി പറഞ്ഞു: "മഹാറാണീ, നാം ഇന്ന് എന്തു

കൊണ്ടും ശക്തരാണ്. ഏതുമായും പ്രതികരിക്കാനുള്ള ശക്തി നമുക്കുണ്ട്. ഇനി എന്താണ് വേണ്ടത് എന്ന് അങ്ങ് തന്നെ തീരുമാനിച്ചാലും". അതിനുത്തരമായി രാജ്ഞി പറഞ്ഞു: "ശക്തരായ രാജാക്കന്മാർ ഒരു രാജ്യത്ത് പ്രവേശിച്ചാൽ അവിടെയുള്ള എല്ലാ മനോഹാരിതയും നശിപ്പിക്കുകയും അവിടെ വലിയവരായ ആൾക്കാരെയെല്ലാം നിന്ദിതരാക്കുകയും ചെയ്യും. ഏതായാലും ഞാൻ അദ്ദേഹത്തിന് ഒരു പാരിതോഷികം നൽകാൻ തീരുമാനിച്ചിരിക്കുന്നു" അതിനുശഷം തന്റെ ദൂതൻ എന്തുവിവരവുമായി വരുന്നെന്നു നോക്കാമെന്ന് പറഞ്ഞു. അങ്ങനെ രാജ്ഞിയുടെ അമ്പാസിഡർ രാജാവായ സുലൈമാൻ നബി(അ)യുടെ അടുക്കൽ വന്നു. കീഴടങ്ങാൻ ആജ്ഞ നൽകപ്പെട്ട രാജ്ഞി അതു ചെയ്യാതെ പല ഉപഹാരങ്ങളും കൊടുത്തയച്ചതിൽ കുപിതനായ രാജാവ് പറഞ്ഞു: "നിന്റെ രാജ്ഞിയോടു പറഞ്ഞേക്കൂ, അവരുടെ ഉപഹാരങ്ങൾ മുഖേന എന്നെ സഹായിക്കേണ്ട. അല്ലാഹു എനിക്ക് അവരേക്കാൾ എല്ലാംകൊണ്ടും മഹത്തായ അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. അതുകൊണ്ട് നിന്റെ രാജ്ഞിയോടു, അത്ര അഹങ്കാരം കാണിക്കേണ്ട എന്നു പറയൂ. ഞങ്ങൾ ഞങ്ങളുടെ ശക്തിയുമായി വരുന്നുണ്ട്. അവരെ നിശ്ശേഷം പരാജയപ്പെടുത്തി താഴ്മയിലാക്കും." രാജ്ഞിയുടെ അമ്പാസിഡർ ഈ വിവരവുമായി വിടപറഞ്ഞശേഷം അവർ തന്റെ മുമ്പിൽ കീഴടങ്ങുമെന്ന് സുലൈമാൻ നബി (അ)ക്ക് അറിയാമായിരുന്നു. ഉടനെ സുലൈമാൻ നബി(അ) തന്റെ വിദഗ്ധരെ വിളിച്ചു രാജ്ഞിക്കു വേണ്ടി ഒരു സിംഹാസനം ആരാണ് പെട്ടെന്ന് പണിതുതരിക എന്നാരാഞ്ഞു. അപ്പോൾ നിപുണരായ ഉയർന്നവരിൽ നിന്ന് ഇഫ്രീത്ത് എന്നയാൾ താൻ ഈ കാര്യം ഉടനെ സാധിപ്പിച്ചുതരാമെന്നും അതിനുള്ള കഴിവും പ്രാപ്തിയും തനിക്കുണ്ടെന്നും തന്നെ വിശ്വസിക്കാമെന്നും ഉള്ള വിവരം സുലൈമാൻ നബി(അ)യെ ധരിപ്പിച്ചു. എന്നാൽ ജ്ഞാനിയായ മറ്റൊരാൾ നൊടിയിടയിൽ പ്രസ്തുത സിംഹാസനമെത്തിക്കാമെന്ന് ഉറപ്പു നൽകുകയും അപ്രകാരം ചെയ്യുകയും ചെയ്തു. ഇദ്ദേഹം സുലൈമാൻ നബി(അ)യുടെ ധനകാര്യമന്ത്രിയാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ പക്കലാണ് സാമ്പത്തികമായ കണക്കുകളുടെ പുസ്തകം ഉള്ളത്. സുലൈമാൻ നബി(അ) അല്ലാഹുവിന്ന് നന്ദി പ്രകടിപ്പിച്ചു. പ്രസ്തുത സിംഹാസനം രാജ്ഞിയുടെ സിംഹാസനത്തെക്കാൾ പ്രൌഢഗംഭീരമായിരിക്കണമെന്ന് സുലൈമാൻ നബി(അ)ക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അതുമുഖേന രാജ്ഞി തന്റെ സാമ്പത്തികശേഷിയും കഴിവും അതു തരപ്പെടുത്താനുള്ള ശക്തിയും തനിക്കുണ്ടെന്ന് മനസ്സിലാക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഇവിടെ വ്യാഖ്യാതാക്കളിൽ ചിലർ പ്രസ്തുത സിംഹാസനം രാജ്ഞി സുലൈമാൻ നബി(അ)ക്ക് കൊടുത്ത ഉപഹാരമായിരുന്നുവെന്നും അതിനെ ചില മാറ്റങ്ങൾ വരുത്തി എന്നും അതായത് അതിന്റെ മേലുള്ള ബിംബങ്ങളൊക്കെ മാറ്റി അതിനെത്തന്നെ കൂടുതൽ ശോഭനമാക്കി രാജ്ഞി വന്നപ്പോൾ കാണിച്ചു കൊടുക്കുകയും താങ്കളുടെ സിംഹാസനം ഇതുപോലെയാണോ എന്നു ചോദിച്ചതായും വ്യാഖ്യാനിക്കാറുണ്ട്. രണ്ടുരൂപത്തിലായാലും പ്രസ്തുത സിംഹാസനം രാജ്ഞിക്ക് വളരെ ഇഷ്ടമായി. എന്നിട്ടവർ ഇങ്ങനെ പ്രതിവചിച്ചു: "താങ്കളുടെ കഴിവുകളെക്കുറിച്ചു ഞങ്ങൾ മുമ്പുതന്നെ അറിഞ്ഞിരുന്നു. ഞങ്ങളിതാ കീഴടങ്ങുന്നു".

വിശുദ്ധ ഖുർആന്റെ മറ്റു വ്യാഖ്യാതാക്കളുമായി നമുക്കുവിയോജിപ്പുള്ള ചില സംഗതികളാണ് മേൽ വിവരിച്ചത്.

'ഹുദ്ഹുദ്' എന്നു പറഞ്ഞാൽ മരംകൊത്തി പക്ഷിയാണെന്നും, ആ പക്ഷിയാണ് "സാബാ" രാജ്യത്തെക്കുറിച്ചും ഷേബാ രാജ്ഞിയെപ്പറ്റിയും വിവരം നൽകിയത്. എന്നുമാണ് മുസ്ലിംകളുടെ വ്യാഖ്യാനങ്ങളിൽ കാണുന്നത്. ഇത് കെട്ടുകഥയും അന്ധവിശ്വാസവുമാണ്. താഴെപറയുന്ന കാര്യങ്ങളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

1. പരിശുദ്ധനായ നബിയും ശക്തനായ ചക്രവർത്തിയുമായ സുലൈമാൻ നബി(അ)യെപ്പോലെയുള്ള ഒരാൾ ഒരു പക്ഷിയോട് ഇങ്ങനെ ക്രൂരമായി ദ്വേഷ്യപ്പെടുകയും കാരണം കാണിക്കാതിരുന്നാൽ കഠിനമായി ശിക്ഷിക്കുകയും കൊല്ലുകയും ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുമെന്ന് ധരിക്കാൻ നമുക്ക് എങ്ങനെ സാധിക്കും? പക്ഷികൾ ഒരു പ്രകാരത്തിലും ഇത്തരം ശിക്ഷകൾക്ക് അർഹരല്ല. (27:22)

2. മരംകൊത്തിപ്പക്ഷി (ഹുദ് ഹുദ്) ഒരു സ്ഥലത്തു നിന്ന് മറ്റൊരു വിദൂരമായ സ്ഥലത്തേക്ക് പറക്കാൻ സാധിക്കുന്ന ഒരു പക്ഷിയല്ല. അതുകൊണ്ടു തന്നെ സുലൈമാൻ നബി(അ) ഇത്തരം ഒരു പക്ഷിയെ 'സാബാ' എന്ന ഒരു വിദൂര സ്ഥലത്തേക്കുള്ള പടയോട്ടത്തിൽ ഉൾപ്പെടുത്തുമായിരുന്നില്ല. (27:23).

3. സുലൈമാൻ നബി(അ)യുടെ സന്നിധിയിൽ ബോധിപ്പിച്ച വിഷയങ്ങൾ നാം പരിശോധിച്ചാൽ അതായത്, ഒരു രാജ്യത്തിന്റെ ആവശ്യകതയും, അതിന്റെ സുഭിക്ഷതയും, ഭരണാധികാരിയെപ്പറ്റിയും അവരുടെ സിംഹാസനത്തെപ്പറ്റിയുമുള്ള "ഷേബാ" രാജ്ഞിയുടെ ആഭ്യന്തരമായ എല്ലാ കാര്യങ്ങളും ഒരു പറവയുമായി യാതൊരു പ്രകാരത്തിലും ബന്ധപ്പെടാത്ത കാര്യങ്ങളും അതു നൽകിയെന്ന് എങ്ങനെ വിചാരിക്കാനാകും? (27:24).

4. അതിലും അത്ഭുതമായിട്ടുള്ളത്, അല്ലാഹുവിന്റെ കാര്യം ആത്മീയ കാര്യം വിശകലനം ചെയ്യുന്ന കാര്യമാണ്. ഏകദൈവസിദ്ധാന്തത്തെപ്പറ്റിയും, ബഹുദൈവസിദ്ധാന്തം പൈശാചികമാണെന്നതിനെക്കുറിച്ചും മറ്റും ഒരു പക്ഷി അറിയുകയും പറയുകയും ചെയ്യും എന്ന് വിശ്വസിക്കാമോ? (വചനം 25, 26).

5. ഹുദ് ഹുദിനെ ഒരു കത്തുമായി രാജ്ഞിയുടെ അടുത്തേക്ക് അയച്ചപ്പോൾ അവർ തമ്മിൽ സംസാരം നടന്നിരിക്കും. അപ്പോൾ മരംകൊത്തിയുടെ ഭാഷ ബൽക്കീസ് രാജ്ഞിക്കും അറിയാമായിരുന്നോ? (വചനം: 29).

ഇതൊക്കെ പരിശോധിച്ചാൽ സുലൈമാൻ നബി(അ)യുടെ ദർബാറിൽ രാഷ്ട്രതന്ത്രവിജ്ഞാനീയത്തിൽ പാരംഗതനായ ഒരു ഉദ്യോഗസ്ഥനാണ് ഹുദ്ഹുദ് എന്ന് മനസ്സിലാക്കാവുന്നതാണ്. അദ്ദേഹത്തെ സുലൈമാൻ നബി (അ) ഷേബാ രാജ്ഞിയെക്കുറിച്ചും അവരുടെ ഭരണസംവിധാനത്തെ പ്പറ്റിയും അറിഞ്ഞുവരാൻ അയച്ചതായിരുന്നു. സുലൈമാൻ നബി(അ)യുടെ കാലഘട്ടത്തിൽ ഇങ്ങനെ അമ്പാസിഡർമാരെ അയക്കുന്ന സമ്പ്രദായം ഉള്ളതായി ചരിത്രത്തിൽ കാണുന്നു. മനുഷ്യർക്ക് മൃഗങ്ങളുടെയും പറവകളുടേയും നാമകരണം ചെയ്യപ്പെടാറുണ്ടെന്ന കാര്യം എല്ലാവർക്കും അറിവുള്ള കാര്യമാണ്. "ഹുദ് ഹുദ്" എന്ന നാമം സുലൈമാൻ നബി(അ)യുടെ കാലത്തു വളരെ അറിയപ്പെട്ട ഒരു നാമമായിരുന്നു. ഇസ്രായേലീ രാജാക്കന്മാരുടെ മുമ്പുള്ള എടോമൈറ്റ് (Edomite) രാജാക്കന്മാർക്ക് ഈ പേരുണ്ടായിരുന്നു. ഈ നാമം വളരെ അധികമായും അടിക്കടിയായും പഴയ വേദപുസ്തകത്തിൽ ഉപയോഗിച്ചതായി കാണാം. "മുൻതഹന്നൽ അറബ്" എന്ന ചരിത്ര പുസ്തകത്തിൽ ഷേബായിലെ രാജ്ഞിയായ ബൽക്കീസിന്റെ പിതാവിന്റെ പേര് "ഹുദ് ഹുദ്' എന്നു കാണുന്നു. ചുരുക്കത്തിൽ ഷേബായിലെ രാജ്ഞിയായ ബൽക്കീസ് രാജ്ഞിയുടെ രാജ്യത്തെ പ്പറ്റിയുള്ള എല്ലാ വിവരങ്ങളും ശേഖരിക്കാൻ സുലൈമാൻ നബി(അ)ചുമതലപ്പെടുത്തിയ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു "ഹുദ് ഹുദ്", അല്ലാതെ മരംകൊത്തിപ്പക്ഷിയല്ല.

സിംഹാസനം കണ്ടശേഷം രാജ്ഞി ദൈവേതരശക്തികളെ ആരാധിക്കുന്നതിൽ നിന്നും വിശ്വസിക്കുന്നതിൽ നിന്നും വിരമിക്കാൻ തുടങ്ങി. അതിനുശേഷം രാജ്ഞിയോട് കൊട്ടാരത്തിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടു. കൊട്ടാരകവാടത്തിൽ താഴെവെള്ളം നിറച്ച ഒരു സംഭരണി ഉണ്ടാക്കി അതിന്മേൽ സ്ഫടികം വിരിച്ചിരുന്നു. പെട്ടെന്ന് ഒറ്റനോട്ടത്തിൽ വെള്ളം നിറഞ്ഞുനിൽക്കുന്ന ഒരു സ്ഥലമായിത്തോന്നും. ഇതു കണ്ട് വെള്ളമാണെന്ന ധാരണയിൽ രാജ്ഞി താൻ ധരിച്ച വസ്ത്രം നനയാതിരിക്കാൻ അല്പം പൊക്കി. അപ്പോൾ സുലൈമാൻ നബി(അ) പറഞ്ഞു: "വിഷമിക്കേണ്ട, വെള്ള സംഭരണിയുടെ മേലെ ഗ്ലാസ്സ് വിരിച്ചതാണെ"ന്നു പറഞ്ഞു. ബുദ്ധിമതിയായ രാജ്ഞി അപ്പോൾ ത്തന്നെ പ്രതിവചിച്ചു: "അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനെ തെറ്റിലേക്ക് നയിച്ചുപോയി. ഞാൻ ഇപ്പോൾ സുലൈമാനോടൊപ്പം സർവ്വലോകരക്ഷിതാവിന്റെ തിരുസന്നിധിയിൽ എന്നെ അർപ്പണം ചെയ്യുന്നു".

ഇവിടെ സംഭവിച്ചതിന്റെ പിന്നിലും പല അന്ധവിശ്വാസങ്ങളും കഥകളും പ്രചാരത്തിൽ ഉണ്ട്. സുലൈമാൻ നബി(അ)ക്ക് ബൽക്കീസ് രാജ്ഞിയെ ഭാര്യയായി സ്വീകരിക്കാൻ ആഗ്രഹമുണ്ടായിരുന്നു. അവരെക്കുറിച്ചന്വേഷിച്ചപ്പോൾ അവരുടെ കണങ്കാലിൽ നിറയെ രോമമുണ്ടെന്ന വിവരമാണ് ലഭിച്ചതെന്നും ഇതു പരിശോധിക്കാൻ വേണ്ടിയാണ് മേൽപ്രസ്താവിച്ച താഴെ വെള്ളവും മേലെ ഗ്ലാസ്സും വെച്ചതെന്നും രാജ്ഞി പെട്ടെന്ന് വസ്ത്രം പൊക്കിയപ്പോൾ അദ്ദേഹത്തിന് കണങ്കാൽ കാണാൻ സാധിച്ചെന്നും പിന്നീട് അദ്ദേഹം അവരെ വിവാഹം ചെയ്തുവെന്നുമാണ് കഥ. എന്നാൽ ബൈബിളിൽ പറയുന്ന വിവരണമനുസരിച്ചു അവളെ ഭാര്യയാക്കി സ്വീകരിച്ചതുകൊണ്ടു സുലൈമാൻ നബി(അ) അവളെ സന്തോഷിപ്പിക്കാൻ ഏകദൈവസിദ്ധാന്തങ്ങളിൽ നിന്ന് കുറച്ചുകാലം വിട്ടുനിന്നതായും ദൈവേതര ശക്തിയെ ആരാധിച്ചതായും പറയുന്നു.

ഏതായാലും ആദ്യത്തെ സിംഹാസനത്തിലും യാതൊരു പ്രതിമകളേയും കാണാതിരുന്നപ്പോൾ ത്തന്നെ രാജ്ഞിക്ക് സംഗതി പിടികിട്ടുകയും അവർ ഏകദൈവസിദ്ധാന്തത്തിലേക്ക് അടുത്തുവരികയും ചെയ്തു. പിന്നീട് അടിയിൽ വെള്ളം നിറച്ചു മേലെ ഗ്ലാസ്സ് വിരിച്ച കാഴ്ച കണ്ടപ്പോൾ അവർ കൂടുതൽ ഏകദൈവസിദ്ധാന്തത്തിൽ ആകർഷിക്കപ്പെടുകയും തനിക്ക് പറ്റിയ തെറ്റു മനസ്സിലാക്കുകയും ഒരു ഏകദൈവവിശ്വാസിനിയായി മാറുകയുമാണ് ചെയ്തത്. കാരണം സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെല്ലാം ദൈവമായി ആരാധിക്കപ്പെട്ടത് മേലെ പാകിയ ഗ്ലാസ്സ് വെള്ളമായി കരുതിയത് പോലെ ആയിരുന്നു. സുലൈമാൻ നബി(അ) ഈ മാർഗ്ഗം അവലംബിച്ചത് തന്നെ അവരുടെ ശ്രദ്ധ തിരിക്കാനായിരുന്നു. അതായത്, ഗ്ലാസ് പാകിയത് അവർ വെള്ളമായി തെറ്റിദ്ധരിച്ചു. അതേപ്പോലെ സൂര്യനും മറ്റു ആകാശഗോളങ്ങളും രാജ്ഞി ആരാധിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളും യഥാർത്ഥ വെളിച്ചമല്ല. അതൊക്കെത്തന്നെ നിർജ്ജീവ വസ്തുക്കളാണ്. സർവ്വലോക രക്ഷിതാവായ അല്ലാഹുവാണ് ആ വെളിച്ചം നൽകിയത്. ഈ ബുദ്ധിപരമായ തന്ത്രം അവരുടെ ഏകദൈവവിശ്വാസത്തെ കൂടുതൽ ദൃഢീകരിച്ചു. നാം കാണുന്ന കണ്ണഞ്ചിപ്പിക്കുന്ന വസ്തുക്കൾക്കുപിന്നിൽ ഒരു പരാശക്തിയുടെ കരങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന ഒരു തിരിച്ചറിവിൽ അവർ എത്തിച്ചേരുകയും അങ്ങനെ സുലൈമാൻ നബി(അ)ക്ക് അവർ കീഴടങ്ങുകയും ചെയ്തു.

ബൈബിളിൽ പ്രവാചകന്മാരെ വളരെ ജുഗുപ്സാവഹമായ രീതിയിൽ അവഹേളിക്കുന്നുണ്ട്. സുലൈമാൻ നബി(അ)യെപ്പറ്റി പറഞ്ഞ ആക്ഷേപവും അതിൽപ്പെടുത്തിയാൽ മതി. ലൂത്ത് നബി (അ) മദ്യപിച്ചു സ്വന്തം പെൺമക്കളുടെ കൂടെ ശയിച്ചതായി പ്പോലും ബൈബിളിൽ ഉണ്ട്. ഇതിനൊക്കെ മറുപടിയായി ഒരു പ്രവാചകന്റെ പരിശുദ്ധിയെക്കുറിച്ച് വിശുദ്ധ ഖുർആൻ വിവരിച്ചു മനസ്സിലാക്കിത്തരികയാണ്. പ്രവാചകന്മാരെല്ലാം പരിശുദ്ധരും പാപവിമുക്തരുമാണെന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന പാഠം.

സുലൈമാൻ നബി(അ) ധാരാളം കപ്പലുകൾ നിർമ്മിക്കുകയും അതനുസരിച്ച് കടൽമാർഗ്ഗം വിപുലമായ രീതിയിൽ കച്ചവടം നടത്തുകയും ചെയ്തിരുന്നു. അതിൽ പ്രവർത്തിച്ചിരുന്നവരിൽ ബനൂ ഇസ്രായേല്യർക്ക് പുറമെയുള്ളവരും ഉണ്ടായിരുന്നു. 1 രാജാക്കന്മാർ 9:20, 21ൽ ഈ കാര്യം നമുക്കു

വായിക്കാം. ആ കാലഘട്ടത്തിൽ കപ്പലുകൾ കാറ്റിന്റെ സഹായത്തോടെയാണ് സഞ്ചരിച്ചിരുന്നത്. അതിന് പായക്കപ്പൽ എന്നാണ് പേര്. ആ കാലത്ത് നൗകകൾ യന്ത്രവൽകൃതമായിരുന്നില്ല. പേർഷ്യൻ ഗൾഫിലെ മിക്ക രാജ്യങ്ങളുമായി സുലൈമാൻ നബി(അ) വാണിജ്യബന്ധം സ്ഥാപിച്ചിരുന്നു. അതിനുപയോഗിച്ച സമുദ്രങ്ങൾ മെഡിറ്ററേനിയൻ കടലും ചെങ്കടലും ആയിരുന്നു. അദ്ദേഹം വെള്ളികൊണ്ടുള്ള പല സാധനങ്ങളും നിർമ്മിച്ച് വില്പന നടത്തിയതായും, കുതിരകളെ അധികമായി വിൽപന നടത്തിയതായും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(1 രാജാക്കന്മാർ 27: 24) ഇതു കൂടാതെ മുങ്ങൽ വിദഗ്ധന്മാരെക്കൊണ്ടു സമുദ്രങ്ങളിൽ നിന്നു മുത്തുകൾ വാരിച്ചിരുന്നു. ഇങ്ങനെ നോക്കിയാൽ അദ്ദേഹത്തിന്റെ ഭരണകാലം എല്ലാ മണ്ഡലങ്ങളിലും വളരെ അധികം പുരോഗതി പ്രാപിച്ചിരുന്നതായി നമുക്ക് കാണാം. അദ്ദേഹം ഒരു ബനൂഇസ്രായേൽ പ്രവാചകനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കീഴിൽ സമുദ്രത്തിൽ മുങ്ങി പവിഴങ്ങൾ എടുക്കുന്നവരും, ലോഹങ്ങൾ കൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നവരുമായ ശക്തരായ മലപ്രദേശ നിവാസികൾ വലിയ തോതിൽ ഉപയോഗപ്പെടുത്തപ്പെട്ടിരുന്നു. അവരെപ്പറ്റി ജിന്നെന്നും, ശയാത്തീനെന്നുമുള്ള പദങ്ങൾ കൊണ്ടു വിശേഷിപ്പിച്ചതായി കാണാം. ഏതെങ്കിലും ഒരു കാര്യത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ ശൈത്താൻ എന്നു പറയുന്നു. ആ അർത്ഥത്തിലാണ് ഇവിടെ ശയാത്തീൻ എന്ന വാക്ക് ഉപയോഗിച്ചത്. ബൈബിളിൽ നിന്നു മനസ്സിലാകുന്നത് ഇവരിൽ ആശാരിമാരും ഇരുമ്പു കൊണ്ടുള്ള സാമഗ്രികൾ ഉണ്ടാക്കുന്നവരും മുങ്ങൽ വിദ്ഗ്ദ്ധരും ഉൾപ്പെട്ട പതിനായിരക്കണക്കിന് ആളുകൾ അദ്ദേഹത്തിന്റെ വ്യൂഹത്തിലുണ്ടായിരുന്നു എന്നാണ്. ചുരുക്കത്തിൽ കാറ്റിനെ അധീനപ്പെടുത്തുക എന്നു പറയുമ്പോൾ ആ കാലത്ത് സുലൈമാൻ നബി(അ)യുടെ അധീനത്തിൽ ശക്തമായ മർച്ചന്റ് നേവി വ്യൂഹമുണ്ടായിരുന്നു എന്നാണർത്ഥം. കാലാവസ്ഥാ മാറ്റങ്ങൾക്കൊപ്പം നിശ്ചിതകാലങ്ങളിൽ നിശ്ചിതദിശകളിൽ നിന്നു വീശിയടിക്കുന്ന വാണിജ്യ വാതകങ്ങൾ എന്നറിയപ്പെടുന്ന കാറ്റുകളുടെ ഗതിവിഗതികളെക്കുറിച്ചു സുലൈമാൻ നബി (അ)ക്ക് അവഗാഹം ഉണ്ടായിരുന്നു. അതാണ് കാറ്റിനെ അധീനപ്പെടുത്തി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ചുരുക്കത്തിൽ അല്ലാഹു സുലൈമാൻ നബി(അ) ക്ക് എല്ലാവിധ അനുഗ്രഹങ്ങളും നൽകിയിരുന്നു. അതിൽ അമാനുഷികത കല്പിച്ചു അതിനെ ഒരു വേതാളകഥയായി വ്യാഖ്യാതാക്കൾ മാറ്റിയിരിക്കയാണ്. ■

---

*(9-ാം പേജിൽ നിന്ന് തുടർച്ച)*

ക്കൊണ്ടിരിക്കാൻ എന്താണ് കാരണം? പ്രകൃതിനിയമങ്ങളെക്കുറിച്ച് മനുഷ്യന്ന് അനുദിനമെന്നോണം വർദ്ധിച്ചുവരുന്ന അറിവും പ്രകൃതി ശക്തികളുടെമേൽ അവന്ന് കൈവന്നിട്ടുള്ള വർദ്ധമാനമായ നേട്ടങ്ങളും നമ്മിൽ ഓരോരുത്തർക്കും തന്നെ, പൂർവ്വോപരി സമ്പന്നവും സുഖസമൃദ്ധവുമായ ജീവിതത്തിലേയ്ക്കുള്ള വഴി തുറന്നിട്ടിരിക്കുന്നതിനെതുടർന്ന് ദുർമ്മോഹം, സ്വാർത്ഥത, ചൂഷണം, പരാക്രമം തുടങ്ങിയവ - ഇതൊക്കെയാണ് തങ്ങളുടെ പ്രഭാവത്തിന്നും പുരോഗതിയ്ക്കുമുള്ള അടിസ്ഥാനങ്ങളെന്നാണല്ലോ ഈ ആയുധങ്ങളെടുത്തുപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളവർ തെറ്റായിട്ടാണെങ്കിലും കരുതിവന്നിട്ടുള്ളത്! ദുസ്സ്വാധീനങ്ങൾക്കൊന്നും സ്ഥാനമില്ലാത്ത ഒരു പുതിയ യുഗം സൃഷ്ടിയ്ക്കപ്പെടുമെന്ന് പലരും കരുതിയിരുന്നതാണ്. സാർവ്വത്രികമായ ക്ഷേമാഭിവൃദ്ധി ചിലർ മറ്റു ചിലരുടെ മേൽ നടത്തുന്ന ചൂഷണവും മേധാവിത്വവും കൊണ്ടല്ല, മറിച്ച് കൂട്ടായ പ്രവർത്തനവും പരസ്പര സഹകരണവും മുഖേനയാണ് കൈവരികയെന്ന സത്യം നിത്യേന തെളിഞ്ഞുവരികയും എല്ലാ രംഗങ്ങളിലുമുള്ള അനുഭവങ്ങളിലൂടെ വീണ്ടും വീണ്ടും സ്ഥിരീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണെന്നത് നിർവ്വിവാദമാണ്. ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള ജനതതികളെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നതിനാവണം നമ്മുടെ നിരന്തര ശ്രമം.

ഔദ്യോഗികവും ഭരണപരവും നിയമനിർമ്മാണപരവും നീതിന്യായ നിർവ്വഹണപരവുമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും, പരസ്പര ബാദ്ധ്യതകളെക്കുറിച്ചുള്ള നമ്മുടെ ധാരണയെ, ധാർമ്മികവും ആത്മീയവുമായ നിലവാരത്തിൽതന്നെ ആഴത്തിലുറപ്പിക്കുവാൻ ഒറ്റയ്ക്കും കൂട്ടായും, നാം അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതുണ്ട്.

ഇസ്ലാം ഈ ധാരണയെ മുസ്ലിംകളിലും മനുഷ്യ സമുദായത്തിലൊട്ടുക്കും ഉത്തേജിപ്പിക്കാനും ഊട്ടിയുറപ്പിക്കുവാനുമാണ് ശ്രമിക്കുന്നത്. നാമോരോരുത്തരും നമ്മുടെ കടമകളും ബാദ്ധ്യതകളും വേണ്ടവിധം നിറവേറ്റിക്കൊണ്ട് എല്ലാവർക്കും വേണ്ടി സ്വാതന്ത്ര്യവും നീതിയും സമത്വവും പരിരക്ഷിക്കുന്നതിന്ന് സഹായിക്കുകയും, മനുഷ്യക്ഷേമവും സാമൂഹ്യവും സാമ്പത്തികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ എല്ലാരംഗങ്ങളിലും പുരോഗതിയും വളർത്തുന്നതിനുവേണ്ടി കടമകളെയും കടപ്പാടുകളെയും കുറിച്ച് ഊന്നിപ്പറയുകയും ചെയ്യുന്നു. വിസ്ഫോടകമായ ഈ ലോകത്തിലെ പരിവർത്തനാത്മകവും വികസ്വരവുമായ എല്ലാ പരിതഃസ്ഥിതികളിലും വ്യക്തിപരവും കുടുംബപരവും ദേശീയവും അന്തർദ്ദേശീയവുമായ ജീവിത മണ്ഡലങ്ങളിലുമെല്ലാം നന്മ വിളയാടുന്ന ഒരു സാമൂഹ്യ ജീവിതക്രമം കെട്ടിപ്പടുക്കാൻ ഇസ്ലാം ശ്രമിക്കുന്നു. ഈ ഉദ്ദേശ്യാർത്ഥം അത് ചില വിശ്വാസങ്ങളുടെയും കർത്തവ്യങ്ങളുടെയും കടമകളുടെയും ബാദ്ധ്യതകളുടെയും ഉൽബോധനങ്ങളുടെയും അനുവാദങ്ങളുടെയും ഒരു ചട്ടക്കൂട് ഒരുക്കിത്തന്നിരിക്കുകയാണ്. എല്ലാ രംഗങ്ങളിലും എല്ലാ നിലവാരങ്ങളിലുമുള്ള മാർഗ്ഗദർശനങ്ങളും അത് നമുക്ക് പ്രദാനം ചെയ്തിട്ടുമുണ്ട്.

***(ഇസ്ലാമും മനുഷ്യാവകാശങ്ങളും പേജ് 22-27. വിവർത്തകൻ: എൻ. അബ്ദുറഹിം)*** ■

ലേഖനം

'ശബാബി'ന്റെ വിമർശനത്തിനൊരു മറുപടി

# ഹസ്റത്ത് മുഹമ്മദ് നബി (സ)- ഒരാത്മീയ പ്രഭാപൂരം

മൗലവി മുഹമ്മദ് ഉമർ, കോഴിക്കോട്

**അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരോ (അ) ടുള്ള അന്ധമായ ശത്രുത കാരണം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെപ്പോലും ഇക്കൂട്ടർ പുറം തള്ളുകയാണ്.**

അനുരക്തി, അനുരാഗം, പ്രേമം എന്നീ പേരുകളിൽ അറിയപ്പെടുന്ന സൂക്ഷ്മവും ലോലവും ആയ വികാരം ഒരാത്മീയാനുഭൂതിയാണ്. ഒരു ഉർദു കവി പാടുന്നു:

മഹബ്ബത് കൊ സമഝ്നാഹൈ തൊ

നാസിഹ് ഖുദ് മഹബ്ബത് കർ,

കിനാരേപർ ഖഡേ അന്ദാസയെ

തൂഫാൻ നഹി ഹോതാ-

അല്ലയോ ഉപദേശകാ, സ്നേഹം അനുരാഗം എന്നൊക്കെപ്പറയുന്നതെന്താണെന്നറിയുവാൻ നീ സ്വയം പ്രേമിച്ച് നോക്കുക. തീരത്തിൽ നിന്നുകൊണ്ടു സമുദ്രത്തിലുണ്ടാകുന്ന കൊടുങ്കാറ്റിനെക്കുറിച്ചറിയുവാൻ സാധിക്കുന്നതല്ല.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് അഹ്മദിന്ന് തന്റെ ഗുരുഭൂതരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയോടുണ്ടായിരുന്ന അനുരക്തിയെക്കുറിച്ചനുമാനിക്കാൻ ആർക്കും തന്നെ സാദ്ധ്യമല്ല. അതേ പ്രകാരം വെറുപ്പ്, വിദ്വേഷം, പക, വൈരാഗ്യം എന്നീ പൈശാചിക ഗുണങ്ങളുടെ വിളനിലമായ ഒരു കുടില മാനസകന്ന് 'ഇശ്ഖെ മുഹമ്മദി' എന്നാൽ എന്താണെന്ന് അറിയുവാൻ സാധിക്കുന്നതല്ല. അത് കൊണ്ടാണ് ഹസ്റത്ത് അഹ്മദിന് (ഏറ്റവും സ്തുതിക്കുന്ന ആൾ) (അ) ഹസ്റത്ത് മുഹമ്മദ് (ഏറ്റവും അധികം സ്തുതിക്കപ്പെടുന്ന ആൾ) നബി (സ.അ) യെക്കുറിച്ചുണ്ടായിരുന്ന അനുരാഗത്തെക്കുറിച്ചറിയാനാകാതെ 'ശബാബി'ൽ 2004 ഏപ്രിൽ 9-ാം തീയതിയിലെ മുഖാമുഖത്തിൽ 'മുസ്ലിം' പലതും പുലമ്പിയിരിക്കുന്നത്. അതെ, ഹസ്റത്ത് റസൂൽ തിരുമേനി (സ) യെക്കുറിച്ച് അല്പമെങ്കിലും ആദരവും അനുരക്തിയുമുള്ള ഒരു മുസ്ലിമിന്റെ തൂലികയിൽ നിന്നും ഇത്രമാത്രം പരിഹാസ ദ്യോതകമായ വാക്കുകൾ ഹസ്റത്ത് അഹ്മദി (റ) നെക്കുറിച്ച് പ്രകടിപ്പിക്കുമായിരുന്നില്ല. ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിനെക്കുറിച്ച് മുസ്ലിം നാമധാരികളായ മുല്ലാക്കൾ കുഫ്റ്ഫത്വ പുറപ്പെടുവിച്ചപ്പോൾ അദ്ദേഹം എപ്രകാരമാണ് പ്രതികരിച്ചിരുന്നതെന്നു നോക്കുക.

ബഅദസ് ഖുദാ ബഇശ്ഖെ മുഹമ്മദ് മുഖമ്മറം

ഗർ കുഫ്ർ ഈൻ ബവദ് ബഖുദാ സഖ്ത് കാഫിറം

ഹർതാറെ പൗദെമൻ ബസറായദ് ബഇശ്ഖെ ഊ

അബ് ഖുദ് തഹീ വ അസ്ഗമെആൻ ദിലസ്താൻ പുറം

അതായത്, അല്ലാഹുവിനോടുള്ള ഭയഭക്തിയും റസൂൽ തിരുമേനിയോടുള്ള അനുരക്തിയുമാണ് എന്റെ കുഫ്റിനുള്ള കാരണമെങ്കിൽ ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുകയാണ്, ഏറ്റവും കടുത്ത കാഫിറാണ് ഞാൻ. കാരണം, എന്റെ നാഡിഞരമ്പുകളിൽ ആ പുണ്യാത്മാവിനോടുള്ള പ്രേമം പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സുഖദു:ഖവേളകളിലും എന്റെ ഹൃദയം തിരുമേനിയോടുള്ള സ്നേഹാതിരേകത്താൽ നിറഞ്ഞു തുളുമ്പുകയാണ്.

സത്യനിഷേധികൾ അദ്ദേഹത്തെ കാഫിറാക്കി പ്രഖ്യാപിക്കുകയും വധാർഹനാണെന്നു വിധിക്കുകയും അങ്ങേയറ്റം വിഷമിപ്പിക്കുകയും ചെയ്തപ്പോൾ അദ്ദേഹം പ്രതികരിച്ചതിപ്രകാരമായിരുന്നു:

അയേ ദിലെ തു നീസ്ഖാതിർ ഈനാൻ നിഗാഹെ ദാർ

കാഫിർ കുനന്ത് ദഅ്വയെ ഹുബ്ബേ പൈഗംബറം.

എന്റെ ഹൃദയമേ, നീ സാന്ത്വനപ്പെടുക, എന്നെ ചീത്ത വിളിക്കുകയും അവഹേളിക്കുകയും കല്ലെറിയുകയും ചെയ്യുന്ന മുസ്ലിംകൾ എന്റെ പ്രേമഭാജനമായ മുഹമ്മദു നബി (സ) യോടുള്ള സ്നേഹാതിരേകം നിമിത്തമാണല്ലോ തെറ്റിദ്ധാരണകൾക്ക് വശംവദരായി ഇപ്രകാരം ചെയ്തുകൊണ്ടിരിക്കുന്നത്.

എന്നാൽ ഹസ്റത്ത് മുഹമ്മദു നബി(സ)യെ എതിർക്കുകയും ഭത്സിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവർക്കെതിരെ അദ്ദേഹം സടകുടഞ്ഞെഴുന്നേറ്റ സിംഹത്തെപ്പോലെ ഗർജ്ജിക്കുകയുണ്ടായി. ആര്യ സമാജ നേതാവായിരുന്ന പണ്ഡിറ്റ് ലേഖറാം ഹസ്റത്ത് നബി കരിം (സ) നെ അവഹേളിക്കുകയും നിന്ദിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അദ്ദേഹം അയാളെ അഭിസംബോധന ചെയ്തു പറഞ്ഞു:

അലാ അയെ ദുശ്മനെ നാദാനൊ ബേറാഹ്

ബതർസ് അസ് തൈഗെ ബുർറാനെ മുഹമ്മദു.

അല്ലയോ വിഡ്ഢിയും വഴിപിഴച്ചവനുമായ ശത്രുവേ! മുഹമ്മദി (സ) ന്റെ വെട്ടിത്തിളങ്ങുന്ന ഖഡ്ഗത്തെ നീ ഭയപ്പെടുക. അതെ, അതുപോലെത്തന്നെ സംഭവിച്ചു! ആ പണ്ഡിറ്റിന്റെ അന്ത്യം മുഹമ്മദി (സ) ന്റെ വെട്ടിത്തിളങ്ങുന്ന അദൃശ്യ ഖഡ്ഗം മുഖേന തന്നെ സംഭവിച്ചു.

ഒരിക്കൽ ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) ഒരു യാത്രാമദ്ധ്യേ ലാഹോർ സ്റ്റേഷനിൽ വണ്ടി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്പോൾ അവിടെ ആഗതനായ പണ്ഡിറ്റ് ലേഖറാം ഹിന്ദു ആചാരമനുസരിച്ച് അദ്ദേഹത്തിന്റെ മുമ്പാകെ വന്ന് നമസ്കാരം എന്നു പറഞ്ഞു. ഹസ്റത്ത് അവർകൾ ഒന്നും മിണ്ടാതെ മുഖം തിരിച്ചു കളഞ്ഞു. വീണ്ടും അയാൾ വന്നു നമസ്കാരം പറഞ്ഞപ്പോഴും അദ്ദേഹം ഒന്നും മിണ്ടിയില്ല. അങ്ങനെ ഇളിഭ്യനായ അയാൾ അവിടുന്നു നടന്നു മറഞ്ഞു. ഈ ദൃശ്യം കണ്ട ഒരാൾ ഹുസൂറിനോടു "ലേഖറാം വന്നു അങ്ങയ്ക്ക് സലാം പറയുകയുണ്ടാ"യെന്നു പറഞ്ഞു. അപ്പോൾ ഹുസൂർ അഭിമാന വിജൃംഭിതനായി."നമ്മുടെ യജമാനനെ ചീത്ത പറയുകയും നമുക്കു സലാം പറയുകയുമാണോ" എന്ന് ചോദിക്കുകയുണ്ടായി.

അദ്ദേഹം തന്റെ പൈഗാമെസുൽഹ് (മൈത്രീ സന്ദേശം) എന്ന ഗ്രന്ഥത്തിലെഴുതുന്നു:

"നമ്മുടെ ബഹുമാനത്തിന് പാത്രീഭൂതരായ ഹസ്റത്ത് മുഹമ്മദ് നബി (സ) യെ ക്കുറിച്ച് ദൈവഭയമില്ലാതെ അസഭ്യവാക്കുകൾ പറയുകയും മോശപ്പെട്ട കുറ്റാരോപണങ്ങൾ നടത്തുകയും ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കാത്തവരോടു നാമെങ്ങനെയാണ് സന്ധി ചെയ്യുക.? നാം സത്യമാണു പറയുന്നത്, നാം വനാന്തരങ്ങളിലുള്ള പാമ്പുകളോടും ക്ഷുദ്രജീവികളോടും മണലാരണ്യത്തിലെ ചെന്നായ്ക്കളോടും സന്ധി ചെയ്യുന്നതാണ്! എന്നാൽ നമ്മുടെ ജീവനേക്കാളും മാതാപിതാക്കളേക്കാളും പ്രിയംകരനായ ഹസ്റത്ത് മുഹമ്മദു നബി (സ) യോട് നിന്ദ്യമായി ആക്രമണം നടത്തുന്നവരോടു ഒരിക്കലും സന്ധി ചെയ്യുന്നതല്ല" (പൈഗാമെസുൽഹ്)

അതെ, തന്റെ ആത്മീയ ഗുരുവായ മുഹമ്മദു നബി(അ) യെ എതിർക്കുന്നവരോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു.

ഒരിക്കൽ ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഖാദിയാനിലെ മസ്ജിദു മുബാറക്കിൽ ഏകനായി എന്തോ ഉരുവിട്ടുകൊണ്ട് ഉലാത്തിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്നും കണ്ണീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. ആ അവസരത്തിൽ ഒരാൾ വന്നു നോക്കിയപ്പോൾ ഹസ്റത്ത് റസൂൽ തിരുമേനി (സ) യുടെ വഫാത്തിനുശേഷം ഒരു സുപ്രസിദ്ധ കവിയായിരുന്ന ഹസ്റത്ത് ഹസ്സാൻ ബിൻ ഥാബിഥിന്റെ ഒരു കവിതാശകലം ഉരുവിടുകയായിരുന്നു വാഗ്ദത്ത മസീഹ്. അതായത് ,

കുൻത്തസ്സവാദ ലിനാളിരീ

ഫ അമീ അലൈക്ക ന്നാളിറു

മൻശാഅ ബഅ്ദക്ക ഫൽയമുത്ത്

ഫ അലൈക്ക കുൻത്തു ഉഹാദിറു

അതായത്, (മുഹമ്മദു നബിയേ!) അങ്ങുന്നു എന്റെ കണ്ണിന്റെ കൺമണിയായിരുന്നു. അങ്ങയുടെ വിയോഗം എന്നെ അന്ധനാക്കിയിരിക്കുന്നു. അങ്ങേയ്ക്കുശേഷം ആരു വേണമെങ്കിലും മരിച്ചുകൊള്ളട്ടെ. എന്റെ ഉൽകണ്ഠ അങ്ങയെക്കുറിച്ചു മാത്രമായിരുന്നു.

നിവേദകൻ പറയുന്നു, ഹുസൂർ (അ) ഇപ്രകാരം വിവരിക്കുന്നത് കണ്ട ഞാൻ പരിഭ്രമിച്ചു കൊണ്ട് അങ്ങുന്നെന്തിനാണ് വിലപിക്കുന്നതെന്നു ചോദിച്ചു. അപ്പോൾ ഹുസൂർ തിരുമനസ്സ് (അ) താൻ ഹസ്സാൻ ബിൻ ഥാബിഥിന്റെ ഈ കവിതാശകലം ഉരുവിടുകയായിരുന്നു എന്നും ഈ കവിത തന്റെ നാവിൽ നിന്നും ഉതിർന്നു വീണതായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ എന്നാഗ്രഹിച്ചു പോയി എന്നരുൾ ചെയ്യുകയുണ്ടായി.

ഹസ്റത്ത് വാഗ്ദത്ത മസീഹിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ കഠിനമായ പരീക്ഷണങ്ങളും ദു:ഖങ്ങളും ഞെരുക്കങ്ങളും എതിർപ്പുകളും തരണം ചെയ്യേണ്ടിവന്നിട്ടുണ്ട് എന്ന യാഥാർത്ഥ്യം എല്ലാവർക്കുമറിയാം. പരീക്ഷണങ്ങളുടെ കൊടുങ്കാറ്റുകൾ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിരുന്നു. അദ്ദേഹത്തിനെതിരിൽ കൊലക്കുറ്റം ചുമത്തി കേസ്സെടുക്കപ്പെടുകയുണ്ടായി. തന്റെ മക്കളും ബന്ധുക്കളും സുഹൃത്തുക്കളും മരണപ്പെട്ട കാഴ്ച കാണേണ്ടിവന്നിരുന്നു. എന്നാൽ ഒരിക്കലും തന്നെ അദ്ദേഹം വികാരപരവശനായി കണ്ണീർ വാർക്കുകയുണ്ടായില്ല. എന്നാൽ ഇവിടെ എന്താണു സംഭവിച്ചിരിക്കുന്നത്? തന്റെ പ്രണയിതാവായ ഹ: മുഹമ്മദു നബി (സ) തിരുമേനിയുടെ വിയോഗത്തെ – അതും 1300 സംവത്സരങ്ങൾക്ക് മുമ്പ് നടന്ന ആ ദുരന്ത സംഭവ

ത്തെക്കുറിച്ചോത്തോർത്തു അദ്ദേഹം കണ്ണീർ വാർക്കുകയാണ്. ഇത് അദ്ദേഹത്തിനു ആ പുണ്യാത്മാവി(സ) നോടുള്ള അളവറ്റ സ്നേഹാതിരേകത്തിന്റെ ബഹിർ പ്രകടനമായിരുന്നു.

ഒരു കേസ്സിൽ വിദ്വേഷിയായ ഒരു മജിസ്ട്രേറ്റ് അദ്ദേഹത്തിനു ശിക്ഷ നൽകുവാനുള്ള തീരുമാനമെടുക്കുന്നു. മിർസാ തന്റെ മുന്നിൽപ്പെട്ട ഒരു ഇരയാണെന്നും എപ്പോൾ വേണമെങ്കിലും താൻ അദ്ദേഹത്തെ തന്റെ വലയിൽ വീഴ്ത്തുന്നതാണെന്നും അയാൾ ആക്രോശിച്ചിരുന്നു. ഈ വിവരമറിഞ്ഞ ഹസ്റത്ത് അഹ്മദ് (അ) വികാരാവേശത്തോടെ അരുൾ ചെയ്തു: "ഞാൻ അയാളുടെ ഇരയല്ല, അല്ലാഹുവിന്റെ സിംഹമാണ്. ഈ സിംഹത്തിന്റെ മേൽ അയാൾ തന്റെ കയ്യൊന്നു വെച്ചു നോക്കട്ടെ." അതേ പ്രകാരം തന്നെ ആ മജിസ്ട്രേറ്റ് തന്റെ തീർപ്പു കല്പിക്കുന്നതിനു മുമ്പ് തന്നെ ഹൃദയസ്തംഭനം മൂലം മരണമടഞ്ഞു. ഇത്രമാത്രം സ്ഥൈര്യവും ധൈര്യവും ഉള്ള ആ ധീരാത്മാവ് തന്റെ പ്രേമഭാജനമായ മുഹമ്മദ് നബി(സ)യുടെ സ്മരണയിൽ വ്യസനാക്രാന്തനായി, ദു:ഖാർത്തനായി വിലപിക്കുന്ന കാഴ്ചയാണു നമുക്കു കാണാൻ സാധിക്കുന്നത്.

അതേ പ്രകാരം താൻ ജീവനേക്കാൾ ഉപരിയായി സ്നേഹിക്കുന്ന ആ പരിശുദ്ധാത്മാവിനെക്കുറിച്ചു ആരെങ്കിലും അഹിതമായിപ്പോലും വല്ലതും പറഞ്ഞാൽ അദ്ദേഹത്തിന്റെ മനസ്സ് നൊമ്പരപ്പെടുമായിരുന്നു. അദ്ദേഹം ഇപ്രകാരം എഴുതി:

"ക്രിസ്തീയ മിഷ്യനറിമാർ നമ്മുടെ പ്രിയപ്പെട്ട റസൂൽ കരിം (സ) നെതിരായി അസംഖ്യം വ്യാജാരോപണങ്ങൾ കെട്ടിച്ചമക്കുകയും തങ്ങളുടെ ദജൽ (കള്ളം) കാരണമായി അനേകരെ വഴിപിഴപ്പിക്കുകയുമുണ്ടായി. ഇക്കൂട്ടർ നമ്മുടെ റസൂലിന്നെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എന്നെ കടുത്ത ദു:ഖത്തിലാഴ്ത്തിയത്പോലെ മറ്റൊരു സംഭവവും എന്നെ അത്രത്തോളം ദു:ഖത്തിലാഴ്ത്തിയിട്ടില്ല. ഖൈറുൽ ബശർ ആയ ആ പുണ്യപാദന്നെതിരിൽ ഇവരുടെ നിന്ദാത്മകമായ ജല്പനങ്ങൾ എന്റെ ഹൃദയത്തെ കീറിമുറിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറയട്ടെ, എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും സന്തത സഹചാരികളും എന്റെ കൺമുമ്പാകെ അറുകൊല ചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾ വെട്ടിനുറുക്കപ്പെട്ടാലും എന്റെ കൃഷ്ണമണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എന്റെ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും വിനഷ്ടമായിപ്പോയാലും എന്റെ എല്ലാ സുഖസൗകര്യങ്ങളും കവർന്നെടുക്കപ്പെട്ടാലും അവയെക്കാളൊക്കെ എനിക്ക് അസഹ്യമായി അനുഭവപ്പെടുക ഹ: റസൂൽ തിരുമേനി (സ) ക്കെതിരായി ചെയ്യപ്പെടുന്ന ഈ നീചമായ കുറ്റാരോപണങ്ങളാണ്.

(ആയിനയെ കമാലാത്തെ ഇസ്ലാം ഭാ 15)

ഇങ്ങനെ തന്റെ എല്ലാമെല്ലാമായ ഹസ്റത്ത് മുഹമ്മദു നബി(സ) യെ പ്രകീർത്തിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ് (അ) ധാരാളം ഗദ്യങ്ങളും പദ്യങ്ങളും രചിക്കുകയുണ്ടായി. അവയിലൊന്നാണ് സത്യദൂതന്റെ മാർച്ച് ലക്കത്തിൽ പ്രസിദ്ധീകൃതമായത്.

അതായത്, യാറസൂലല്ലാഹ്! ഞങ്ങളുടെ നേരെ ദയാപൂർവ്വം അങ്ങു ദൃഷ്ടിപായിക്കേണമേ! എനിക്ക് അങ്ങയെക്കൂടാതെ മറ്റാരുമായും ബന്ധമില്ല. ജീവിതകാലം മുഴുവനും അങ്ങയെ സ്തുതിച്ചു കൊണ്ടിരുന്നാലും അത് അപൂർണ്ണം മാത്രം. അങ്ങയുടെ മാഹാത്മ്യങ്ങളെ എനിക്കെങ്ങനെ എണ്ണുവാൻ സാധിക്കും? അങ്ങയുടെ പ്രകാശം പതിക്കുന്നിടങ്ങളിലെല്ലാം രാവുകൾ പകലായി മാറുന്നു. അങ്ങു അല്ലാഹുവിന്റെ പ്രതിച്ഛായയാണ്. അങ്ങയിൽ അവന്റെ എല്ലാ സിഫത്തുകളും (ഗുണങ്ങളും) പ്രതിഫലിക്കുന്നു. (ദുർറെ മക്നൂൻ)

ഇതിൽ അദ്ദേഹം എവിടെയും തന്നെ അല്ലാഹുവിന്നു പകരമായി ഹസ്റത്ത് റസൂൽ തിരുമേനി (സ) യോടു പ്രാർത്ഥിച്ചതായിട്ടോ അല്ലാഹുവിനോട് ആരെയെങ്കിലും പങ്കു ചേർത്തതായിട്ടോ സൂചിപ്പിക്കുക കൂടിയുണ്ടായിട്ടില്ല. ആ സ്ഥിതിയിൽ 'ശബാബി'ലെ മുസ്ലിം ഹസ്റത്ത് അഹ്മദിനെ വ്യാജപ്പെടുത്തുകയും ഇത് 'അദ്ദേഹത്തിന്റെ വെറും ജല്പനമാണെന്നു' വിശേഷിപ്പിക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ ധാർഷ്ട്യമാണ്. വാസ്തവത്തിൽ കുടിലത, വൈരാഗ്യം, വിദ്വേഷം എന്നീ അന്ധകാരങ്ങളിൽപ്പെട്ടു നട്ടം തിരിയുന്ന ഒരുവന് സ്നേഹത്തിന്റെയും അനുരക്തിയുടെയും ദിവ്യാനുഭൂതിയെപ്പറ്റി എന്തറിയാനാണ്? സ്നേഹാനുരാഗത്തിന്റെ ഈ പ്രപഞ്ചവുമായിട്ട് അയാൾക്ക് ഒരു പുലബന്ധവും ഇല്ല തന്നെ.

ഇനി തദ്വിഷയകമായി അദ്ദേഹത്തിന്റെ ആക്ഷേപങ്ങളെന്തൊക്കെയാണെന്ന് അല്പം വിശകലനം നടത്താം.

ഹസ്റത്ത് അഹ്മദ് (അ) യാറസൂലല്ലാഹ് എന്നു പറഞ്ഞുകൊണ്ട് തിരുനബി (സ) യോടുള്ള തന്റെ സ്നേഹാതിരേകം വെളിപ്പെടുത്തിയത് അദ്ദേഹം ചെയ്ത ഒരു ശിർക്കാണെന്ന് ഇയാൾ സൂചിപ്പിക്കുന്നു. എന്നാൽ ഇയാൾ തന്നെ ദിവസവും അഞ്ചുനേര നമസ്കാരങ്ങളിൽ അത്തഹിയാത്തിൽ പല പ്രാവശ്യമായി

അസ്സലാമു അലൈക്ക യാ അയ്യുഹന്നബിയ്യു

വറഹ്മത്തുല്ലാഹി വബറക്കാത്തുഹു

അല്ലയോ നബിയേ! അങ്ങയുടെ മേൽ സലാമും റഹ്മത്തും ബർക്കത്തും ഉണ്ടായിത്തീരുമാറാകട്ടെ, എന്നു പ്രാർത്ഥിക്കുന്നില്ലേ? അതും നമസ്കാരങ്ങളിൽ അല്ലാഹുവിനോട് അഭിസംബോധന ചെയ്യുന്നതിനുപകരമായി യാ അയ്യുഹന്നബിയ്യു എന്നു പറഞ്ഞു തിരുനബിയോടു പ്രാർത്ഥിക്കുകയല്ലേ ചെയ്യുന്നത്? 'മുസ്ലിമി'ന്റെ പക്കൽ ഇതും ശിർക്കാകുമോ? ഈ ചോദ്യത്തിനെന്താണു മറുപടി, അതു തന്നെയായിരിക്കും, ഹസ്റത്ത് അഹ്മദ് (അ) യാ റസൂലല്ലാഹ് എന്നു പറഞ്ഞതിനുള്ള മറുപടിയും. നമ

സ്കാരത്തിൽ യാ അയ്യുഹന്നബിയ്യു എന്നു പറയുന്നത് ശിർക്കാകുന്നില്ലെങ്കിൽ ഇതും ശിർക്കാകുന്നില്ല. അഥവാ ഇത് ശിർക്കാകുമെങ്കിൽ ഇനിമേൽ അദ്ദേഹം നമസ്കാരങ്ങളിൽ ഈ സ്വലാത്തും സലാമും ചൊല്ലാതിരിക്കേണ്ടതാണ്. അങ്ങനെ ചൊല്ലുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ നമസ്കാരം അപൂർണ്ണമായതായിരിക്കുന്നതാണ്.

ഹസ്റത്ത് റസൂൽ കരിം (സ) വഫാത്തായപ്പോൾ ഹസ്റത്ത് ഹസ്സാനിബ്നു ഥാബിഥ് ചൊല്ലിയ ഒരു കവിതാശകലം ഇതിനു മുമ്പ് ഉദ്ധരിച്ചുവല്ലോ. ഹസ്റത്ത് ഹസ്സാ (റ)നും ഹസ്റത്ത് റസൂൽ തിരുമേനി (സ) യെ അഭിസംബോധന ചെയ്തുവല്ലോ. അതായത് 'അല്ലയോ റസൂൽ തിരുമേനിയേ,' അങ്ങുന്നു എന്റെ കണ്ണിലുണ്ണിയാണ്' എന്നു പറഞ്ഞിരുന്നുവല്ലോ. 'മുസ്ലിമി'ന്റെ ദൃഷ്ടിയിൽ ഇതും ശിർക്കാകുമോ? 'ശബാബു കാരനായ മുസ്ലിം' തുടർന്നെഴുതുന്നു:

"അല്ലാഹുവിനു മാത്രം അവകാശപ്പെട്ട കഴിവുകളും ഗുണങ്ങളും പ്രവാചകന്മാരുടെ മേൽ ചാർത്തലാണ് അമിതമായ വാഴ്ത്തൽ. അതുപോലെത്തന്നെ അതിശയോക്തികൾ കെട്ടിച്ചമക്കലും"

ഇതും 'ശബാബ് മുസ്ലിമി'ന്റെ അജ്ഞതയാണ് വെളിപ്പെടുത്തുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു ഹസ്റത്ത് റസൂൽ തിരുമേനിയുടെ വാക്ക് തന്റെ വാക്കായും അദ്ദേഹത്തിന്റെ പ്രവൃത്തി തന്റെ പ്രവൃത്തിയായും എന്തിനേറെ അദ്ദേഹത്തിന്റെ കരം തന്റെ കരമായും ചിത്രീകരിക്കുന്നു. എന്നു മാത്രമല്ല, റസൂൽ തിരുമേനി (സ) യെ പ്രകാശത്തിന്റെ പ്രതീകമായും വർണ്ണിക്കുന്നു.

ബദർ യുദ്ധാവസരത്തിൽ ഹസ്റത്ത് റസൂൽ തിരുമേനി (സ) ശത്രുപക്ഷത്തിലേക്ക് ഒരു പിടി മണ്ണു വാരിയെറിഞ്ഞപ്പോൾ അതിലെ ഓരോ മൺതരിയും ശത്രുക്കളുടെ കണ്ണുകളിൽ ചെന്നു പതിയുകയുണ്ടായി. അതിനെക്കുറിച്ച് അല്ലാഹു അരുൾ ചെയ്യുന്നു:

വമാറമൈത്ത ഇദ്റമൈത്ത വലാകിന്നല്ലാഹറമാ - അതായത് 'നീ (ഒരു പിടി മണ്ണു)വാരിയെറിഞ്ഞപ്പോൾ അത് നീയല്ല എറിഞ്ഞത്. പ്രത്യുത അല്ലാഹുവാണെറിഞ്ഞത്' (8:18). ഇവിടെ അല്ലാഹു റസൂൽ തിരുമേനിയുടെ ഒരു പ്രവൃത്തിയെ തന്റെ പ്രവൃത്തിയായി വിശേഷിപ്പിക്കുന്നു.

വിശുദ്ധ ഖുർആനിൽ മറ്റൊരിടത്ത് ഹസ്റത്ത് റസൂൽ കരിം (സ) തിരുമേനിയെക്കുറിച്ചു ഇപ്രകാരം അരുൾ ചെയ്യുന്നു:

"അദ്ദേഹം വഹ്യായിട്ടിറങ്ങിയതല്ലാതെ സ്വേച്ഛയായിട്ടു ഒന്നും സംസാരിക്കുന്നില്ല." (55:4,5)

ഇവിടെ അല്ലാഹു ഹസ്റത്ത് റസൂൽ തിരുമേനി (സ)യുടെ സംസാരത്തെ തന്റെ സംസാരമായി ചിത്രീകരിക്കുന്നു.

മറ്റൊരു സ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു:

"നിന്നോടു ബൈഅത്ത് ചെയ്യുന്നവർ വാസ്തവത്തിൽ അല്ലാഹുവിനോടാണു ബൈഅത്ത് ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മേലുണ്ട്" (48:11)

ഇവിടെ ബൈഅത്ത് ചെയ്യുന്നു ആളുടെ കൈക്ക് മേലുള്ള റസൂൽ തിരുമേനി (സ) യുടെ കൈ അല്ലാഹു തന്റെ കയ്യായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

മറ്റൊരിടത്ത് റസൂൽ തിരുമേനിയെപ്പറ്റി അല്ലാഹു പറയുന്നു:

"അവൻ നിങ്ങളുടെ അടുക്കെ വ്യക്തമായ ഒരു പ്രകാശം ഇറക്കിത്തന്നിട്ടുണ്ട്." (4:175). അതായത്, ഇവിടെ ഹസ്റത്ത് റസൂൽ തിരുമേനിയെ (സ) ദൈവിക പ്രകാശത്തിന്റെ പ്രതീകമായിട്ടാണു കാണിച്ചിരിക്കുന്നത്.

ഇങ്ങനെ അല്ലാഹു തന്നെ വിശുദ്ധഖുർആനിൽ അല്ലാഹുവിനു മാത്രമുള്ള സിഫത്തുകൾ ഹ: റസൂൽ തിരുമേനി (സ) ക്കും നൽകിയതായി അരുൾ ചെയ്യുന്നു.

അല്ലാഹുവിന്റെ സിഫത്തുകളിൽ റഊഫ്, റഹീം എന്നീ സിഫത്തുകൾ ഹ: റസൂൽ തിരുമേനി (സ) ക്കു നൽകപ്പെട്ടതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

അല്ലാഹു സൂറ: അത്തൗബയിൽ തന്റെ രണ്ടു സിഫത്തുകളെക്കുറിച്ച് ഇന്നഹു ബിഹിം റഊഫുൻ റഹീം (9:117) 'തീർച്ചയായും അവൻ അവരോടു ആർദ്രതയുള്ളവനും (റഊഫ്) കരുണാമയനും (റഹീം) ആകുന്നു' എന്ന് അരുൾ ചെയ്യുന്നു. ഇതേ ആയത്തിൽത്തന്നെ അല്ലാഹു ഹസ്റത്ത് നബികരീം (സ) തിരുമേനിക്കും ഈ രണ്ടു സിഫത്തുകൾ ഉള്ളതായി അരുൾ ചെയ്യുന്നു. അതായത്,

"സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കെ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാകുന്നത് അദ്ദേഹത്തിനു അസഹ്യമാണ്. നിങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണദ്ദേഹം. അദ്ദേഹം സത്യവിശ്വാസികളോടു ആർദ്രതയുള്ള ആളും (റഊഫ്) കരുണയുള്ള ആളും (റഹീം) ആകുന്നു. (9:128)

ഇവിടെ അല്ലാഹു റഊഫുൻ, റഹീമുൻ എന്നീ രണ്ടു സിഫത്തുകളും ഹസ്റത്ത് റസൂൽ കരീ(സ)മിൽ ഉൾക്കൊള്ളുന്നതായിട്ടരുൾ ചെയ്യുന്നു.

എന്നു മാത്രമല്ല, അല്ലാഹു തന്റെ ദാസന്മാരോടു തന്റെ വർണ്ണത്തെ - സിഫത്തുകളെ-സ്വായത്തമാക്കുവാനുള്ള അദ്ധ്യാപനം നൽകുന്നു.

അതായത്, 'നിങ്ങൾ അല്ലാഹുവിന്റെ വർണ്ണം സ്വായത്തമാക്കുക. അല്ലാഹുവിന്റെ വർണ്ണത്തേക്കാൾ ഉത്തമമായത് വേറെന്താണുള്ളത്?' (2:139)

അതേ പ്രകാരം ഹ: റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു:

തഖല്ലഖൂ ബി അഖ്ലാഖില്ലാഹ്

"നിങ്ങൾ അല്ലാഹുവിന്റെ അഖ്ലാഖിനെ (വിശിഷ്ട ഗുണങ്ങളെ) സ്വായത്തമാക്കുക"

ഈ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ മനുഷ്യന് ദൈവിക ഗുണങ്ങൾ സ്വായത്തമാക്കൽ കടമയാക്കപ്പെട്ടിരിക്കുന്നു.

ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് ഇപ്രകാരം അരുൾ ചെയ്തു:

" അങ്ങയുടെ പ്രകാശം പതിക്കുന്നിടത്തെല്ലാം രാവുകൾ പകലായി മാറുന്നു"

ഇതിനെ ആക്ഷേപിച്ചുകൊണ്ട് 'ശബാബു'കാരൻ എഴുതുന്നു:

"റസൂൽ (സ) ജീവിക്കുന്ന കാലത്ത് അദ്ദേഹം താമസിക്കുകയും സഞ്ചരിക്കുകയും ചെയ്തിരുന്ന സ്ഥലങ്ങളിലെല്ലാം രാവും പകലും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രകാശം പതിക്കുന്നതോടെ രാവു പകലായി മാറിയിരുന്നുവെന്ന് പ്രാമാണികമായ ഒരു ഹദീസിലും പറഞ്ഞിട്ടില്ല. ഈ വ്യാജ പ്രവാചകൻ പറഞ്ഞത് ശരിയാണെങ്കിൽ റസൂലും സഹാബികളും ഇശാ നമസ്കാരം നിർവഹിച്ചതൊക്കെ പകലിലായിരിക്കും." (ശബാബ് 9. 4. 04)

ഈ ആക്ഷേപത്തിനു 'വിവരക്കേട്' എന്നു പേരിടുന്നതിന് പകരമായി 'കുടില ഹൃദയത്തിന്റെ ബഹിർ പ്രകടനം' എന്ന് വിളിക്കാനാണു തോന്നുന്നത്.

ഹസ്റത്ത് റസൂൽ കരിം (സ) തിരുമേനിയുടെ ആത്മീയ പ്രകാശം എത്തുന്നിടത്തെല്ലാം ആത്മീയാന്ധകാരം നീങ്ങിപ്പോകുന്നു എന്നാണിതിന്റെ വിവക്ഷ. എന്നല്ലാതെ ഇതിന് 'ശബാബു'കാരൻ നൽകുന്ന ബാഹ്യമായ അർത്ഥം സങ്കല്പിക്കാൻ കൂടി സാദ്ധ്യമല്ല എന്നു തലയിൽ അല്പമെങ്കിലും വെളിച്ചമുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

അല്ലാഹു വിശുദ്ധഖുർആനിൽ ഹസ്റത്ത് നബീ കരിം (സ) തിരുമേനിയെക്കുറിച്ചു 'സിറാജുൻ മുനീർ' 'പ്രകാശം നൽകുന്ന സൂര്യൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ഇതിനെ നാം ആ പുണ്യാത്മാവ് (സ) കിഴക്കുനിന്നുദിച്ചു പടിഞ്ഞാറു അസ്തമിക്കുന്ന ബാഹ്യമായ സൂര്യനായി സങ്കല്പിക്കുകയാണെങ്കിൽ എന്തായിരിക്കും അവസ്ഥ? എന്നാൽ ആ പുണ്യാത്മൻ ആത്മീയാന്ധകാരത്തെ നീക്കുന്ന ആത്മീയ സൂര്യനാണെന്ന് മനസ്സിലാക്കാൻ അന്ധകാരത്തിന്റെ സന്തതികളായ ആത്മീയാന്ധർക്ക് സാധ്യമല്ല.

അതേപ്രകാരം 'സിറാജുൻ മുനീർ' എന്നതിന് പ്രകാശം വിതറുന്ന 'ഒളിവിളക്ക്' എന്നും അർത്ഥമുണ്ട്. ഇതിനെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് ഹസ്റത്ത് അഹ്മദ് (അ) എഴുതുന്നു:

"അദ്ദേഹത്തിന്റെ പേര് സിറാജ് എന്നു വിളിക്കപ്പെട്ടതിലുള്ള സൂക്ഷ്മമായ തത്വം ഇതാണ്. ഒരു ദീപത്തിൽ നിന്നും ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ള വിളക്കുകൾ പ്രകാശമാർജ്ജിക്കുന്നു. എന്നാൽ അതുകൊണ്ട് ആ വിളക്കിനു ഒരു നഷ്ടവും ഉണ്ടാകുന്നില്ല. റസൂൽ തിരുമേനിയെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട് ആയിരക്കണക്കിലും ലക്ഷക്കണക്കിലുമുള്ളവർ ഈ സ്ഥാനത്തെത്തിച്ചേരുന്നുവെന്നതാണ് ഇതിന്റെ താല്പര്യം". (അൽഹക്കം 14. 7. 1908)

ഹസ്റത്ത് അഹ്മദ് (അ) തന്റെ ഒരു അറബി കവിതയിൽ പറയുന്നു:

" മുഹമ്മദു നബിയുടെ പാതയെ പ്രിയപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന ആൾ അനുഗൃഹീതൻ. ആ പ്രകാശപൂരം പോലുള്ള മറ്റൊരു സൂര്യനേയും നമുക്കു കാണാനായിട്ടില്ല. നബിതിരുമേനി (സ) പ്രകാശിക്കുന്ന സൂര്യബിംബമാണ്. അവശേഷിക്കുന്നവയെല്ലാം ആ സൂര്യനിൽ നിന്നും വെളിച്ചം ലഭിച്ച ചന്ദ്രനും നക്ഷത്രങ്ങളും മാത്രം!"

അദ്ദേഹം തന്റെ ഒരു ഉർദു കവിതയിൽ പറയുന്നു:

" ഏതൊരാളിൽ നിന്നാണോ എല്ലാ തേജസ്സുകളും പുറപ്പെടുന്നത് മുഹമ്മദു എന്ന് പേരുള്ള ആ പ്രാണപ്രിയനത്രെ എന്റെ ആചാര്യൻ. ആ പ്രകാശധാരയിൽ ഞാനിതാ സ്വയം അർപ്പിതനായിത്തീർന്നിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യഥാർത്ഥത്തിൽ അങ്ങുന്നു തന്നെയാണ് എല്ലാം. എനിക്കെന്ത് പ്രസക്തിയാണുള്ളത്? ഇതു തന്നെയാണ് തീരുമാനം!"

ചുരുക്കത്തിൽ ഹ: അഹ്മദി (അ)നു തന്റെ പ്രാണപ്രിയനായ ഹസ്റത്ത് മുഹമ്മദു നബി (സ) യോടുള്ള നിസ്തുല്യമായ അനുരക്തിയെയും നിസ്സീമമായ അനുരാഗത്തെയും കുറിച്ചു മനസ്സിലാക്കുവാൻ ആ പുണ്യാത്മാവിനോട് അണുമാത്രമെങ്കിലും സ്നേഹബന്ധമുള്ള ഹൃദയമുണ്ടായിരിക്കണം. അതില്ലാത്ത കുടില മാനസർക്ക് അതിന്റെ അടുത്തുകൂടെ പോകാൻ സാദ്ധ്യമല്ല. ■

## ഖലീഫത്തുൽ മസീഹ് അവ്വൽ (റ) യുടെ വസിയ്യത്ത്

"ഓർക്കുക, ഏതെങ്കിലും ധർമ്മഫണ്ടിൽ നിന്നോ സദഖയിൽ നിന്നോ സക്കാത്തിൽ നിന്നോ അവശരുടേയും അനാഥകളുടെയും ഉന്നമനത്തിന്നായുള്ള ഏതെങ്കിലും ഫണ്ടിൽ നിന്നോ എന്റെ മക്കൾക്ക് ഒന്നും നൽകരുത്. അല്ലാഹു അവർക്ക് ജീവനോപാധി നൽകുന്നതാണ്. എന്റെ ജീവചരിത്രമെഴുതുന്ന ഏതൊരു വ്യക്തിയും എന്റെ ഈ വസിയ്യത്തിനെക്കുറിച്ചെഴുതണം. ഇതിന് വിരുദ്ധമായി പ്രവർത്തിക്കരുത്. എന്റെ പക്കൽ പണമൊന്നുമില്ല. എന്റെ കടമെല്ലാം വീട്ടിയിരിക്കുന്നു. ഞാൻ ആർക്കും ഒന്നും കടപ്പെട്ടിരിക്കുന്നില്ല. എന്റെ മക്കളിൽ നിന്നും ആരും ഒന്നും അവകാശപ്പെടരുത്".

ലേഖനം

# തർഗം

**നസീർ അഹ്മദ് അൻജും, റബ്‌വ**

**ഹിബ്രു (എബ്രായ) ഭാഷയിലായിരുന്ന ബൈബിളിന്റെ സാധാരണ ജനങ്ങൾ സംസാരിച്ചിരുന്ന അരമായ ഭാഷയിലുള്ള വിവർത്തനങ്ങളോ പരാവർത്തനങ്ങളോ ആണ് തർഗം.**

പഴയ നിയമത്തിന്റെ പരിഭാഷ അഥവാ വ്യാഖ്യാനത്തിന്റെ അരമായ ഭാഷയിലുള്ള പേരാണ് 'തർഗം' എന്നത്. യഹൂദരിൽ ഭൂരിപക്ഷവും അരമായ ഭാഷ സംസാര ഭാഷയായി ഉപയോഗിച്ചിരുന്ന ഒരു കാലഘട്ടവുമായി ബന്ധപ്പെട്ടുകൊണ്ടാണ് തർഗത്തിന്റെ ഉല്പത്തി. വിദ്യാവിഹീനരും ഹിബ്രുഭാഷയിൽ പഴയ നിയമം മനസ്സിലാക്കാൻ സാധിക്കാത്തവരുമായ ജനങ്ങളുടെ ആവശ്യപൂർത്തീകരണത്തിനായിരുന്നു ആദ്യത്തിൽ ഈ പരിഭാഷകൾ നിർവ്വഹിക്കപ്പെട്ടിരുന്നത്. ഹിബ്രുവിന്റെ സ്ഥാനത്ത് അരമായ ഭാഷ സംസാരഭാഷയായിത്തുടങ്ങിയത് എപ്പോഴാണെന്ന് പ്രമാണപരമായ തെളിവിന്റെ അടിസ്ഥാനത്തിൽ കൃത്യമായി കണക്കാക്കാൻ പ്രയാസമാണ്. ബൈബിൾ നിഘണ്ടുവനുസരിച്ച് രണ്ടാം ദേവാലയത്തിന്റെ കാലമാവുമ്പോഴേക്ക് കുറച്ചുപേർക്കു മാത്രമേ ഹിബ്രു മനസ്സിലായിരുന്നുള്ളൂ. അതിന്റെ സ്ഥാനത്ത് അരമായ ഭാഷ കൂടുതൽ പ്രചാരം നേടി. പേർഷ്യൻ ചക്രവർത്തിയായിരുന്ന സൈറസ് ബാബിലോൺ കീഴടക്കിയശേഷം ബി. സി. 539 ൽ യഹൂദർക്ക് തങ്ങളുടെ ദേവാലയം പുനർനിർമ്മിക്കാൻ അനുമതി നൽകി. ബി. സി. അഞ്ചാം ശതകമായിരുന്നു ഈ കാഘഘട്ടം. മതപരമായ ഭാഷ എന്ന നിലയിൽ ഹിബ്രു നിലവിലുള്ളപ്പോൾ ത്തന്നെ പലസ്തീനിൽ ബി. സി. 2-ാം നൂറ്റാണ്ടുമുതൽ അരമായ ഭാഷ സുസ്ഥാപിതമായിരുന്നുവെന്ന് തീർച്ചയാണ്. താൽമൂദിന്റെ ആചാരങ്ങളിൽ നിന്ന് മനസ്സിലാവുന്നത്, യഹൂദരുടെ ആരാധനാലയങ്ങളിൽ ആഴ്ചതോറും നടക്കാറുള്ള ആരാധനകളിൽ തൗറാത്തിന്റെ ഭാഗങ്ങൾ വായിക്കപ്പെടുമ്പോൾ തർഗങ്ങൾ എഴുതപ്പെടാൻ ആരംഭിച്ചിരുന്നു എന്നാണ്. അതിനാൽ ഈ സന്ദർഭങ്ങളിലാണ് പ്രാദേശിക ഭാഷകളിൽ അവയുടെ പരിഭാഷകൾ നിർവ്വഹിക്കപ്പെട്ടത്.

പ്രവാചക വചനങ്ങളും തൗറാത്തും വായിക്കുന്ന സമ്പ്രദായം എ. ഡി. 1-ാം ശതകത്തിൽത്തന്നെ സുസ്ഥാപിതമായിരുന്നുവെന്ന് പുതിയ നിയമത്തിൽ നിന്ന് മനസ്സിലാവുന്നു. ഈ സൂക്തങ്ങളും അവയുടെ അരമായ പരിഭാഷയും വായിക്കുന്ന സമ്പ്രദായം എ. ഡി. 2-ാം ശതകത്തിൽത്തന്നെ വ്യാപകമായിരുന്നുവെന്ന് നമുക്ക് പറയാൻ സാധിക്കും. ഈ വസ്തുത മിശ്നയും (താൽമൂദിന്റെ ഭാഗം) അംഗീകരിക്കുന്നുണ്ട്. ഈ കാലഘട്ടത്തിൽ പരിഭാഷകർ തങ്ങളുടെ പരിഭാഷക്ക് മാർഗ്ഗരേഖകളും നിയമങ്ങളും ഉണ്ടാക്കുകയും അവരുടെ സമുദായങ്ങളിൽ അതുല്യമായ പദവി നേടുകയും ചെയ്തു. ഒരാൾ ഹിബ്രു ഭാഷയിൽ ഒരു വാക്യം വായിക്കുകയും മറ്റൊരാൾ അതിന്റെ അരമായ പരിഭാഷ എഴുതുകയും ചെയ്യുക എന്നതായിരുന്നു പരിഭാഷയുടെ രീതി. എന്നിരിക്കിലും പ്രവാചക ഗ്രന്ഥങ്ങൾ ഒരു സമയത്ത് മൂന്നോ അതിൽ കൂടുതലോ വാക്യങ്ങൾ എന്ന നിലയിൽ പരിഭാഷ ചെയ്യപ്പെട്ടു.

ഇപ്പോൾ നിലവിലുള്ള തർഗങ്ങളും അവയുമായി ബന്ധപ്പെട്ട ജൂത സാഹിത്യത്തിലുള്ള പ്രമാണങ്ങളും വിശകലനം ചെയ്താൽ പരിഭാഷ ചെയ്യുന്നതിന് സ്വീകരിച്ചിരിക്കാവുന്ന നിർദ്ദിഷ്ട രീതികളൊന്നും ഇല്ലായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. മറിച്ച്, ഈ കൃത്യ നിർവ്വഹണം പരിഭാഷ ചെയ്യുന്ന വ്യക്തിയുടെ ബുദ്ധിക്കും വിവേചനാധികാരത്തിനും വിട്ടുകൊടുത്തിരിക്കുകയായിരുന്നു.

ആദ്യത്തിലൊക്കെ മൂലകൃതിയുമായി വളരെ അടുത്ത നിലയിലാണ് പരിഭാഷ നിർവ്വഹിക്കപ്പെട്ടിരുന്നത്. എന്നാൽ ജോലിഭാരം വർദ്ധിക്കുകയും കാര്യങ്ങൾ മനസ്സിലാവണം എന്ന കാര്യത്തിന് ഊന്നൽ നൽകപ്പെടുകയും ചെയ്തപ്പോൾ പദാനുപദമ തർജ്ജമ അപര്യാപ്തമാവുകയും ചെയ്തു, പ്രത്യേകിച്ചും മൂല കൃതിയുടെ പ്രയാസമേറിയ ഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ. അതിനാൽ തന്റെ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള അവബോധം കൂടുതൽ അയവുള്ള ഒരു സമീപനം കൈക്കൊള്ളാൻ പരിഭാഷകനെ നിർബന്ധിച്ചു. സംശയാസ്പദമായ ഭാഗങ്ങളെക്കുറിച്ച് തെറ്റായ പ്രതീതി ഒഴിവാക്കാൻ വിശദീകരണങ്ങൾ ആവശ്യമായി

വന്നു. അതിനാൽ തൗറാത്തിന്റെ മൂലകൃതിയുടെ പരിഭാഷക്കൊപ്പം പരിഭാഷകന്റെ വ്യാഖ്യാനവും കൂട്ടിച്ചേർക്കപ്പെട്ടു. ഉദാഹരണമായി കൂടുതൽ സംശയാസ്പദമായ ഭാഗങ്ങൾ വിശദീകരിക്കുകയും അതുവഴി ഭൂതകാല സംഭവങ്ങൾ സമീപ കാലത്തുണ്ടായ സംഭവങ്ങൾ പോലെ ആക്കുകയുമുണ്ടായി. ദേശീയ ചരിത്രത്തിൽ നിന്ന് ഉൾക്കൊള്ളാവുന്ന ധാർമ്മിക പാഠങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകപ്പെടുകയും ചെയ്തു. അവസാനം, പഴയ നിയമത്തിലെ കല്പനകളും നിയമങ്ങളും കാലഘട്ടത്തിന്റെ അവസ്ഥകൾക്കും ആവശ്യങ്ങൾക്കനുസൃതമായി പ്രയോഗവൽക്കരിക്കത്തക്കവണ്ണം വിശദീകരിക്കാൻ പരിഭാഷകൻ ആഗ്രഹിച്ചു. കാലക്രമേണ ധാർമ്മികാദ്ധ്യാപനാവശ്യാർത്ഥം കൂട്ടിച്ചേർക്കപ്പെട്ട കാര്യങ്ങൾക്ക് മൂല ഗ്രന്ഥാദ്ധ്യാപനത്തേക്കാൾ പ്രചാരം സിദ്ധിക്കുകയും ചെയ്തു. മൂലകൃതിയെ ഉപദേശം പ്രസംഗങ്ങളും , ആചാരപരമായ വാക്യങ്ങളും, ഉപമകളും. കഥകളുമാക്കിമാറ്റാൻ ഉപയോഗിച്ച ഈ രീതി പലസ്തീനിയൻ ഭാഗത്തിലും അതിനോടു തുടർന്നുവന്ന തർഗത്തിലു നല്ലപോലെ വിവരിച്ചിട്ടുണ്ട്. ബൈബിൾ ഗ്രന്ഥങ്ങളുടെ തർഗങ്ങളിൽ ഈ പ്രവണത കാണപ്പെടുന്നില്ല. ഇത് പ്രവാചക ഗ്രന്ഥങ്ങളുടെയും ഓങ്കലോസ്' തർഗങ്ങളുടെയും മികവുറ്റ പരിഭാഷക്ക് വിരുദ്ധമാണ്.

എന്നിരിക്കിലും മൂല ഗ്രന്ഥത്തിന്റെ പരിഭാഷ പൂർണ്ണമായും പരിഭാഷകന്റെ അഭിരുചിക്കും വിവേചനാധികാരത്തിനും വിട്ടുകൊടുക്കപ്പെട്ടു എന്ന് കരുതുന്നത് ശരിയല്ല. ഓങ്കലോസിന് കാലത്തിന്റെ പ്രാതിനിധ്യമുള്ളതായി വീക്ഷിക്കപ്പെടുന്നു. അതിന്റെ വ്യാഖ്യാനം കാലത്തിന്റെ ഉത്തമോദാഹരണമായി ഗണിക്കപ്പെടുന്നു. അധികാരികളുടെ ശത്രുതക്ക് കാരണമായിപ്പോകുമെന്ന ഭയത്താൽ പരിഭാഷകന് ചില പരിധികൾ അതിലംഘിക്കാൻ കഴിഞ്ഞിരുന്നില്ല. മൂലഗ്രന്ഥവുമായി പരിഭാഷയിൽ എത്രമാത്രം അയവു വരുത്താമെന്നത് മനസ്സിലാക്കാൻ മിശ്നയുടെയും മറ്റും ഉദാഹരണങ്ങളിൽ നിന്ന് കഴിയുമായിരുന്നു. എന്തെന്നാൽ, അവയുടെ കാര്യത്തിൽ അധികാരസ്ഥരുമായി കരാർ ഉണ്ടാക്കപ്പെട്ടിരുന്നില്ല.

പരിഭാഷയെ സംബന്ധിച്ച ഒരു മാർഗ്ഗദർശക തത്വം തൊഫസ്തയിൽ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.

“പദാനുപദ പരിഭാഷ നടത്തുന്ന ആൾ സത്യസന്ധനല്ലെന്നും കൂട്ടിച്ചേർപ്പുകൾ നടത്തുന്നയാൾ അവിശ്വസ്തനാണെന്നും” അതിൽ എഴുതപ്പെട്ടിരിക്കുന്നു. ഇത് ചൂണ്ടിക്കാണിക്കുന്നത് തൊഫെസ്ത യിൽ പരിഭാഷയുടെ യാതൊരു തത്വവും പാലിക്കപ്പെട്ടിട്ടില്ലെന്നും അതിൽ കൂട്ടിച്ചേർക്കപ്പെട്ട കാര്യങ്ങൾ മൂലഗ്രന്ഥത്തോട് നീതി പുലർത്താത്തതുമാണെന്നാണ്.

ദീർഘകാലത്തോളം തർഗങ്ങൾ തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടത് വായ്മൊഴി മുഖേനയാണെന്നാണ് മനസ്സിലാവുന്നത്. ഈ വാഴ്മൊഴി പാരമ്പര്യം മൂലം ലിഖിത സാഹിത്യത്തിലേക്ക് പരാവർത്തനം ചെയ്യുന്നത് വിലക്കപ്പെട്ടിരുന്നു. ഈ നിരോധനം മൂലം ആരാധനാ വേളയിൽ ഉരുവിടുന്ന പഴയ നിയമത്തിലെ ഭാഗങ്ങൾ മൂല രൂപത്തിൽ തന്നെ സംരക്ഷിക്കപ്പെട്ടു. ഉദാഹരണമായി, തൗറാത്തിന്റെ ഭാഗങ്ങളും പ്രവാചക വൃത്താന്തങ്ങളും ഇങ്ങനെ സംരക്ഷിക്കപ്പെട്ടതാണ്.

‘മിശ്ന’യിലും മറ്റിടങ്ങളിലും പരാമർശിക്കപ്പെട്ട ആദ്യകാല തർഗത്തിന്റെ പ്രതിയുടെ ഉത്ഭവം എ. ഡി. ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന ഗമാലിയേൽ ഒന്നാമന്റെ കാലത്തോളമെത്തുന്നു. എന്നിരിക്കലും ഡാൽമൻ അഭിപ്രായപ്പെട്ടത് ഈ ഘട്ടത്തിൽ തർഗങ്ങൾക്ക് ലിഖിത രൂപം നൽകപ്പെട്ടിരുന്നില്ലെന്നും അത് പണ്ഡിതന്മാരുടെ വായ്മൊഴിയായി നിലനിന്നിരുന്നുവെന്നുമാണ്. താൽമൂദിന്റെ പൂർത്തീകരണം വരെ അതങ്ങനെത്തന്നെ നിലകൊണ്ടു. എന്നാൽ ചാവുകടൽച്ചുരുളുകളിൽ, ഈയ്യോബിന്റെയും സങ്കീർത്തനങ്ങളുടെയും തർഗങ്ങളുടെ കണ്ടെത്തൽ ഈ അഭിപ്രായത്തിനു വിരുദ്ധമാണ്. എ. ഡി. 9-ാം ശതകം മുതൽ തർഗങ്ങൾ ഉപയോഗിക്കുന്നത് ഉപേക്ഷിക്കപ്പെട്ടെങ്കിലും തെക്കൻ അറേബ്യയിലും ബുഖാറയിലും ഈ ആചാരം നിലവിലുണ്ട്. പേർഷ്യക്കാരായ ജൂതന്മാർ ഇപ്പോഴും തർഗങ്ങൾ പാരായണം ചെയ്യുന്നുണ്ട്.

### ബൈബിളിന്റെ വ്യത്യസ്ത ഭാഗങ്ങളുടെ തർഗങ്ങൾ: പഞ്ചഗ്രന്ഥിയെക്കുറിച്ചുള്ള തർഗങ്ങൾ

ഓങ്കലോസി (Onkelos) ന്റെ തർഗത്തിന് ആ പേർ ലഭിച്ചത് ബാബിലോണിയൻ താൽമൂദിന്റെ തെറ്റായ ഒരു പരാമർശത്തിൽ നിന്നാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്. അക്വില (Aqula) യുടെ ഗ്രീക്ക് പരിഭാഷയുടെ ഒരു ഖണ്ഡികയായ ജറൂസേലം താൽമൂദിന്റേതാണ് ഈ ലിഖിതം എന്ന് ചിലർ വിശ്വസിക്കുന്നു. ഈ ഖണ്ഡിക കൂടാതെ തർഗത്തിന്റെ ബാക്കി ഭാഗം ബാബിലോണിയൻ താൽമൂദിൽ നിരന്തരം ആവർത്തിക്കപ്പെട്ടിരിക്കുന്നു. അതിനുപയോഗിച്ച പദങ്ങൾ “നാം പരിഭാഷപ്പെടുത്തുന്നതിനാൽ, അഥവാ ‘നമ്മുടെ തർഗം’ എന്നിവയാണ് ഗാവോൻ സർഷലോം ഇതിനെ ആദ്യമായി പരാമർശിച്ചത് ‘ഓങ്കലോസിന്റെ തർഗം’ (Targum of onkelas) എന്നാണ്.

ജൂഡിയയിൽ അംഗീകാരത്തിന്റെ പാരമ്യത്തിലെത്തിയ തർഗങ്ങളുടെ യഥാർത്ഥ പ്രാതിനിധ്യം ഓങ്കലോസിനുണ്ടെന്ന് ഭാഷയുടെ വീക്ഷണകോണിൽ നമുക്ക് വിചാരിക്കാം. ജൂഡിയൻ ഭാഷയിലുള്ള തൊറാത്തിന്റെ ഔദ്യോഗിക പരിഭാഷയായി ഇത് പരിഗണിക്കപ്പെടുന്നു. അതിൽ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ അടങ്ങിയിരിക്കുന്നു. ഈ സ്ഥിതിവിശേഷം എ. ഡി. 14-ാം നൂറ്റാണ്ട് വരെ ബാബിലോണിൽ നിലനിന്നു. എ. ഡി. അഞ്ചാം ശതകത്തിന് മുമ്പുതന്നെ അതിന് അന്തിമ രൂപം പ്രാപിക്കാൻ സാധിച്ചു. ഈ പരിഭാഷ മൊത്തത്തിൽ ഹിബ്രു മൂലവുമായി വളരെ അടുത്തതുമാണ്. എന്നാൽ അരമായ ശൈലിയുടെ ഒരു സൂചന അതിൽ കണ്ടെത്താൻ കഴിയും.

പരിഭാഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകിയ രണ്ടു നിയമങ്ങളുണ്ടെന്ന് പറ

യപ്പെടുന്നു. ജനങ്ങൾക്ക് മനസ്സിലാവുന്ന രൂപത്തിൽ മൂല ഗ്രന്ഥത്തിന്റെ വിശ്വാസ യോഗ്യമായ ഒരു പരിഭാഷയുണ്ടാക്കുകയെന്നതായിരുന്നു ഇതുമൂലം അവരുടെ ഉദ്ദേശ്യം. ഇതിനായി പദാനുപദ തർജ്ജമ അപര്യാപ്തമായിരുന്നു. അതേസമയം നിർദ്ദിഷ്ട രീതിയിലുള്ള വിശുദ്ധ ഗ്രന്ഥത്തിന്റെ ഒരു വ്യാഖ്യാനം ആവശ്യമാണെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. വിദ്യാവിഹീനരായ ആളുകളിൽ നിന്ന് ദൈവത്തിന്റെ മഹോന്നത പദവിയെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ നീക്കുന്ന വിധത്തിൽ ആയിരിക്കണം വിശുദ്ധ ഗ്രന്ഥം എന്ന സവിശേഷമായ വീക്ഷണമാണ് പിന്നീടുള്ള യഹൂദ വ്യാഖ്യാതാക്കൾ കൈക്കൊണ്ടത്. തെറ്റായ ധാരണകൾ രൂപം കൊള്ളാതിരിക്കാൻ തർഗങ്ങളിൽ നിരവധി സ്ഥലങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള പരാമർശം അവഗണിച്ചിരിക്കുന്നു. ഉദാഹരണമായി, മനുഷ്യനുമായി ബന്ധപ്പെടുത്തി ദൈവത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ മഹത്വം, തിരുസന്നിധി എന്നീ പദങ്ങൾ ഉപയോഗിക്കപ്പെടുന്നു. ദൈവം ഒരു കാര്യം ചെയ്യുന്നതായി പറയുമ്പോൾ ദൈവനാമത്തിന് മുമ്പിൽ തിരുമുമ്പ് എന്നുപയോഗിക്കപ്പെടുന്നു. അതുപോലെ 'കർത്തരി' പ്രയോഗത്തിന് പകരം, കർമ്മണി പ്രയോഗം ഉപയോഗിക്കപ്പെട്ടു. ഒരേ പ്രവൃത്തിയുടെ നിർവ്വാഹകൻ ദൈവവും മനുഷ്യനുമാവുമ്പോൾ രണ്ടിനേയും വേർതിരിച്ചറിയാൻ വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കപ്പെടേണ്ടിയിരുന്നു.

യഹൂദ പണ്ഡിതന്മാർ രണ്ടുവിധം തർഗങ്ങൾ അംഗീകരിച്ചിട്ടുണ്ട്. (എ) ബാബിലോണിയൻ തർഗം, ഉദാഹരണം ഓങ്കലോസ് (ബി) പലസ്തീനിയൻ (ഇത് യറൂശലമി തർഗം എന്നു വിളിക്കപ്പെടുന്നു) തർഗം, ഉദാ: യോനാതന്റെ തർഗം (Targum of Jonathan)

യറൂശലമി തർഗത്തിൽ വേറൊരു രീതി കൈക്കൊണ്ടിരിക്കുന്നു. അതുമുഖേന ഓങ്കലോസിന്റെ തർഗത്തിൽ കൂട്ടിച്ചേർക്കലുകളോ തിരുത്തുകളോ നടത്തിയിരിക്കുന്നു. പക്ഷേ, അത് പിൽക്കാലത്തുണ്ടായതാണ്. അതിൽ ഓങ്കലോസിന്റെ മൂല രൂപവും മറ്റനവധി പതിപ്പുകളും ഒന്നാക്കിയിരിക്കുന്നു. ഇത് തർഗത്തിന്റെ മൂലരൂപത്തിന്റെ വാല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവണതയെ കാണിക്കുന്നു.

തൗറാത്തിന്റെ രണ്ടു പലസ്തീനിയൻ തർഗങ്ങളുടെ കാര്യത്തിൽ നാം ബാസ് ഫ്രൂണ്ടിന്റെ (Bassfreund) അഭിപ്രായം സ്വീകരിക്കേണ്ടിയിരിക്കുന്നു. പൂർണ്ണമായ യെരുശലമി തർഗത്തിൽ നിന്നാണ് അവയുടെ മൂല ഗ്രന്ഥമെടുത്തിട്ടുള്ളത് എന്നതാണത്. ഒരു പുരാതന യരുശലമി തർഗത്തിന്റെ അസ്തിത്വം നിരാകരിത്തക്കതല്ല. എന്നാൽ അത് ആദ്യകാലത്തെ വികസന കാലഘട്ടത്തിൽ നിന്നല്ല. എന്തെന്നാൽ അപൂർണ്ണമായ വ്യാജ യോനതൻ തർഗത്തിൽ അവയിൽ നിന്നെടുക്കപ്പെട്ട നിരവധി പുതിയ ഭാഗങ്ങൾ ഉണ്ട്.

പരിഭാഷക്കുവേണ്ടി ഗ്രീക്ക് അല്ലാതെ വേറൊരു ഭാഷയും ഉപയോഗിക്കരുതെന്ന പരിമിതി എ. ഡി. രണ്ടാം ശതകത്തിന്റെ മദ്ധ്യത്തിൽ റബ്ബി സൈമൻ ബെൻ ഗമാലിയേൽ (Rabbi Simon ben Gamaliel) ഏർപ്പെടുത്തി. ഈ നിയന്ത്രണം റബ്ബി യോനതൻ തുടർന്നു. എത്രത്തോളമെന്നാൽ അമോറയിമുകളുടെ (Amoraims - മിശ്നായുടെ പ്രബോധകരും വ്യാഖ്യാതാക്കളും) കാലം വരെ എഴുതപ്പെട്ട ഒരു പലസ്തീനിയൻ തർഗത്തെക്കുറിച്ചുള്ള പരാമർശം ഇല്ല. ജൂതന്മാർക്കിടയിൽ കണ്ടുവന്ന തർഗത്തിന്റെ ആചാരത്തെ പ്രതിനിധികരിക്കൻ എ. ഡി. ഏഴാം ശതകം വരെ ഓങ്കലോസിന്റെ തർഗം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് വിചാരിക്കാൻ പ്രയാസമാണ്. എന്തെന്നാൽ ആന്തരികമായ സാക്ഷ്യങ്ങൾ യറൂശലമീ തർഗം സ്വീകരിക്കാൻ നമ്മെ നിർബന്ധിക്കുന്നു. അതുകൊണ്ട് തർഗത്തിന്റെ ആചാരം പലസ്തീനിൽ വളരെ മുമ്പുതന്നെ ഉണ്ടായിരുന്നുവെന്നു സമ്മതിക്കേണ്ടതുണ്ട്. ഓങ്കലോസ് തർഗത്തിൽ ഉപയോഗിക്കപ്പെട്ടത്, പലസ്തീനിയൻ അഥവാ ജൂഡിയൻ ഭാഷയാണ്. ബാബിലോണിയൻ പരിഭാഷ ഇപ്പോഴുള്ള ജൂഡിയൻ വ്യാഖ്യാനത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എന്നിരിക്കിലും തർഗത്തിന്റെ ഈ ഭാഷ്യം ഔദ്യോഗികഭാഷ്യമായി എടുക്കപ്പെട്ടില്ല. ബാബിലോണിയൻ പതിപ്പിന്റെ അവതരണത്തോടെ അതിന് സ്വയം നിലനില്പില്ലാതാവുകയും ചെയ്തു.

## പ്രവാചകന്മാരെപ്പറ്റിയുള്ള തർഗങ്ങൾ

'പ്രവാചകന്മാരുടെ' ഔദ്യോഗിക തർഗങ്ങൾ നിലവിൽ വന്നത് എ. ഡി. ഒന്നാം ശതകത്തിൽ യോനതൻ ബെൻ എസ്സ്യേൽ മുഖേനയാണെന്ന് ബാബിലോണിയൻ താൽമൂദ് പ്രസ്താവിക്കുന്നു. അദ്ദേഹം ഹില്ലേലിന്റെ [2] ഒരു ശിഷ്യനായിരുന്നു. അതുകൊണ്ട് അത് യോനതൻ തർഗം എന്ന് പൊതുവിൽ അറിയപ്പെടുന്നു. എന്നിരിക്കിലും, താൽമൂദിൽ ചില സന്ദർഭങ്ങളിൽ ഈ തർഗത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ജോസഫ് ബാർ ജിജായുടെ പേരിലാണ്. എ. ഡി 4-ാം ശതകത്തിൽ ബാബിലോണിയയിലെ പുമ്പെഡിതെ എന്ന സ്ഥലത്തെ ഒരു സ്കൂളിന്റെ തലവനായിരുന്നു അദ്ദേഹം. ഈ യോനതൻ തർഗത്തിന് ഭാഷയിലും ശൈലിയിലും ഓങ്കലോസിന്റെ തർഗവുമായി സാമ്യതകളുണ്ട്. ചില ഖണ്ഡികകളിൽ നിന്ന് മനസ്സിലാവുന്നത്, അദ്ദേഹം അതിനെ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നാണ്. എന്നിരിക്കിലും ഈ തർഗത്തിന്റെ പരിഭാഷ ഓങ്കലോസിന്റെതിനേക്കാൾ വിശദീകരണങ്ങളുള്ളതാണ്. പ്രത്യേകിച്ചും പ്രവാചക ഗ്രന്ഥങ്ങളുടെ പരിഭാഷ. (ഇവ ഓങ്കലോസിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല.)

തൗറാത്തിന്റെ പരിഭാഷക്ക് വേണ്ടി പാലിക്കപ്പെട്ട തത്വങ്ങൾ യോനതൻ പരിഭാഷയുടെ വ്യതിരിക്തമായ സവിശേഷതയായി രൂപം കൊള്ളുന്നു. ഭൗതിക രൂപമെന്ന നിലയിൽ ദൈവാസ്തികൃത്തെക്കുറിച്ചുള്ള പരാമർശം സാമാന്യേന, ഒങ്കലോസിലുള്ള അതേ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ കാണപ്പെട്ട വചനങ്ങളുടെ പ്രയോഗം കുറക്കാനുള്ള ഒരു പ്രവണത ഇതിൽ

കാണപ്പെടുന്നു. അവയുടെ പ്രയോഗം ഇസ്രായേലിനും, ശത്രുക്കൾക്കുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. സംശയാസ്പദമായ ഖണ്ഡികകളുടെ പരിഭാഷക്ക് ഹഗ്ഗാദിക്ക് [3] (Hagadic) രീതി പൂർണ്ണമായും വിനിയോഗിച്ചിരിക്കുന്നു. വിശദീകരണപരമായ കൂട്ടിച്ചേർക്കലുകൾക്കുള്ള പ്രവണത മുഴുതർജ്ജമയിലും കാണാൻ സാധിക്കും.

## ഹാഗ്യോഗ്രാഫയെക്കുറിച്ചുള്ള തർഗങ്ങൾ (Targumim on the Hagiographa) 4

വിവിധ ജനതകളിലെ വ്യക്തികളുടെ കൃതികൾ ഉൾക്കൊള്ളുന്നതാണ് ഈ തർഗങ്ങൾ. അവയിൽ കൂടുതൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

### സങ്കീർത്തനവും ഇയ്യോബും

ഈ തർഗങ്ങൾ വ്യതിരിക്തമായ ചില സവിശേഷതകൾ അവതരിപ്പിക്കുന്നതിൽ അതേ വിഭാഗത്തിൻ കീഴിൽ വരുന്നു. മറ്റെല്ലാ തർഗങ്ങളെപ്പോലെ ഇവയിലും വിശദീകരണ പരമായ കൂട്ടിച്ചേർക്കലുകളുണ്ട്. അത് വ്യതിരിക്തിമായും ഹഗ്ഗാദിക്ക് ആണ്. എന്നാലും അവയും വ്യക്തമായി ഹിബ്രു ഭാഷയെയാണ് അനുഗമിക്കുന്നത്. അവയുടെ സവിശേഷതയെന്തെന്നാൽ അവയിൽ ഇരട്ട പരിഭാഷയുള്ള സൂക്തങ്ങളടങ്ങിയിരിക്കുന്നു. സാധാരണയായി അവയിലൊന്ന് ഹഗ്ഗാദിക്ക് ആണ്. മറ്റേത് താരതമ്യേന കൂടുതൽ അക്ഷരാർത്ഥത്തിലാണ്. ഇയ്യോബിന്റെയും സങ്കീർത്തനത്തിന്റെയും തർഗങ്ങൾ ചാവുകടൽച്ചുരുളുകളിൽ കണ്ടെത്തിയിട്ടുണ്ടെന്നത് പ്രസ്താവ്യമാണ്.

### സദൃശ്യവാക്യങ്ങൾ (Proverbs)

ഈ തർഗം മറ്റെല്ലാ തർഗങ്ങളിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരിക്കുന്നത് അതിലുപയോഗിക്കപ്പെട്ട ഭാഷയുടെ പ്രാധാന്യം കൊണ്ടാണ്. ജൂത വീക്ഷണത്തിൽ നവീകരിപ്പെട്ട ഒരു പതിപ്പാണെന്ന് തോന്നുമാറ് ബൈബിളിന്റെ പേശിത്ത (സിറിയൻ) ഭാഷ്യം ഇതിൽ നാം കണ്ടെത്തുന്നു. സിറിയൻ ലിഖിതങ്ങൾ മാറ്റി നിർത്തിയാൽ പരിഭാഷയെ അടിസ്ഥാനമാക്കിയുള്ള തർഗങ്ങളുമായി സാമ്യതയുണ്ട്. ഈ പരിഭാഷയും അക്ഷരാർത്ഥത്തിലുള്ളതാണ്. ഇത് പൂർണ്ണമായും ഹാഗ്ഗദിക്ക് പ്രവണതകളിൽ നിന്ന് നിർമ്മുക്തമാണ്.

### മാഗില്ലോത്ത് 5 (Magilloth)

ഈ തർഗങ്ങളുടെ സവിശേഷതയെന്തെന്നാൽ ഒരു കാര്യം പ്രകടമാക്കാൻ അമിതത്വത്തിലേക്ക് ഒരു ചായ്‌വുണ്ടെന്നതാണ്. ഹഗ്ഗാദിക്ക് വിശദീകരണത്തിന്റെ വികസനം അതിന്റെ പാരമ്യത്തിലെത്തുന്നു. അപ്പോൾ മൂലഗ്രന്ഥത്തിന്റെ പരിഭാഷ താരതമ്യേന അപ്രധാനമായ ഭാഗങ്ങളിലേക്ക് അപ്രത്യക്ഷമാവുന്നു. മാഗില്ലോത്തിനിടയിൽ എസ്ത്തെൽ തർഗത്തിന്റെ മൂന്ന് ഭാഷ്യങ്ങൾ കാണപ്പെടുന്നു.

1. ആന്റ് വെർപ് പോളിഗ്ലോട്ട് : (Antwerp Polyglot) ഇത് മിക്കവാറും അക്ഷരാർത്ഥ പരിഭാഷയാണ്.

2. ലണ്ടൻ പോളിഗ്ലോട്ട് : (London Polyglot) – ഇതിൽ ഒരേ മൂല രൂപം തന്നെ ചില കൂട്ടിച്ചേർക്കലുകളോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

3. ജറുസെലം തർഗം : (Jerusalem Targum) ഇത് വളരെ വിസ്തൃതമാണ്. പിന്നീടുള്ള മിദ്രാംശിംശേഖരവും ഇതിലുൾപ്പെടുത്തിയിരിക്കുന്നു. ആവർത്തനം 3:4 ലും രാജാക്കന്മാർ 10:11 ലും മാശി ജറുസെലം തർഗമായി പരാമർശിച്ചിട്ടുള്ളത് സുൻസിന്റെ അഭിപ്രായത്തിൽ രണ്ടാമത്തെ തർഗമാണ്.

### ദിനവൃത്താന്തങ്ങൾ (Chronicles)

എർഫർട്ടിന്റെ (Erfert) കയ്യെഴുത്തു പ്രതിയിൽ നിന്നാണ് 1680–83 ൽ ഈ തർഗം ആദ്യമായി ക്രോഡീകരിക്കപ്പെട്ടിട്ടുള്ളത്. പിന്നീട് 1715 ൽ കാംബ്രിഡ്ജ് കയ്യെഴുത്തു പ്രതിയിൽ നിന്ന് താരതമ്യേന കൂടുതൽ പൂർണ്ണമായ പതിപ്പ് ഉണ്ടാക്കി. വ്യക്തമായ അക്ഷരാർത്ഥത്തിലുള്ള അതിന്റെ പരിഭാഷയിൽ നിന്ന് മനസ്സിലാവുന്നത്, തൗറാത്തിന്റെ ജറുസെലം തർഗം അതിൽ വളരെയധികം ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നാണ്. കൂടാതെ ശമുവേലിന്റെയും രാജാക്കന്മാരുടെയും തർഗങ്ങളും ഉപയോഗപ്പെടുത്തപ്പെട്ടിട്ടുണ്ട്. എർഫെർട്ടിന്റെ കയ്യെഴുത്തു പ്രതികൾ എട്ടാം ശതകത്തി ലാണുണ്ടാക്കിയതെങ്കിൽ കാംബ്രിഡ്ജ് കയ്യെഴുത്തു പ്രതി പൂർത്തിയാക്കപ്പെട്ടത് എ. ഡി. 9–ാം ശതകത്തിലാണ്.

**വിവ. കെ. വി. ഹസ്സൻകോയ**

*സൂചനകൾ*

1. ഈ പേര് ഉൽഭുതമായത് ഓങ്കലോസ് എന്നു പേരായ ഒരു വ്യക്തിയിൽ നിന്നാണ്. റബ്ബി എലൈസറും റബ്ബി ജോഷയും അദ്ദേഹത്തിന് തർഗം എഴുതാനായി പറഞ്ഞു കൊടുക്കുകയായിരുന്നു. ഓങ്കലോസ് എ. ഡി. ഒന്നാം ശതകത്തിന്റെ അപരാർദ്ധത്തിൽ ജീവിച്ച ഗമാലിയേൽ ഒന്നാമന്റെ ശിഷ്യനായിരുന്നു.

2. ഹില്ലേൽ ജൂത നിയമ ശാസ്ത്രത്തിന്റെ ഒരു ശാഖയുടെ സ്ഥാപകനാണ്.

3. വിശുദ്ധ വേദഗ്രന്ഥത്തിന്റെ നിയമങ്ങളുടെയും കല്പനകളുടെയും ഭാഗമാണ് ഹഗ്ഗാദിക്ക്. പെസഹാ ആഘോഷങ്ങളിൽ ഇവ പാരായണം ചെയ്യപ്പെടുന്നു. ഇതിൽ പ്രത്യേകമായി ഉൾക്കൊള്ളുന്നത് ഉപമകളും ഉപദേശ പ്രസംഗങ്ങളുമാണ്.

4. തൗറാത്തും 'പ്രവാചകന്മാരും' ഉൾപ്പെടാത്ത പഴയ നിയമത്തിന്റെ ഭാഗമാണ് ഹാഗ്യോഗ്രാഫ (Hagiograph). ഈ തലക്കെട്ടിൽ താഴെ പറയുന്ന ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, ഇയ്യോബ്, ഉത്തമഗാനം, സോളമന്റെ ജ്ഞാനം, രൂത്ത് വിലാപങ്ങൾ, സഭാപ്രസംഗം, ഇസ്രാദിന വൃത്താന്തങ്ങൾ, നെഹേമിയ (കൂട്ടായ നിലയിൽ ഈ ഭാഗം 'ലിഖിതങ്ങൾ' (Writings) എന്നും അറിയപ്പെടുന്നു). ഇസ്രാക്കും നെഹമ്യക്കും തർഗം ഇല്ലെന്ന് ഓർക്കണം.

5. മാഗില്ലോത്തന്റെ അർത്ഥം 'ചുരുൾ' എന്നാണ്. ഈ തലക്കെട്ട് അഞ്ചു ഗ്രന്ഥങ്ങളുടെ സമാഹാരത്തിന് നൽകപ്പെട്ടിരിക്കുകയാണ്. ഉത്തമഗാനം, രൂത്ത്, വിലാപങ്ങൾ, എക്ലെസ്യാറെസും എസ്തെറും. ■

**നബിവചനം**

നിങ്ങളുടെ സന്താനങ്ങളെ ബഹുമാനിക്കുകയും സുശിക്ഷിതരായ വിജ്ഞാനികളാക്കി വളർത്തുകയും ചെയ്യുക.

***(ഇബ്നുമാജ)***

# മുജദ്ദിദുമാരുടെ നിയോഗം

യൂസുഫുൽ കരുളായി

**അല്ലാഹു തിരഞ്ഞെടുക്കുന്ന ദിവ്യജ്ഞാനികളായ പരിഷ്കർത്താക്കൾ ഇസ്‌ലാമിൽ വന്നുകൊണ്ടിരിക്കും. ദൈവവുമായുള്ള ഈ ബന്ധം കൊണ്ടാണ് ഇസ്‌ലാം സജീവ മതമായിത്തീരുന്നത്.**

ഇസ്‌ലാം പരിപൂർണ്ണവും സജീവവുമായ അല്ലാഹു തൃപ്തിപ്പെട്ട മതമാകുന്നു. ഖുർആൻ ഇപ്രകാരം വിളംബരപ്പെടുത്തിയിരിക്കുന്നു.

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَاَتْمَمْتُ عَلَيْكُمْ نِعْمَتِيْ وَرَضِيْتُ لَكُمُ الْاِسْلَامَ دِيْنًا

“ഇന്നേ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പരിപൂർണ്ണമാക്കിയിരിക്കുന്നു. എന്റെ അനുഗ്രഹത്തെ നിങ്ങളുടെ മേൽ പരിപൂർത്തീകരിച്ചിരിക്കുന്നു. അൽ ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി ഞാൻ തൃപ്തപ്പെട്ടിരിക്കുന്നു”. (5:4)

അങ്ങനെ അല്ലാഹു തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് നബി (സ:അ)യുടെ പ്രവചനം മുസ്‌ലിംകളിൽ പുലർന്നതായും എല്ലാ കക്ഷികളും സമ്മതിച്ചുരേഖപ്പെടുത്തിയിരിക്കുന്നു. ആ തിരുവചനം ഇപ്രകാരമാണ്:

وعن ابي هريرة رضي الله عنه فيما اعلم عن رسول الله ﷺ قال: ان الله عزوجل يبعث لهذه الامة على رأس كل مائة سنة من يجدد لها دينها
(رواه ابوداود. مشكوة كتاب العلم)

“നിശ്ചയമായും ഈ സമുദായത്തിന് ഓരോ നൂറ്റാണ്ടിന്റെ ആരംഭത്തിലും മുജദ്ദിദുമാരെ (മതപരിഷ്ക്കർത്താക്കളെ) അല്ലാഹു നിയോഗിക്കുന്നതാണ്:” (അബൂദാവൂദ്, മിശ്ക്കാത്ത്, കിത്താബുൽ ഇൽമ്)

ഓരോ നൂറ്റാണ്ടിലും പ്രസ്തുത മുജദ്ദിദുമാർ വന്നുകൊണ്ട് സമുദായത്തെ പരിപൂർണ്ണമതത്തിന്റെ അദ്ധ്യാപനത്തിൽ നടത്തുന്നതിന്, ഖുർആന്റെ ജ്ഞാനങ്ങൾ കാലത്തിന്നനുസരിച്ച് ലോകത്തിന്ന് നൽകുന്നതാണ്. അതും ഖുർആന്റെ പ്രവചനമാണ്. ഖുർആൻ ഇപ്രകാരം അറിയിച്ചുതരുന്നു:

تُؤْتِيْ اُكُلَهَا كُلَّ حِيْنٍ بِاِذْنِ رَبِّهَا

“അതിന്റെ (ഇസ്‌ലാമിന്റെ) നാഥന്റെ കല്പനപ്രകാരം അതിന്റെ (പുതു)ഫലങ്ങൾ എല്ലാകാലത്തും നൽകിക്കൊണ്ടിരിക്കും”............ (14:26). ഇസ്‌ലാം മതം എന്നെന്നും നിലനിൽക്കുന്ന അല്ലാഹുവിന്റെ പക്കൽ ജീവൽമതമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

اِنَّ الدِّيْنَ عِنْدَ اللّٰهِ الْاِسْلَامُ

അല്ലാഹുവിന്റടുക്കൽ സ്വീകാര്യമായ മതം അൽ ഇസ്‌ലാമാകുന്നു. (3:20).

وَمَنْ يَّبْتَغِ غَيْرَ الْاِسْلَامِ دِيْنًا فَلَنْ يُّقْبَلَ مِنْهُ وَهُوَ فِي الْاٰخِرَةِ مِنَ الْخٰسِرِيْنَ

“ഇസ്‌ലാമല്ലാത്ത വല്ല മതത്തേയും ആരെങ്കിലും അനുകരിച്ചാൽ അവനിൽ നിന്ന് ഒരിക്കലും അത് സ്വീകരിക്കപ്പെടുകയില്ല; അവൻ ആഖിറത്തിൽ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടവനായിരിക്കും” (3:86).

ഇസ്‌ലാംമതത്തെയും അതിന്റെ അടിസ്ഥാന പ്രമാണമായ പരിശുദ്ധ ഖുർആനെയും അല്ലാഹു എന്നെന്നും സംരക്ഷിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

اِنَّا نَحْنُ نَزَّلْنَا الذِّكْرَ وَاِنَّا لَهٗ لَحٰفِظُوْنَ

“നിശ്ചയമായും ഈ പ്രബോധനം (ഖുർആൻ) ഇറക്കിയത് നാം തന്നെയാണ്. നിശ്ചയമായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്” (15:10). ഖുർആന്റെ ജ്ഞാനങ്ങളും പ്രവചനങ്ങളും അതാതുകാലങ്ങളിൽ വെളിപ്പെട്ടുകൊണ്ടിരിക്കും.

يُّؤْتِي الْحِكْمَةَ مَنْ يَّشَآءُ وَمَنْ يُّؤْتَ الْحِكْمَةَ فَقَدْ اُوْتِيَ خَيْرًا كَثِيْرًا

“അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് ജ്ഞാനം നൽകും. ആർക്ക് തത്വജ്ഞാനം നൽകപ്പെടുന്നുവോ അവർക്ക് വളരെയേറെ നന്മകൾ നൽകപ്പെട്ടിരിക്കുന്നു” (2:270).

ഖുർആനിലെ പ്രവചനങ്ങളും ജ്ഞാനങ്ങളും പുലരുന്ന ഒരു കാലമുണ്ട്. അക്കാലത്ത് നിങ്ങൾ അതറിയുന്നതാണ്. ഖുർആൻ പറയുന്നു:

لِكُلِّ نَبَاٍ مُّسْتَقَرٌّ وَّسَوْفَ تَعْلَمُوْنَ

“എല്ലാ ഓരോ പ്രവചനത്തിനും ഒരു നിശ്ചിതകാലയളവുണ്ട്. പിന്നീട് നിങ്ങൾ (യാഥാർത്ഥ്യം) അറിയുന്നതാണ് ” (6:68)

وَلَتَعْلَمُنَّ نَبَأَهُ بَعْدَ حِينٍ

“അല്പകാലത്തിന്നുശേഷം ഇതിന്റെ പ്രവചനം (യാഥാർത്ഥ്യം) നിശ്ചയമായും നിങ്ങളറിയുന്നതാണ്.” (38:89)

إِنْ هُوَ إِلَّا ذِكْرٌ لِّلْعَالَمِينَ

“ഇത് അഖിലലോകത്തിനുമുള്ള ഒരുൽബോധനം തന്നെയാണ്.” (38:88)

تَبَارَكَ الَّذِي نَزَّلَ الْفُرْقَانَ عَلَىٰ عَبْدِهِ لِيَكُونَ لِلْعَالَمِينَ نَذِيرًا

“സർവ്വലോകത്തിനും മുന്നറിയിപ്പുകാരനാകുന്നതിന്നായി തന്റെ ദാസന് ഈ സത്യാസത്യ വിവേചനഗ്രന്ഥം അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു.” (25:2)

മുകളിൽ എഴുതിയ ഖുർആനിലെ 10 വചനങ്ങളുടെ സാക്ഷാൽക്കാരമായി ഇസ്‌ലാമിനെയും ഖുർആനിനെയും സംരക്ഷിച്ചുനിലനിർത്തുവാൻ അല്ലാഹു ഏർപ്പെടുത്തിയ പദ്ധതിയാണ്, പ്രവാചക പ്രഭുവായ മുഹമ്മദ് (സ:അ) തിരുമേനിയുടെ ഖലീഫമാരായി ഓരോ നൂറ്റാണ്ടിലും ആഗതരാകുന്ന മുജദ്ദിദുമാർ (പരിഷ്കർത്താക്കൾ). പ്രസ്തുത ഹദീസാണ് അബൂദാവൂദും മറ്റു പലരും റിപ്പോർട്ട് ചെയ്തിട്ടുള്ളതും മുസ്‌ലിം കക്ഷികൾ അഭിപ്രായവ്യത്യാസമില്ലാതെ വിശ്വസിച്ചുരേഖപ്പെടുത്തിയിരിക്കുന്നതും. അങ്ങനെ നിയോഗിതരായ മുജദ്ദിദുമാരെ ക്രമപ്രകാരം അഹ്‌ലെ ഹദീസ് പണ്ഡിതനായിരുന്ന നവാബ് സിദ്ധീഖ് ഹസ്സൻഖാൻ ഭോപാലവി തന്റെ ‘ഹുജജുൽ കിറാമ’ എന്ന ഫാർസിഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിപ്രകാരമാണ്.

1-ാം നൂറ്റാണ്ടിൽ ഖുലഫാഉർറാശിദീങ്ങൾക്കുപുറമെ 2-ാം ഉമർ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഹസ്റത്ത്. ഉമറുബ്നുൽ അബ്ദുൽ അസീസ് (റഹ്മത്തുല്ലാഹി)

2-ാം നൂറ്റാണ്ടിൽ ഖാത്തമുൽ ഔലിയാ ഇമാം ശാഫി (റഹ്മത്തുല്ലാഹി)

3-ാം നൂറ്റാണ്ടിൽ ഇമാം അബുൽഹസ്സൻ അശ്അരി (റഹ്മത്തുല്ലാഹി)

4-ാം നൂറ്റാണ്ടിൽ ഇമാം അബൂഉബൈദുല്ലാ നിശാപുരി (റഹ്മത്തുല്ലാഹി)

5-ാം നൂറ്റാണ്ടിൽ ഹുജ്ജത്തുൽ ഇസ്‌ലാം ഇമാം മുഹമ്മദിബ്നു ഗസ്സാലി (റഹ്മത്തുല്ലാഹി)

6-ാം നൂറ്റാണ്ടിൽ ഹസ്റത്ത് അബ്ദുൽ ഖാദിർ ജീലാനി (മുഹ്‌യിദ്ദീൻ ശൈഖ്) (റഹ്മത്തുല്ലാഹി)

7-ാം നൂറ്റാണ്ടിൽ ഇമാം ഖാജാമുഈനുദ്ദീൻ ചിശ്തി (അജ്മീർ) (റഹ്മത്തുല്ലാഹി)

8-ാം നൂറ്റാണ്ടിൽ ഇമാം ഹാഫിസ് ബ്നു ഹജറുൽ അസ്കലാനി (റഹ്മത്തുല്ലാഹി)

9-ാം നൂറ്റാണ്ടിൽ ഖാത്തമുൽ മുഫസ്സിരീൻ ഇമാം ജലാലുസ്സുയൂത്തി (റഹ്മത്തുല്ലാഹി)

10-ാം നൂറ്റാണ്ടിൽ ഇമാം മുഹമ്മദ് ത്വാഹിർ ഗുജറാത്തി (റഹ്മത്തുല്ലാഹി)

11-ാം നൂറ്റാണ്ടിൽ ഇമാം മുജദ്ദിദ് അൽഫസാനി അഹ്മദ് സർഹിന്ദി (റഹ്മത്തുല്ലാഹി)

(2-ാം സഹസ്രാബ്ദത്തിൽ 1-ാം നൂറ്റാണ്ടിൽ എന്നർത്ഥം).

12-ാം നൂറ്റാണ്ടിൽ ഇമാം മുഹദ്ദസ് ശാഹ്‌വലിയുല്ലാഹി ദഹ്‌ലവി (റഹ്മത്തുല്ലാഹി)

13-ാം നൂറ്റാണ്ടിൽ സയ്യിദ് ശഹീദ് ഇമാം അഹ്മദുൽ ബറേൽവി (റഹ്മത്തുല്ലാഹി)

14ാം നൂറ്റാണ്ടിൽ.............................

ഹിജ്റ1290ൽ എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥത്തിൽ 14-ാം നൂറ്റാണ്ട് ആരംഭിക്കാൻ ഇനി 10 വർഷമേ ബാക്കിയുള്ളുവെന്നും 14-ാം നൂറ്റാണ്ടിലെ മുജദ്ദിദ് മഹ്ദി ഇമാമായിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. കൂടാതെ “അൽഇദാഅ” എന്ന തന്റെ മറ്റൊരു ഗ്രന്ഥത്തിൽ മഹ്ദി സംബന്ധമായി അനേകം ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട് (1980 ഫെബ്രു. - മാർച്ച് പ്രബോധനം). 1945-ൽ മുജാഹിദ് പ്രസിദ്ധീകരണമായ അത്തൗഹീദ് 2-ാം പതിപ്പ് മുഖവുരയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. “ഓരോ നൂറ്റാണ്ടുകളിലും സമുദായോദ്ധാരകന്മാർ (മുജദ്ദിദുമാർ) ഉണ്ടായിക്കൊണ്ടിരിക്കുകയും അവർ ഇസ്‌ലാമിന്റെ കേവലമായ രൂപത്തിനു വിഘാതമായിക്കിടക്കുന്ന വൈകല്യങ്ങളെ വിപാടനം ചെയ്തു അതിനെ വീണ്ടെടുക്കുകയും അതിന്നു നവമായ ജീവൻ നൽകുവാൻ അത്യധികമായി ശ്രമിക്കുകയും ചെയ്യുക പതിവാണ്. അപ്പോഴെല്ലാം ഒരുപ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ ലോകസാധാരണമെന്നപോലെ വിവിധങ്ങളായ വ്യാജപ്രസ്താവനകൾ ജനങ്ങൾ അവരെപ്പറ്റി പറഞ്ഞുപരത്താറുണ്ട്. എന്നാൽ കാലക്രമത്തിൽ അവരുടെ സ്വന്തമായ രചനകളും പ്രസ്താവനകളും യഥാർത്ഥമായ ചരിത്രങ്ങളും ജനതാമദ്ധ്യത്തിൽ പ്രചാരപ്പെട്ടുതുടങ്ങുന്നതോടുകൂടി പ്രസ്തുത മിഥ്യാവാദങ്ങൾ ക്ഷയിച്ചുനശിച്ചുതുടങ്ങുകയും ചെയ്യും.”

(അത്തൗഹീദ് 2-ാം പതിപ്പ് മുഖവുര പേജ് - 5)

N.B.: പുതിയ പതിപ്പിൽ പ്രസ്തുത ഉദ്ധരണി ഇല്ല. നീക്കം ചെയ്തു.

1984 ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിച്ച മുജാഹിദ് മുഖപത്രമായ ‘അൽമനാർ’ മാസികയിൽ മുജദ്ദിദുമാരുടെ നിയോഗത്തെ സംബന്ധിച്ച ഹദീസ് അറബിയിൽ തന്നെ രേഖപ്പെടുത്തിയതിനുശേഷം മൗലാനാ വഹീദുദ്ദീൻഖാൻ എഴുതുന്നു: (ലേഖനം ‘നിലവിലുള്ള ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ’)

“പ്രസിദ്ധമായ ഒരു ഹദീസിലെ പ്രവചനങ്ങളനുസരിച്ച് “എല്ലാ ഓരോ

നൂറ്റാണ്ടിലും മുസ്‌ലിം സമുദായത്തിൽ മതപരിഷ്കർത്താക്കൾ ആഗതരായി കൊണ്ടിരിക്കും." മുസ്‌ലിം സമുദായത്തിന്റെ ചരിത്രത്തിലുടനീളം വളരെ സത്യമായി പുലർന്നുകണ്ട ഒരു പ്രവചനമാണിത്.

"സംവത്സരങ്ങളുടെ ഒഴുക്കിൽ മതത്തിന്റെ പരമ്പര തീരെ അറ്റുപോകാതെ നിലനിർത്തിപ്പോന്ന ഒരു പ്രധാനഘടകവുമത്രെ ഇത്." (അൽമനാർ, ഒക്ടോബർ 1984 പേജ് – 13)

ജമാഅത്തെ ഇസ്‌ലാമി സ്ഥാപക നേതാവ് അബുൽ അഅ്ലാമൗദൂദി സാഹിബ് തന്റെ 'തജ്ദീദെവഇഹ്‌യായെദീൻ' എന്ന ഗ്രന്ഥത്തിന്റെ 45–ാം പേജ് മുതൽ മുജദ്ദിദുമാരുടെ ആഗമനത്തെയും മഹ്ദി ഇമാമിന്റെ അവതാരത്തെ സംബന്ധിച്ചും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. 'ഇമാം മഹ്ദി ഒരു നവോത്ഥാന നായകൻ' എന്ന തലക്കെട്ടിൽ 1980 മാർച്ച് മാസത്തിലെ പ്രബോധനം 53–ാം പേജ് മുതൽ വന്ന ലേഖനം പിറകെ വിശദീകരിക്കാം. പക്ഷേ, അതിന്റെ അവസാനത്തിൽ 'മഹ്ദിയുടെ ആഗമനത്തെ അത്ര വിദൂരവും അനിശ്ചിതവുമായി കാണുന്നതെന്തിന്'? എന്ന ചോദ്യമാണ്.

മുജാഹിദ് ആദർശക്കാരനും ചരിത്രകാരനുമായ കൊണ്ടോട്ടി കെ.കെ. അബ്ദുൽ കരീം സാഹിബ് എഴുതിയതും ബഹു. പാണക്കാട് ശിഹാബ് തങ്ങൾ അവതാരിക എഴുതിയതുമായ 'മുഹമ്മദ് നബി പൂർവ്വവേദങ്ങളിൽ' എന്ന പുസ്തകം 63–ാം പേജിൽ "ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നവോത്ഥാനത്തിന്നായി ഓരോ നൂറ്റാണ്ടിലും മുജദ്ദിദുമാരെ അല്ലാഹു നിയോഗിക്കുന്നതാണെന്ന് തിരുനബിയുടെ (സ:അ) വായ് മൊഴിയിൽ വന്നിട്ടുണ്ട്" എന്നെഴുതിയിരിക്കുന്നു.

ജമാഅത്തെ ഇസ്‌ലാമി അംഗവും എഴുത്തുകാരനും പണ്ഡിതനുമായിരുന്ന ജനാബ് ടി. മുഹമ്മദ് സാഹിബ് എഴുതിയതും I.P.H. പ്രസിദ്ധീകരിക്കുന്നതുമായ "ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ" എന്ന പുസ്തകത്തിൽ 37–ാം പേജ് മുതൽ ഓരോ നൂറ്റാണ്ടിൽ വന്ന മുജദ്ദിദുമാരും മദ്ഹബിലെ ഇമാമുകളും അനുഭവിച്ച പീഡനങ്ങളും ത്യാഗങ്ങളും വിവരിക്കുന്നു. 1–ാം നൂറ്റാണ്ടിൽ മുജദ്ദിദ് ഉമറുബ്നു അബ്ദുൽ അസീസ് (റഹ്.) ആകുന്നു. 45 മുതൽ 48 വരെ പേജുകളിൽ മദ്ഹബിന്റെ 4 ഇമാമുകളെയും അവരനുഭവിച്ച പീഡനങ്ങളെയും 48–ാം പേജിൽ ഇമാം ഗസ്സാലി (റഹ്മത്തുല്ലാഹി)യെ സംബന്ധിച്ചും വിവരിച്ചിരിക്കുന്നു. 52–ാംപേജിൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയെ സ്തുതിച്ചെഴുതിയിരിക്കുന്നു. 56–ാം പേജിൽ 11–ാം നൂറ്റാണ്ടിലെ മുജദ്ദിദ് അൽഫസാനിയെ (രണ്ടാം സഹസ്രാബ്ദത്തിലെ ഒന്നാം നൂറ്റാണ്ട്) സംബന്ധിച്ചു പ്രതിപാദിക്കുന്നു. 59–ാം പേജിൽ 12–ാം നൂറ്റാണ്ടിലെ മുജദ്ദിദ് ശാഹ്‌വലിയുല്ലാഹ്ദഹ്‌ലവിയെ സംബന്ധിച്ചും പരാമർശമുണ്ട്. 79–ാം പേജിൽ 13–ാം നൂറ്റാണ്ടിലെ മുജദ്ദിദ് സയ്യിദ് ശഹീദ് ഇമാം അഹ്മദുൽ ബറേൽവിയെക്കുറിച്ച് വിശദമായി എഴുതുന്നു. ഹിജ്റ 1242ൽ മുസ്‌ലിംകൾ അദ്ദേഹത്തിൽ ബൈഅത്ത് ചെയ്തു 'അമീറുൽ മുഅ്മിനീൻ' എന്ന് ഐകകണ്ഠ്യേന അഭിസംബോധന ചെയ്തു. 1246–ൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.

88ാം പേജിൽ "ആധുനിക യുഗത്തിലെ (14ാം നൂറ്റാണ്ടിലെ) സമുദായ സമുദ്ധാരണകൃത്യമാണ് നാം ഏറ്റെടുത്തിട്ടുള്ളതെന്ന് മേൽ പ്രസ്താവിച്ചതിൽ നിന്ന് ഗ്രഹിച്ചുവല്ലോ. അതായത് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത ലക്ഷ്യവും അതത്രെ". നമ്മുടെ സംശയം ഇതാണ്. കഴിഞ്ഞ 13 നൂറ്റാണ്ടുകളിലും സമുദായസമുദ്ധാരണത്തിന് വ്യക്തികളെ നിയോഗിച്ച അല്ലാഹുവിന് 14–ാം നൂറ്റാണ്ടിൽ മുജദ്ദിദായ വ്യക്തിയെ കിട്ടാത്തത് കൊണ്ടാണോ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മേൽ സമുദായ സമുദ്ധാരണഭാരം ചുമത്തിയത്?

എന്നാൽ 1995 മാർച്ച് മാസം 18–ാം തീയതി പ്രബോധനം വാരികയിൽ "സത്യത്തിന്റെ കൂട പിടിക്കാൻ ഈ സമുദായത്തിൽ എന്നും ഒരുവിഭാഗം ഉണ്ടായിരിക്കും. ഓരോ നൂറ്റാണ്ടിലും ഈ ദീനിനെ പരിഷ്ക്കരിക്കാൻ ഓരോ പരിഷ്ക്കർത്താവിനെ അല്ലാഹു അയക്കുമെന്നാണല്ലോ പ്രവാചകവചനം"

"കാര്യങ്ങൾ നേരെയാക്കാൻ ഒരു ഉമർ ഖത്താബിനെയാണ് ഇപ്പോൾ ആവശ്യം.

"പ്രസ്ഥാന നായകർ ഏതു കാലഘട്ടത്തിലുള്ളവരായാലും അവരുടേതായ പരിമിതികൾ ഉണ്ടാകും. അല്ലാഹു പ്രത്യേകമായ വഹ്‌യിലൂടെ നൽകിയ ജ്ഞാനത്തിനു മാത്രമേ" കാലഘട്ടത്തിന്റെ പരിമിതികളെ ലംഘിക്കാനാവൂ"

I.P.H. പ്രസിദ്ധീകരിച്ച 'മഹ്ദി എന്ന മിഥ്യ' എന്ന പുസ്തകത്തിൽ 114–ാം പേജ് മുതൽ ഇങ്ങനെ പ്രസ്താവിക്കുന്നു. "ഓരോ ശതാബ്ദത്തിന്റേയും ആദ്യത്തിൽ ഈ ദീനിനെ പുനരുദ്ധരിക്കുന്ന ഒരാളെ ഈ സമുദായത്തിൽ <u>അല്ലാഹു നിയോഗിച്ചു കൊണ്ടിരിക്കും</u> എന്ന ഹദീസ് അബൂദാവൂദ് റിപ്പോർട്ട് ചെയ്തത് പ്രബലമാണ്. ജനങ്ങളെ സത്യത്തിലേക്ക് നയിക്കുകയും സത്യത്തിന്റെ അടിസ്ഥാനത്തിൽ നീതി നടപ്പിലാക്കുകയും ചെയ്യുന്ന ഒരു സമൂഹം നമ്മുടെ സൃഷ്ടികളിലുണ്ട്. ദീനിന്റെ തേഞ്ഞുമാഞ്ഞുപോയ വശങ്ങളെ പുനരുദ്ധരിക്കുകയും നവോത്ഥാനപ്രവർത്തനം നടത്തുകയും ചെയ്യുക... അത് ചിലപ്പോൾ ഒരു ശതാബ്ദത്തിന്റെ ആദ്യത്തിലാവാം.

"ഈ വിഷയകമായി പ്രബലമായ ധാരാളം ഹദീസുകൾ കാണാൻ കഴിയുന്നുണ്ട്. "ഈ സമുദായത്തിലെ ഒരു വിഭാഗം അന്ത്യനാൾ വരെ സത്യത്തിൽ അടിയുറച്ചുനിൽക്കുകയും ജേതാക്കളായിത്തീരുകയും ചെയ്യും..." എന്ന പ്രവാചക വചനം ഇതിന്നുദാഹരണമാണ്. അല്ലാഹു ഈ ദീനിനായി അവന്റെ അനുസരണത്തിലേക്ക് ജനങ്ങളെ നയിക്കുന്ന ഒരു ചെടി നട്ടുവളർത്തും... അസത്യവാദികളുടെ കൂട്ടിച്ചേർക്കലുകളും അജ്ഞ

ന്മാരുടെ വ്യാഖ്യാനങ്ങളും ദൂരീകരിച്ചു ദീനിനെ പരിശുദ്ധമാക്കിനിർത്തുവാൻ"(ബുഖാരി, മുസ്‌ലിം)

"മഴപോലെയാണ് എന്റെ സമുദായം. അതിന്റെ ആദ്യമാണോ അവസാനമാണോ ഗുണകരമെന്നറിഞ്ഞുകൂടാ"... ഈ ഹദീസ് പ്രബലമാണ്. സത്യവും അസത്യവും, വിജ്ഞാനവും അജ്ഞാനവും, സന്മാർഗ്ഗവും, ദുർമാർഗ്ഗവും തമ്മിലുള്ള സംഘട്ടനം നിരന്തരം നടന്നുകൊണ്ടിരിക്കും. ഇവിടെ, അവസാനം സത്യം വിജയിക്കും.

"ഓരോ നൂറ്റാണ്ടിലും നവോത്ഥാന നായകരെ നിയോഗിക്കാൻ അല്ലാഹുവിന് കഴിയും... മുമ്പങ്ങനെ സംഭവിച്ചിട്ടുണ്ട്. ദൈവാനുഗ്രഹത്തോടെ ഇനിയും അതാവർത്തിക്കും. അലി(റ) പറഞ്ഞത് പോലെ "അല്ലാഹുവിന്റെ ന്യായങ്ങൾ സ്ഥാപിക്കുന്ന ഒരാളെങ്കിലും ഭൂമിയിൽ ഇല്ലാതിരിക്കുകയില്ല. അല്ലാഹുവിന്റെ പ്രമാണങ്ങൾ അടിമകൾക്ക് അവ്യക്തമാകാതിരിക്കാനാണത്. അവർ ന്യൂനപക്ഷമായിരിക്കും. അല്ലാഹു തന്റെ പ്രമാണങ്ങളെ സംരക്ഷിക്കുന്നത് അവർ മുഖേന ആയിരിക്കും. സമസൃഷ്ടികൾക്ക് അവരത് പകർന്നുകൊടുക്കും. അവരുടെ ഹൃദയങ്ങളിലത് നട്ടുപിടിപ്പിക്കും."

"മുസ്‌ലിംകളെന്നു വാദിക്കുന്ന പലരേയും നാമിന്നു കണ്ടു കഴിഞ്ഞു... എല്ലാം ഇസ്‌ലാമിന്റെയും പരിഷ്കരണത്തിന്റെയും നീതിയുടെയും പേരിൽ. പക്ഷേ, അവരുടെ പ്രവർത്തനം അക്രമവും അനീതിയുമാണ്". ('മഹ്ദി എന്ന മിഥ്യ' - പേജ് 114-118)

2000 മാർച്ച് മാസത്തിലെ 'ബോധനം' ഇപ്രകാരം എഴുതുന്നു:

"സമുദായത്തിന്റെ ആദർശത്തകർച്ചയ്ക്ക് പരിഹാരമായി നബി(സ) പറയുന്നു: "സമുദായത്തെ പിടിച്ചുനിർത്തുകയും അവരിലെ മതാവബോധത്തെ നവീകരിക്കുകയും ചെയ്യുന്ന പരിഷ്കർത്താക്കളെ എല്ലാ നൂറ്റാണ്ടിലും അല്ലാഹു നിയോഗിച്ചുകൊണ്ടിരിക്കുമെന്നും... അതിന് അല്ലാഹു സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്.

"തദനുസാരം എല്ലാ നൂറ്റാണ്ടിലും അല്ലാഹു പരിഷ്കർത്താക്കളെ നിയോഗിച്ചു. പ്രവാചകനുശേഷം പരിഷ്കർത്താക്കൾ ഈ ദീനിനെ പുനരുദ്ധരിച്ചുകൊണ്ടിരിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ ദീനിന്റെ സംരക്ഷകരായി അവർ ഉയർന്നുവരും." (ബോധനം 2000 മാർച്ച്, ഏപ്രിൽ പേജ് 46).

യൂസുഫുൽ ഖർദാവി, 'പ്രബോധകന്റെ സംസ്കാരം, എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതുന്നു: "ഓരോ നൂറ്റാണ്ടിന്റെ നാന്ദിയിലും ദീനിന്റെ സമുദ്ധാരകനെ ഈ സമുദായത്തിൽ അല്ലാഹു നിയോഗിക്കും .............എന്റെ സമുദായത്തിന്റെ ഉപമ മഴപോലെയാണ്. അതിന്റെ തുടക്കമോ ഒടുക്കമോ നന്മയെന്ന് അറിയാൻ പറ്റില്ല". (പേജ് - 98).

'ഖാദിയാനിസത്തിന്റെ കാണാപുറങ്ങൾ' എന്ന പുസ്തകത്തിൽ "ഓരോ നൂറ്റാണ്ടിലും പരിഷ്കർത്താക്കൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നും ദീനിൽ കടന്നുകൂടിയ അമിതവാദികളുടെ മാറ്റിമറിക്കലിനേയും അജ്ഞന്മാരുടെ ദുർവ്യാഖ്യാനത്തേയും അവർ ദൂരീകരിക്കുന്നതാണെന്നും ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്" (അബൂദാവൂദ്) എന്ന് പ്രസ്താവിച്ചിരിക്കുന്നു. (പേജ് 47).

കേരളത്തിലെ ഭൂരിപക്ഷ മുസ്‌ലിം കക്ഷിയായ സുന്നിയിലെ പ്രഗൽഭ പണ്ഡിതൻ കക്കാട് മുഹമ്മദ് ഫൈസി എഴുതിയ 'ഇമാം മഹ്ദിയുടെ ആഗമം' 74-ാം പേജു മുതൽ 'പരിഷ്കർത്താവിന്റെ ആവശ്യകത' എന്ന തലക്കെട്ടിൽ ഇപ്രകാരം എഴുതുന്നു: "ഇമാം മഹ്ദി സമുന്നതനായ ഒരു പരിഷ്കർത്താവായിരിക്കും. കഴിഞ്ഞകാലങ്ങളിൽ ഈ സമുദായത്തിൽ ഒരു നൂറ്റാണ്ടും ഒഴിഞ്ഞുപോകാതെ മതപ്രവർത്തനങ്ങളെ സമുദ്ധരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ആത്മീയനായകന്മാർ രംഗത്ത് വന്നിരുന്നു........ മഹാന്മാരായ ഉമർ രണ്ടാമൻ, ഇമാം ശാഫി, ഇമാം സിറാജുൽ ബുൽഖിനി, ഇമാം ഗസ്സാലി, ശഹീദ് നൂറുദ്ദീൻസിങ്കി, സുൽത്താൻ സലാഹുദ്ദീൻ അയ്യൂബി, ശൈഖ് അഹ്മദ് സർഹിന്ദി(റ) മുതലായവരെല്ലാം ഓരോ കാലത്ത് പ്രത്യക്ഷപ്പെട്ട മുജദ്ദിദുകളായിരുന്നു എന്നു ചരിത്രം പഠിപ്പിക്കുന്നു... തിരുനബി (സ)യുടെ മാർഗ്ഗം പരിപൂർണ്ണമായി പിന്തുടർന്നു മുന്നേറ്റം നടത്തുന്ന പ്രവാചകപൗത്രനായ ഇമാം മഹ്ദിക്ക് ലോകതലത്തിൽ ഇസ്‌ലാമിനെ അജയ്യശക്തിയായി അവരോധിക്കുവാൻ അവസരമൊരുങ്ങുന്നതാണ്" (ഇമാം മഹ്ദിയുടെ ആഗമം: പേജ് 74-75) ■

"ഇമാം മഹ്ദിയുടെ മന്ത്രിമാർ (ഖലീഫമാർ) അനറബികളായിരിക്കും. അവരിൽ ആരും തന്നെ അറബികളായിട്ടില്ലെങ്കിലും അവർ അറബിയിൽ സംസാരിക്കാൻ കെല്പുള്ളവരായിരിക്കും. അവരിൽ ഒരാൾ ഹാഫിസ് (ഹൃദിസ്ഥമാക്കിയ ആൾ) ആയിരിക്കും. അദ്ദേഹം അവരുടെ (ഇമാം മഹ്ദിയുടെ) കുടുംബത്തിൽപ്പെട്ട ആളായിരിക്കുകയില്ല. എന്നാലും അദ്ദേഹം ഇമാം മഹ്ദിയുടെ പ്രധാന ഖലീഫയും വിശ്വസ്തരിൽ മുഖ്യനും ആയിരിക്കും"

***(മുഹ്‌യിദ്ദീൻ ഇബ്നുഅറബി, ഫുത്തുഹാത്തുൽ മക്കിയ്യ, ജിൽദ് 3, ഭാഗം 364, 365)***

# അഹ്മദിയ്യാ വീക്ഷണം

എ. എം. എസ്.

**കുരിശു സംഭവത്തിനുശേഷമുള്ള യേശുവിന്റെ ജീവിതത്തിലെ സമുജ്ജ്വല സത്യങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ദൈവ നിയുക്തനായ ഹസ്റത്ത് അഹ്മദ് (അ) ആണ് മറനീക്കി പുറത്തുകൊണ്ടുവന്നത്.**

യേശുവിന്റെ ശരീരഘടനയെപ്പറ്റിയുള്ള അഹ്മദിയ്യാ വീക്ഷണം വളരെ വ്യക്തവും, യുക്തിപരവും, വസ്തുതാപരവുമാണ്. യേശുവിന്ന് എന്ത് സംഭവിച്ചു എന്ന കാര്യം അതിന്റെ മഹത്വത്തിന്റെ പരിവേഷത്തോടെ സത്യത്തിന്റെ വെളിച്ചത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം അവതരിപ്പിച്ചിരിക്കുന്നു. യേശുവിന്റെ ശരീരഘടനയെപ്പറ്റിയുള്ള യാഥാർത്ഥ്യം ഏറ്റവും ഹൃദയഹാരിയാണ്. ഇതിഹാസത്തിന്റെ കൃത്രിമ പരിവേഷങ്ങൾ അദ്ദേഹത്തിന്റെ മേൽ അണിയിക്കേണ്ടതില്ല. പാപപങ്കിലമായ മനുഷ്യസമുദായത്തിനുവേണ്ടി ജീവിതം മുഴുവൻ അദ്ദേഹം അനുഭവിച്ച കടുത്ത യാതനകൾ അവസാനം ക്രൂശീകരണത്തിൽ വന്നുനിൽക്കുന്നു. കുരിശിൽ നിന്നും അദ്ദേഹത്തിന്റെ മോചനവും തുടർന്ന് കാണാതെ പോയ പത്ത് ഇസ്രയേൽ ഗോത്രങ്ങളെ ത്തേടിയുള്ള യാത്രയും പരമകാരുണികനും കരുണാനിധിയുമായ ദൈവത്തിന്റെ വാഗ്ദാനമനുസരിച്ചുള്ളതാണ്. അതായത് ക്രൂശീകരണത്തിന് മുമ്പ് അദ്ദേഹം ദൈവികസന്ദേശങ്ങൾ പ്രേഷണം ചെയ്തിരുന്ന രണ്ട് ഇസ്രയേലീ ഗോത്രങ്ങൾക്കിടയിൽ മാത്രമല്ല, പുറത്ത് പ്രവാസികളായിക്കഴിഞ്ഞിരുന്ന ബാക്കി പത്ത് ഗോത്രങ്ങളിലും ദൈവികസന്ദേശം എത്തിക്കേണ്ട ചുമതല അദ്ദേഹത്തിന്നുണ്ടായിരുന്നു. അപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ ദൗത്യത്തിന് പരിപൂർണ്ണത കൈവരികയുള്ളൂ. ഇതാണ് യേശുവിന്റെ ജീവിതത്തിന്റെ സംഭവബഹുലവും പരിശുദ്ധവുമായ യാഥാർത്ഥ്യങ്ങൾ.

നൂറു വർഷങ്ങൾക്കു മുമ്പ് അഹ്മദിയ്യാ മുസ് ലിം സമൂഹത്തിന്റെ സ്ഥാപകനായിരുന്ന ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യേശു തന്റെ പൂർവ്വ പ്രഭാഷണങ്ങളിൽ സൂചിപ്പിച്ചത് പോലെ കുരിശിൽ നിന്ന് രക്ഷപ്പെടുകയുണ്ടായി എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ദുരൂഹതകൾക്കിടയിൽ കഴിഞ്ഞിരുന്ന യേശുവിന്റെ ജീവിതത്തിലെ സമുജ്ജ്വല സത്യങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ദൈവത്താൽ നിയോഗിതനായ അദ്ദേഹം മറ നീക്കി പുറത്തുകൊണ്ടുവന്നു. ഭൂരിപക്ഷീയരായ യാഥാസ്ഥിതിക മുസ്‌ലിംകളാകുന്ന രോഷത്തിന്റെ മുഖത്ത് നോക്കി അദ്ദേഹം പ്രഖ്യാപിച്ചു: “യേശു കുരിശിൽ മരിക്കുകയോ ആകാശത്തേക്ക് കയറിപ്പോകുകയോ ചെയ്തിട്ടില്ല. ദൈവികവാഗ്ദാനപ്രകാരം കുരിശ് പീഡനത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെടുകയാണുണ്ടായത്. അതിനുശേഷം അദ്ദേഹം സ്വയം പ്രഖ്യാപിച്ചതു പ്രകാരം കാണാതെ പോയ ഇസ്രായേൽ ഗോത്രങ്ങളെ തേടിപ്പോയി. ഇന്ത്യയിലെ കാശ്മീരിലും മറ്റു പ്രദേശങ്ങളിലും കുടിയേറിപ്പാർത്ത ഇസ്രയേലി ഗോത്രങ്ങളുടെ ഏറ്റവും സാധ്യമായ സഞ്ചാരപാത അഫ്ഗാനിസ്ഥാൻ വഴിയാണെന്ന് ഒരാൾക്ക് ഊഹിക്കാൻ കഴിയും. അവിടങ്ങളിലെല്ലാം ഇസ്രായേലി ഗോത്രങ്ങൾ അധിവസിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലേയും കാശ്മീരിലേയും ജനങ്ങൾ, കുടിയേറിപ്പാർത്ത ഇസ്രായേലീ ഗോത്രങ്ങളിൽ നിന്നുള്ള ശാഖകളാണെന്നതിന് ചരിത്രപരമായ ശക്തമായ തെളിവുകളുണ്ട്.” യേശു അവസാനം കാശ്മീരിലെ ശ്രീനഗറിൽ കബറടക്കം ചെയ്യപ്പെട്ടുവെന്ന് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) വെളിപ്പെടുത്തുകയും ചെയ്തു.

യേശുവിന്റെ ശരീരം ജന്മസ്ഥലത്തുനിന്നും കാണാതായ പ്രഹേളിക സംബന്ധിച്ച് ഏറ്റവും ന്യായയുക്തവും വാസ്തവികവുമായ വിശദീകരണമാണ് അഹ്മദികൾ മുന്നോട്ടു വെക്കുന്നത്. നിരവധി തവണ അവർ ഈ വിശദീകരണത്തിന് ഖണ്ഡനം അഭിമുഖീകരിച്ചിട്ടുണ്ട്. കുരിശിൽ നിന്ന് രക്ഷപ്പെട്ടെന്നാൽപോലും ജൂദിയായിൽ നിന്നും കാശ്മീർ വരെയുള്ള ദീർഘവും ദുർഘടവുമായ യാത്ര അവിശ്വസനീയമാണെന്നാണ് അവരുടെ ഖണ്ഡനം. ഈ എതിർവാദം കേൾക്കുന്ന അഹ് മദികൾ ചോദിക്കാറുണ്ട്, “ഏതു ദൂരമാണ് ദൈർഘ്യമേറിയത്? ഫലസ്തീനിൽ

നിന്ന് കാശ്മീരിലേക്കുള്ള ദൂരമോ? ഭൂമിയിൽ നിന്ന് ആകാശത്തുള്ള അതിവിദൂര ദേശത്തേക്കുള്ള ദൂരമോ?" വീണ്ടും അഹ്മദികൾ അവരോടു അത്ഭുതമൂറി ചോദിക്കാറുണ്ട്, കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെത്തേടി താൻ പോകുമെന്ന് പറഞ്ഞ യേശുവിന്റെ വാഗ്ദാനത്തിന് എന്ത് സംഭവിച്ചു? യേശു ഫലസ്തീനിൽ നിന്നും യാത്ര പറഞ്ഞ് നേരെ കുത്തനെ ആകാശത്ത് പോയി ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുകയാണെങ്കിൽ അദ്ദേഹം തന്റെ വാഗ്ദാനം മറന്നുപോകുകയല്ലേ ചെയ്തത്? അതല്ല, അദ്ദേഹത്തിന്റെ വാഗ്ദാനം പാലിക്കാൻ അദ്ദേഹത്തിന് കഴിയാതെ പോയോ? അല്ലാത്തപക്ഷം നാം നേരത്തെ പറഞ്ഞത്പോലെ ഇസ്രയേൽ ഗോത്രത്തിലെ കാണാതെ പോയ ഗോത്രങ്ങൾ ആദ്യമേ ആകാശത്തേക്ക് കയറിപ്പോവുകയും അവരെ അന്വേഷിച്ച് പിന്നാലെ യേശുവും പോയതാണെന്ന് പ്രതീക്ഷിക്കാമോ?"

## മരണത്തിൽ നിന്നും രക്ഷപ്പെട്ട സംഭവങ്ങൾ

യേശു കുരിശിൽ നിന്നു ജീവനോടെ രക്ഷപ്പെട്ടുവെന്ന് വിശ്വസിക്കാൻ ഇപ്പോഴും ചിലർക്ക് പ്രയാസമാണ്. അത് അസംഭവ്യവും അസ്വീകാര്യവുമാണെന്ന് അവർ പറയുന്നു. അത്യന്തം അപകടകരമായ അവസ്ഥപോലും മനുഷ്യൻ തരണം ചെയ്ത സംഭവങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടതും അറിയപ്പെട്ടതുമാണ്. നാം ഇവിടെ വിവരിച്ച യേശുവിന്റെ സംഭവം വിചിത്രമോ വിശ്വസിക്കാൻ പ്രയാസമുള്ളതോ അല്ല. മരണത്തിന് സമാന അവസ്ഥയിൽ ആളുകൾ ജീവിതത്തിലേക്ക് തിരിച്ചുവന്നതിനനുകൂലമായ നിരവധി തെളിവുകൾ വൈദ്യശാസ്ത്രം റിപ്പോർട്ട് ചെയ്യുകയും സ്വീകരിക്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

അവിഭക്ത ഇന്ത്യയിലെ ഒരു നാട്ടുരാജ്യത്തെ മഹാരാജവിന്റെ കാര്യം ഇതു സംബന്ധിച്ച് പരാമർശിക്കാവുന്ന ഒരു ആധികാരിക സംഭവമാണ്. അദ്ദേഹത്തിന് ഇത്പോലെ മരണത്തിൽ നിന്നും രക്ഷപ്പെടാൻ സാധ്യമല്ല എന്ന് പറയാവുന്ന ഒരു ഘട്ടം വന്നു. മഹാരാജാവിന് തന്റെ ഭാര്യ വിഷം നൽകിയതാണെന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിക്കാൻ വേണ്ടി അതിനുമേൽ ചിതക്കൂട്ടി തീകൊളുത്തി. പൊടുന്നനെ ഒരു കൊടുംകാറ്റ് പ്രത്യക്ഷമായി. അവസാനം അദ്ദേഹം മരണത്തിൽ നിന്ന് രക്ഷപ്പെട്ടുവെന്ന് മാത്രമല്ല. ഒരുപാടു കാലത്തെ നിയമയുദ്ധത്തിന് ശേഷം അദ്ദേഹത്തിന് സിംഹാസനം തിരിച്ചു ലഭിക്കുകയും ചെയ്തു. സംഭവം ഇപ്രകാരമാണ്.

രാമേന്ദ്ര നാരായണൻ റോയ് ബേവൻ എസ്റ്റേറ്റിലെ രാജകുമാരനായിരുന്നു. ഭരണതലസ്ഥാനമായ ജോയ്ദേവ്പൂരിൽ വെച്ച് 1909 മേയ് മാസത്തിൽ അദ്ദേഹത്തിന് വിഷം കൊടുക്കപ്പെടുകയും തുടർന്ന് മരണപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തതായി ആരോപിക്കപ്പെടുന്നു. മരണപ്രഖ്യാപനത്തിനുശേഷം മൃതശരീരം പട്ടടയിൽ വെച്ചു. സാഹചര്യത്തെളിവുകൾ സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു ഈ വധശ്രമത്തിലെ മുഖ്യപ്രതി എന്നായിരുന്നു. അലറി ശബ്ദിച്ച ഇടിനാദം കാരണം ചിതയൊരുക്കാൻ പോയവരെല്ലാം ചിതക്ക് തീകൊളുത്തിയശേഷം തിരിച്ചുപോന്നു. തുടർന്നു തകർത്തുപെയ്ത മഴയിൽ ചിതകെട്ടു നാരായണൻ റോയ് മരിക്കാതെ രക്ഷപ്പെടുകയും ചെയ്തു. അടുത്ത ദിവസം ഗൂഢാലോചനക്കാർ ശരീരം അപ്രത്യക്ഷമായത് തിരിച്ചറിഞ്ഞു. അവർ മറ്റൊരു മൃതശരീരം ദഹിപ്പിച്ചു. അത് രാജകുമാരന്റേതാണെന്ന് വരുത്തിത്തീർത്തു.

രാജകുമാരനെ രക്ഷിച്ച സന്യാസി അദ്ദേഹത്തെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് നിരന്തരം മാറ്റി മാറ്റി താമസിപ്പിച്ചു. മരണത്തോടടുത്ത അനുഭവങ്ങൾ രാജകുമാരന്റെ ഓർമ്മശക്തിയെ നശിപ്പിച്ചിരുന്നു. പക്ഷേ, അദ്ദേഹത്തിന് ക്രമേണ ഓർമ്മ തിരിച്ചുകിട്ടുകയും 12 വർഷത്തിനുശേഷം ജോയ്ദേവ്പൂർ സന്ദർശിക്കുകയും ചെയ്തു. അദ്ദേഹത്തിന് ചിരപരിചിതമായ വാസസ്ഥലത്തിന്റെയും പട്ടണത്തിന്റെയും പരിസരം അദ്ദേഹത്തിന്റെ ഓർമ്മയെ പൂർണ്ണമായും പുന:സ്ഥാപിക്കാൻ സഹായകമായി. രാജകുമാരൻ യഥാർത്ഥ അവകാശി എന്ന നിലക്ക് ബോവർ എസ്റ്റേറ്റിന്റെ സംരക്ഷണച്ചുമതലയുള്ളവരിൽ നിന്നും അത് വീണ്ടു കിട്ടാൻ ഒരു സിവിൽ കേസ് ഫയൽ ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യയും മറ്റുള്ളവരും എതിർപക്ഷത്തും. ഈ കോടതിവ്യവഹാരം രണ്ട് കക്ഷികൾ തമ്മിൽ രൂക്ഷമായി മുന്നേറി. ആയിരത്തിലധികം ആളുകൾ രാജകുമാരന് അനുകൂലമായി തെളിവ് നൽകി. നാനൂറ് പേർ അദ്ദേഹത്തിന്റെ ഭാര്യക്ക് അനുകൂലമായും തെളിവ് നൽകി. സാമാന്യവിവരപ്രകാരം പന്ത്രണ്ട് വർഷം മുമ്പ് മരിച്ചു എന്നറിയപ്പെടുന്ന രാജകുമാരൻ തന്നെയാണോ ഇദ്ദേഹം എന്നതായിരുന്നു യഥാർത്ഥ തർക്കവിഷയം.

രാജകുമാരൻ അവസാനം കേസ് ജയിക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഭാര്യയുടെ ശരീരത്തിലെ ഒരു അടയാളം പറഞ്ഞുകൊടുത്തുകൊണ്ടായിരുന്നു അദ്ദേഹം കേസ് ജയിച്ചത്. ഒരു ഭർത്താവിന് മാത്രം കാണാൻ പറ്റുന്ന രഹസ്യസ്ഥാനത്തായിരുന്നു ആ അടയാളം. അദ്ദേഹത്തിന് ഭൂമി തിരിച്ചു ലഭിക്കുകയും ചെയ്തു!.

ആയിരക്കണക്കിന് ഇത്തരത്തിലുള്ള കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോവുന്നുണ്ടാവാം. ആധുനിക വൈദ്യശാസ്ത്രത്തിനും വാർത്താമാധ്യമങ്ങൾക്കും നന്ദി പറയുക. ഇത്തരത്തിൽ മരണവക്രത്തിൽനിന്നും രക്ഷപ്പെട്ട അനേകം സംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും എല്ലാ മതവിഭാഗങ്ങളിൽ ധർമ്മചിന്തയുള്ളവർക്കും ന്യായയുക്തമായി തോന്നുന്നുവെങ്കിൽ എന്തുകൊണ്ട് അത് യേശുവിന്റെ കാര്യത്തിൽ സാധ്യമല്ലാതെ പോവുന്നു? അസാധ്യമായ അവസരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ആർക്കെങ്കിലും അതിജീവിക്കാനുള്ള അവസരം ലഭിച്ചുവെങ്കിൽ തീർച്ചയായും യേശുവിനും മഹത്തായ

ഒരവസരം ലഭിച്ചിരുന്നു. അദ്ദേത്തിന് ചുറ്റും അങ്ങിനെയുള്ള പ്രത്യേക സാഹചര്യം നിലവിലുണ്ടായിരുന്നു. കുരിശിൽ വെച്ച് കൊല്ലുവാനുള്ള ശ്രമത്തിൽ നിന്നും യേശു രക്ഷപ്പെട്ടു എന്ന വസ്തുത വിശ്വസിക്കാൻ സംശയാലുക്കൾ വിസമ്മതിക്കുന്നു. അതേസമയം യേശു മരിച്ചതിന് ശേഷം പുനർജ്ജീവിച്ചുവെന്നുള്ള അയഥാർത്ഥവും യുക്തിഹീനവും പ്രകൃതിനിയമങ്ങൾക്ക് വിരുദ്ധവുമായ ഒരു കഥയിലാണ് അവർ വിശ്വസിക്കുന്നത്. അതായത് അവരെ സംബന്ധിച്ചേടത്തോളം മൂന്ന് പകലും മൂന്ന് രാത്രിയും നീണ്ടുനിന്ന ഒരു മരണം.

ആസന്ന മരണാവസ്ഥ വൈദ്യശാസ്ത്രത്തിനും ഏറെ താൽപര്യമുള്ള വിഷയമാണ്. ഒരു വൈദ്യശാസ്ത്രപഠനസംരംഭം. എഴുപത്തെട്ട് ആസന്നമരണാവസ്ഥ പരിശോധിക്കുകയുണ്ടായി. അതിൽ എൺപത് ശതമാനവും വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരുടെ സാന്നിദ്ധ്യത്തിൽ വെച്ചോ അതല്ല സംഭവത്തിന്നുടനെ അവരുടെ സാന്നിദ്ധ്യമുണ്ടാകുകയോ ചെയ്തിട്ടുണ്ട്. കൗതുകരമെന്ന് പറയട്ടെ. നാൽപത്തൊന്ന് ശതമാനം ആളുകളും ആസന്നമരണാവസ്ഥയിൽ കഴിഞ്ഞിരുന്നപ്പോൾ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടവരാണ്!

എല്ലാ വൈദ്യശാസ്ത്ര ഉപകരണങ്ങളും വെച്ച് പരിശോധിച്ചതിന് ശേഷം ഒരു ജീവനുള്ള മനുഷ്യൻ മരിച്ചതായി പ്രഖ്യാപിക്കുന്നുവെങ്കിൽ, ഉത്കണ്ഠാഭരിതനായ ഒരു കാഴ്ചക്കാരൻ യേശുവിന്റെ ബോധം നശിക്കുന്നത് കണ്ട് അദ്ദേഹം മരിച്ചുപോയി എന്ന് ഊഹിച്ചാൽ അതെത്രത്തോളം വിശ്വസനീയമാകും? അതിനേക്കാളുപരിയായി യേശുവിനെ വീണ്ടും കണ്ടപ്പോൾ അദ്ദേഹം പുനരുജ്ജീവിച്ചതായുള്ള ഊഹത്തിലെത്തിച്ചേരുകയും ചെയ്യുന്നത് നീതീകരിക്കാൻ കഴിയാത്തതാണ്.

*1. The Bhowal Case, compiled by J.M Mitra and R.C. Chakravarthy, published by Pear & Sons, Calcutta.*

*The Phenomenology of Near-Death Experiences by Bruce Greyson MD and Ian Stevenson MD, A.M. Psychiatry Page 137, 10th Oct. 1980.*

■

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

അധികാരസ്ഥർക്കു കോഴ കൊടുക്കുകയുമരുത്." (21:189)

إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا

'വിശ്വാസാർപ്പിത വസ്തുക്കൾ അവയുടെ ഉടമസ്ഥർക്ക് തിരിച്ചേൽപ്പിച്ചുകൊടുക്കുന്നതിനു അല്ലാഹു നിങ്ങളോട് അനുശാസിക്കുന്നു" (4:59)

إِنَّ اللَّهَ لَا يُحِبُّ الْخَائِنِينَ

"നിശ്ചയമായും അല്ലാഹു വിശ്വാസവഞ്ചകരെ സ്നേഹിക്കുന്നില്ല" (8:59)

وَأَوْفُوا الْكَيْلَ إِذَا كِلْتُمْ وَزِنُوا بِالْقِسْطَاسِ الْمُسْتَقِيمِ

"നിങ്ങൾ അളന്നുകൊടുക്കുമ്പോൾ കൃത്യമായി അളന്നുകൊടുക്കുകയും തൂക്കിക്കൊടുക്കുമ്പോൾ ശരിയായ തുലാസ്സുകൊണ്ടു തൂക്കിക്കൊടുക്കുകയും ചെയ്യുവിൻ"(17:36)

وَلَا تَبْخَسُوا النَّاسَ أَشْيَاءَهُمْ وَلَا تَعْثَوْا فِي الْأَرْضِ مُفْسِدِينَ

"ഒരു വിധത്തിലും ജനങ്ങൾക്ക് അവരുടെ വസ്തുക്കളിൽ കുറവു ചെയ്യരുത്. ദുരുദ്ദേശത്തോടുകൂടിയവരായിട്ട് അതായത്, ചോരണത്തിനോ കവർച്ചയ്ക്കോ കീശാപഹരണത്തിനോ മറ്റേതെങ്കിലും മാർഗ്ഗേണ അന്യരുടെ മുതൽ കയ്യടക്കുന്നതിനോ ഉദ്ദേശിച്ചവരായിട്ട്, നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കാതിരിക്കുവിൻ". (26:184)

"നിങ്ങൾ നല്ല സാധനങ്ങൾക്കുപകരം ചീത്തസാധനങ്ങൾ കൊടുക്കരുത്. അതായത്, അന്യരുടെ വസ്തുവകകൾ അപഹരിച്ചെടുക്കുന്നതുപോലെതന്നെ, കൊള്ളരുതാത്ത സാധനങ്ങൾ വിൽക്കുകയോ നല്ലതിനുപകരം ചീത്തയായതു കൊടുക്കുകയോ ചെയ്യുന്നതും അന്യായമായിരിക്കുന്നതാണ്. (4:3)

പ്രസ്തുത വാക്യങ്ങളിൽ വിശ്വാസഭംഗത്തിന്റെ സകല വശങ്ങളും അടക്കി വിവരിക്കപ്പെട്ടിട്ടുണ്ട്. വഞ്ചനയുടെ ഒരു വകഭേദത്തേയും ഒഴിച്ചുവിടാത്തവിധം സംപൂർണ്ണമായ വിവരണമാണ് അവയിലടങ്ങിയിരിക്കുന്നത്. മോഷണം ചെയ്യരുത് എന്നു മാത്രം വിരോധിക്കുകയാണ് ചെയ്തതെങ്കിൽ, അതൊഴിച്ചുള്ള മറ്റെല്ലാ അവിഹിതവും അന്യായവുമായ അപഹരണസമ്പ്രദായങ്ങളും വിഹിതങ്ങളായി അജ്ഞന്മാർ ധരിച്ചേക്കാനിടയുണ്ടല്ലോ. അതുകൊണ്ടാണ് സകലവിധ അപഹരണത്തേയും അന്യായമായ കൈകാര്യത്തേയും വിരോധിച്ചുകൊണ്ട് വ്യാപകാർത്ഥകങ്ങളായ വാചകങ്ങൾ പ്രയുക്തമായിരിക്കുന്നത്. ചുരുക്കത്തിൽ ഒരുവൻ തന്റെ വിശ്വസ്തതാസ്വഭാവത്തെ അതിന്റെ സകലവശങ്ങളെയും മുൻനിറുത്തി യുക്തി വിവേചനപൂർവ്വം പ്രകാശിപ്പിക്കാതെ, ചില കാര്യങ്ങളിൽമാത്രം വിശ്വസ്തത കാണിക്കുന്നതായാൽ അതു യഥാർത്ഥത്തിൽ ധാർമ്മിക ഗുണമായി കരുതപ്പെടാവുന്നതല്ല. അതാകട്ടെ യുക്തായുക്ത വിചാരം കൂടാത്ത വികാരപ്രേരിതമായ സ്വഭാവപ്രകടനം മാത്രമേ ആയിരിക്കുകയുള്ളൂ.

***(ഇസ്ലാം മത തത്ത്വജ്ഞാനം പരിഭാഷകൻ :***

***മർഹൂം എൻ. ഹാമിദ് സാഹിബ്)***

■

ലേഖനം

# അഹ്മദിയ്യാ ഖിലാഫത്ത്

**അമത്തുൽ ഹഫീസ്, കോഴിക്കോട്**

”وعداللهُ الذين امنوا منكم وعملوالصّٰلِحٰتِ لَيَستَخْلِفَنَّهُمْ فى الارض كما استخلف الذين مِنَ قبلهم وليمكنن لهم دينهم الذى ارتضٰى لَهم وليُبدّ لنهم من بعد خوفهم امنا يعبدونى لا يشركون بى شيئًا وَمن كفر بعد ذٰلك فاولٰئِكَ هم الفاسقون (سوره نور)

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽ ക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന്നുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോടു മറ്റൊന്നിനെയും അവർ പങ്കുചേർക്കുകയില്ല. അതിന്നുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ ധിക്കാരികളും ആജ്ഞാലംഘകരുമായിരിക്കും (24:56). ഈ ആയത്തിൽ വന്നു 'മിൻകും' എന്നത് കൊണ്ടു പൊതുവിലുള്ള മുസ്ലിംകളാണ് വിവക്ഷിതമെന്നു ഇതിന്നു മുമ്പുള്ള ആയത്ത് വ്യക്തമാക്കുന്നു. അതായത് പൊതു മുസ്ലിംകളിൽ നിന്നും സത്യഹൃദയത്തോടെ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരിൽ നിന്നും അല്ലാഹു ഖലീഫമാരെ തെരഞ്ഞെടുക്കുന്നതാണെന്ന് അവൻ ഇവിടെ വാഗ്ദാനം ചെയ്യുന്നു.

قَالَ رسول الله صلى الله عليه وسلم تَكُوْنُ النبُوَّةُ فيكُمْ مَاشَاء اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تعَالىٰ ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النّبُوَّة مَاشَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا عَاضًا مَاشاء اللّٰهُ اَنْ يَّكُوْنَ ثُمَّ يرفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا جَبْرِيَّةً فَيَكُوْنُ مَاشَاء اللّٰهُ اَنْ يَكُوْنَ ثُمَّ يَرْفَعُهَا اللّٰه تعالىٰ ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنهَاجِ النُّبُوَّة

(مشكوة)

അർത്ഥം: അല്ലാഹു ഇച്ഛിക്കുന്നത് വരെ ഈ നുബുവ്വത്ത് നിങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. പിന്നീടു അല്ലാഹു അതിനെ ഉയർത്തുന്നതാണ്. പിന്നീട് അല്ലാഹു ഇച്ഛിക്കുന്നത് വരെ നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്തുണ്ടാകും. പിന്നെ അല്ലാഹു അതിനെ ഉയർത്തുന്നതാണ്. പിന്നെ അല്ലാഹു ഇച്ഛിക്കുന്നത് വരെ കഠിനമായ ഭരണകൂടമുണ്ടാകും. അതിന്നുശേഷം അല്ലാഹു അതിനെ ഉയർത്തുന്നതാണ്., പിന്നെ അല്ലാഹു ഇച്ഛിക്കുന്നത് വരെ ബലാൽക്കാരമായ ഭരണകൂടമുണ്ടാകും. പി ന്നീടു അല്ലാഹു അതിനെയും ഉയർത്തുന്നതാണ്. അതിന്നുശേഷം നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്തുണ്ടായിരിക്കും.

പ്രസ്തുത ഹദീസിൽ ഖിലാഫത്ത് അലാമിൻ ഹാജിന്നുബുവ്വത്ത് എന്ന വാക്ക് രണ്ടു പ്രാവശ്യം വന്നിരിക്കുന്നു. ഒന്നു ഹസ്റത്ത് റസൂൽ തിരുമേനിക്കുശേഷം സ്ഥാപിതമായ ഖിലാഫത്തിനെക്കുറിച്ചും മറ്റൊന്ന് അവസാ

നകാലത്ത് ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ നുബുവ്വത്തിന്നുശേഷമുണ്ടാകുന്ന ഖിലാഫത്തിനെക്കുറിച്ചും ആണ്. ഇതിൽ നിന്നും ഖിലാഫത്ത്, നുബുവ്വത്തിന്നുശേഷം സ്ഥാപിതമാകുന്ന ആത്മീയ പ്രസ്ഥാനമാണെന്ന് മനസ്സിലാക്കാം.

ഇതു സംബന്ധിച്ച് ഹസ്റത്ത് റസൂൽകരീം (സ) തന്നെ അരുൾ ചെയ്യുന്നു

"മാമിൻ നുബുവ്വത്തിൻ ഖത്തു

ഇല്ലാതബിഅത്ത് ഹാ ഖിലാഫത്തുൻ"

ഓരോ നുബുവ്വത്തിന്നും ശേഷം ഖിലാഫത്തുണ്ട്.

(കൻസുൽ ഉമ്മാൽ വാല്യം 6. പേജ് 119).

ഇതിൽ നിന്നും ഖിലാഫത്ത് പ്രസ്ഥാനത്തിന്നു മുമ്പ് അതുമായി ബന്ധപ്പെട്ട നുബുവ്വത്തിന്റെ ആവശ്യകത മനസ്സിലാവുന്നു. ഈയടുത്തകാലത്ത് ഖിലാഫത്ത് സ്ഥാപനത്തിന്നായുള്ള സംരംഭങ്ങളുടെ പരാജയം ഈ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു.

**ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)**

ചുരുക്കത്തിൽ അല്ലാഹു രണ്ടുവിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങൾ വെളിപ്പെടുത്തുന്നു. ഒന്നാമതായി പ്രവാചകന്മാരുടെ കരങ്ങളിലൂടെ തന്റെ ദിവ്യശക്തി പ്രകടമാക്കുന്നു. രണ്ടാമതായി പ്രവാചകന്റെ ചരമത്തിന്നുശേഷം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങൾക്കു ഭംഗം വന്നു എന്നു കരുതപ്പെടുകയും ഇതോടെ ഈ ജമാഅത്ത് നശിച്ചുപോകുന്നതാണെന്ന് ശത്രുക്കൾ ഉറപ്പാക്കുകയും ജമാഅത്തിലുള്ള ജനങ്ങൾ കൂടി സംശയഗ്രസ്തരായിത്തീരുകയും അവരുടെ സ്ഥിരചിത്തതക്ക് ചാഞ്ചല്യം സംഭവിക്കുകയും ചില ഭാഗ്യദോഷികൾ പിന്തിരിഞ്ഞു പോകുവാൻ സന്നദ്ധരാവുകയും ചെയ്യുന്ന അവസരത്തിൽ അല്ലാഹു രണ്ടാമതും തന്റെ അതിമഹത്തായ ദിവ്യശക്തി വെളിപ്പെടുത്തുകയും അങ്ങനെ നാശോന്മുഖമായികൊണ്ടിരിക്കുകയാണെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന ജമാഅത്തിനെ സംരക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ആരാണോ അവസാനം വരെ സഹനം കൈക്കൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ അത്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹസ്റത്ത് അബൂബക്കർ (റ)യുടെ കാലത്ത് സംഭവിച്ചത് പോലെ ഹസ്റത്ത് മുഹമ്മദു നബി(സ)യുടെ വേർപാട് അകാലത്തുണ്ടായ ഒരു വേർപാടാണെന്നു തെറ്റിദ്ധരിക്കപ്പെടുകയും ധാരാളം ബദവികൾ മൂർത്തദ്ദാവുകയും ദുഃഖഭാരത്താൽ സഹാബാക്കൾ ഉന്മാദരെപ്പോലെ ആയിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഹസ്റത്ത് അബൂബക്കറി(റ)നെ എഴുന്നേല്പിച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തി പ്രകടിപ്പിച്ചു. അങ്ങനെ ഇസ്ലാമിനെ നാശഗർത്തത്തിൽ പതിക്കുന്നതിൽ നിന്നും രക്ഷപ്പെടുത്തി.....

"അതുകൊണ്ട് അല്ലയോ എന്റെ പ്രിയപ്പെട്ടവരേ, അല്ലാഹുവിന്റെ സനാതനമായ ഒരു ചര്യയാണിത്. അതായത് എതിരാളികളുടെ നിരർത്ഥകമായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിന്നുവേണ്ടി തന്റെ രണ്ടുവിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങൾ അവൻ വെളിപ്പെടുത്തുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭവ്യമല്ല. അതുകൊണ്ട് ഞാൻ നിങ്ങളോടു വിവരിച്ച ഈ കാര്യങ്ങളിൽ നിങ്ങൾ വ്യസനാക്രാന്തരായിത്തീരുകയോ നിങ്ങൾക്കു മനഃക്ലേശമുണ്ടാവുകയോ അരുത്. കാരണം നിങ്ങൾ രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടതാവശ്യമാണ്. അതിന്റെ ആഗമനം നിങ്ങൾക്കു ഗുണകരമാകുന്നു. കാരണം അതു ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാകുന്നു. ഞാൻ പോകാതിരുന്നാൽ ആ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്കുവേണ്ടി ആ രണ്ടാം ദിവ്യശക്തി അയക്കുന്നതായിരിക്കും. 'ബറാഹീനെ അഹ്മദിയാ' യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ആ രണ്ടാം ശക്തി എപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല, നിങ്ങളെക്കുറിച്ചുള്ളതാണ്.

"നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന്ന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം തന്നരുളുന്നതാണ്" എന്നു അല്ലാഹു പറയുന്നു. അതുകൊണ്ട് നിങ്ങളിൽ എന്റെ വേർപാടിന്റെ ദിനം പ്രകടമാകേണ്ടതാണ്. അനന്തരം ശാശ്വതവാഗ്ദാനത്തിന്റെ ദിനം വെളിപ്പെടുന്നതാണ്" (അൽവസിയ്യത്ത്).

ഇവിടെ പ്രഥമ ദിവ്യശക്തി പ്രഭാവം എന്നത് കൊണ്ടു നുബുവ്വത്തും ദ്വിതീയ ദിവ്യശക്തി പ്രഭാവം എന്നതുകൊണ്ടു അതിന്റെ പ്രതിച്ഛായയായ ഖിലാഫത്തും ആണുദ്ദേശ്യം. ഈ ദ്വിതീയശക്തി പ്രഭാവത്തെയാണ് ഹസ്റത്ത് റസൂൽ തിരുമേനി (സ) 'ഖിലാഫത്തുൻ അലാമിൻ ഹാജി ന്നുബുവ്വത്ത്' എന്ന് നാമകരണം ചെയ്തിരിക്കുന്നത്.

**ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ(റ)**

**ഖലീഫത്തുൽ മസീഹ് I**

'ഖലീഫയെ നിയമിക്കുന്നത് മനഷ്യന്റെ പണിയല്ലെന്നും അത് അല്ലാഹുവിന്റെ പണിയാണെന്നും ഞാൻ നിങ്ങളോടു പലവുരു പറഞ്ഞിട്ടുള്ളതും വിശുദ്ധ ഖുർആനിൽ നിന്നും കാണിച്ചുതന്നതുമാണ്.... അതുകൊണ്ട് ആരെങ്കിലും എന്നെ ആക്ഷേപിക്കുകയാണെങ്കിൽ ആ ആക്ഷേപിക്കുന്ന ആൾ ഒരു മലക്കായിരുന്നാലും ശരി, എനിക്കയാളോടു പറയുവാനുള്ളത് ആദമിന്റെ ഖിലാഫത്തിന്നുമുമ്പിൽ നമ്രശിരസ്കനാകുന്നതാണ് നല്ലതെന്നാണ്. അഹങ്കാരവും നിഷേധവും അഹംഭാവവും തങ്ങളുടെ സ്വഭാവമാക്കുകയാണെങ്കിൽ ഇബ്ലീസായിത്തീരുന്നതാണ്. ഇബ്ലീസിന്ന് ആദമിനെ എതിർത്തതുകൊണ്ട് എന്താണ് ഫലമുണ്ടായതെന്നോർക്കുക..... പിന്നീടു അല്ലാഹുത്തആല അബൂബക്കറിനെയും ഉമറിനെയും ഖലീഫയാക്കി. റാഫിളീങ്ങൾ ഇന്നും ആ ഖിലാഫത്തിനെക്കുറിച്ച് വിലപിച്ചുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കായ മനുഷ്യർ അബൂബക്കറിന്റെയും ഉമ

റിന്റെയും മേൽ സ്വലാത്ത് ചൊല്ലുന്നത് നിങ്ങൾ കാണു ന്നില്ലേ? എന്നെയും അല്ലാഹുവാണു ഖലീഫയാക്കിയിരിക്കു ന്നത് എന്ന് ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറ യുന്നു.... അഞ്ചുമനാണ് എന്നെ ഖലീഫയാക്കിയിരിക്കുന്ന തെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അയാൾ വ്യാജ നാണ്. ഇത്തരത്തിലുള്ള ചിന്താഗതികൾ നാശത്തിന്റെ വക്ക് വരെ കൊണ്ടുചെന്നെത്തിക്കുന്നു. നിങ്ങൾ അതിൽ നിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ" (ബദർ 11.7-1912).

"ഞാൻ മരണപ്പെട്ടാൽ അല്ലാഹു ഇച്ഛിക്കുന്ന ആൾ എഴുന്നേൽക്കുന്നതാണ്". (ബദർ 11.7-1912)

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് II (റ)

"സുഹൃത്തുക്കളേ, എന്റെ അവസാനത്തെ ഉപദേശം ഇതാണ്: എല്ലാ അനുഗ്രഹങ്ങളും ഖിലാഫത്തിലാണുള്ളത്. നുബുവ്വത്ത് ഒരു ബീജമാകുന്നു. അതിന്നുശേഷം ഖിലാഫത്ത് അതിന്റെ പ്രഭാവം ലോകത്ത് വ്യാപിപ്പിക്കുന്നു. നിങ്ങൾ ഖിലാഫത്തെ ഹഖീഖയെ ദൃഢമായിപ്പിടിക്കുക അതിന്റെ അനുഗ്രഹങ്ങൾ കൊണ്ട് ലോകത്തിന് പ്രയോജനം നൽകുക. അതിന്റെ ഫലമായി അല്ലാഹു നിങ്ങളുടെ മേൽ കരുണ കാണിക്കുമാറാകട്ടെ. നിങ്ങൾ ക്കു ഈ ലോകത്തും ഔന്നത്യം തന്നനുഗ്രഹിക്കുമാറാകട്ടെ. പരലോകത്തും ഒന്നത്യം തന്നനുഗ്രഹിക്കുമാറാകട്ടെ. മരണം വരെ നിങ്ങൾ നിങ്ങളുടെ വാഗ്ദാനങ്ങളെ പൂർത്തിയാക്കിക്കൊണ്ടിരിക്കുക. എന്റെ സന്തതികളെയും ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ സന്തതികളെയും അവരുടെ കുടുംബത്തിന്റെ പ്രതിജ്ഞയെക്കുറിച്ച് ഓർമ്മിപ്പിക്കുക. അഹ്മദിയ്യത്തിന്റെ മുബല്ലിഗുമാർ ഇസ്ലാമിന്റെ യഥാർത്ഥ പട്ടാളക്കാരായിത്തീരുമാറാകട്ടെ. ഈ ലോകത്ത് അല്ലാഹുവിന്റെ പ്രവർത്തകരായിത്തീരുമാറാകട്ടെ". (അൽഫസ്ൽ 20-5 -1959).

ഈ ആയത്തിൽ പ്രതിപാദിക്കപ്പെട്ട, റസൂലിനോടുള്ള അനുസരണം ഖലീഫയെ കൂടാതെ ഉണ്ടാകുന്നതല്ല. കാരണം റസൂലിനോടുള്ള അനുസരണത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം എല്ലാവരെയും ഐക്യത്തിന്റെ പാശത്തിൽ കോർത്തിണക്കുകയാണ്. സഹാബാക്കളും നമസ്കരിക്കാറുണ്ടായിരുന്നു. ഇന്നത്തെ മുസ്ലിംകളും നമസ്കരിക്കുന്നുണ്ട്. സഹാബാക്കളും ഹജ്ജ് ചെയ്യാറുണ്ടായിരുന്നു. ഇന്നത്തെ മുസ്ലിംകളും ഹജ്ജ് ചെയ്യുന്നുണ്ട്. പിന്നെ സഹാബാക്കൾക്കും ഇന്നത്തെ മുസ്ലിംകൾക്കുമിടയിൽ എന്ത് വ്യത്യാസമാണുള്ളത്? അതിതാണ്: ഒരു വ്യവസ്ഥിതിക്കധീനരായത് കൊണ്ടു സഹാബാക്കളിൽ അനുസരണത്തിന്റെ ആത്മാവ് അതിന്റെ പരിപൂർണ്ണതയിൽ എത്തിയിരുന്നു. ഹസ്റത്ത് റസൂൽ തിരുമേനി(സ) അവരോടെന്തു കല്പിച്ചാലും ഉടനെത്തന്നെ അതിനെ പ്രാവർത്തികമാക്കാൻ അവർ എഴുന്നേൽക്കാറുണ്ടായിരുന്നു. എന്നാൽ അനുസരണത്തിന്റെ ഈ ആത്മാവ് ഇന്നത്തെ മുസ്ലിംകളിലില്ല... കാരണം അനുസരണത്തിന്റെ ധാതു ഒരു വ്യവസ്ഥിതിയില്ലാതെ ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ ഖിലാഫത്തുണ്ടെങ്കിൽ മാത്രമേ റസൂലിനോടുള്ള അനുസരണവും ഉണ്ടാവുകയുള്ളു". (തഫ്സീർ കബീർ സൂറ: നൂർ. പേജ് 369).

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് III (റ)

"അല്ലയോ പ്രിയമുള്ള സഹോദരന്മാരേ, നിങ്ങൾക്കു ലഭ്യമായിരിക്കുന്ന ദൈവിക സാമീപ്യമാകുന്ന സ്ഥാനങ്ങൾ നിങ്ങൾ നിലനിറുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആത്മീയതയിൽ പുരോഗതി പ്രാപിക്കാൻ ഇച്ഛിക്കുന്നുവെങ്കിൽ, കാലത്തിന്റെ ഖലീഫയുമായി സുദൃഢബന്ധം പുലർത്തുക. കാരണം, ഈ ബന്ധം വിച്ഛേദിക്കപ്പെടുകയാണെങ്കിൽ ഹസ്റത്ത് മുഹമ്മദു നബി (സ)യുമായുള്ള ബന്ധവും വിച്ഛേദിക്കപ്പെടുന്നതാണ്". (അൽഫസൽ 31-12-1968).

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV

"ഭാവിയിലും എതിർപ്പു തീർച്ചയായും ഉണ്ടാകും. ഇതിനെ നിഷേധിക്കുന്നില്ല. കാരണം പ്രയാസകരമായ വഴികളിൽ കൂടി ചരിക്കുകയും പുരോഗതികൾക്കുശേഷം പുരോഗതികളുടെ ഘട്ടങ്ങളിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നത് ജമാഅത്തിന്റെ വിധിയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ പ്രയാസങ്ങളാണ് ജമാഅത്തിന്ന് ജീവിതത്തിന്നുള്ള വഴികൾ സജ്ജമാക്കിക്കൊടുക്കുന്നത്. ഈ എതിർപ്പിന്നുശേഷം രൂക്ഷമായ എതിർപ്പുകളാണ് എനിക്കു കാണുവാൻ സാധിക്കുന്നത്. ഒന്നോ രണ്ടോ ഭരണകൂടങ്ങളുടെതല്ല, ഇതിലും കൂടുതൽ ഭരണകൂടങ്ങൾ ഒന്നായി നിന്നുകൊണ്ടു ജമാഅത്തിനെ നശിപ്പിക്കുവാനുള്ള ഗൂഢാലോചനകൾ ചെയ്യുന്നതാണെന്നാണ് എനിക്ക് മനസ്സിലാവുന്നത്. എത്രയധികം ഗൂഢാലോചനകൾ അവർ നടത്തുമോ, അത്ര കണ്ടു ഭീമമായ പരാജയങ്ങൾ അവരുടെ വിധിയിൽ എഴുതപ്പെടുന്നതാണ്. എനിക്ക് മുമ്പുള്ള ഖലീഫമാർ പിന്നീടു വരുന്ന ഖലീഫമാർക്ക് ധൈര്യം പകർന്നു കൊടുത്തിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ അർപ്പണം ചെയ്യേണമെന്നും ഒരെതിർപ്പിനെയും ഭയപ്പെടേണ്ടതില്ലെന്നും അവർ പറഞ്ഞിരുന്നു. ഞാൻ എനിക്കുശേഷം വരുന്ന ഖലീഫമാരോടും അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ടു പറയുന്നു. നിങ്ങളും ധൈര്യമായിട്ടിരിക്കുക. എന്നെ പ്പോലെ ധൈര്യവും സഹനശക്തിയും കാണിക്കുക. ലോകത്തുള്ള ഒരു ശക്തിയെയും ഭയപ്പെടാതിരിക്കുക. താഴെക്കിടയിലുള്ള എതിർപ്പുകളെ നാമാവശേഷമാക്കിയ അല്ലാഹു ഇനി വരാനിരിക്കുന്ന ശക്തിമത്തായ എതിർപ്പുകളെയും നശിപ്പിച്ചു തരിപ്പണമാക്കിത്തീർക്കുന്നതാണ്. ലോകത്ത് നിന്നു അവരുടെ അടയാളങ്ങൾ തന്നെ അല്ലാഹു മായ്ച്ചുകളയുന്നതാണ്. ജമാഅത്ത് ഏതായാലും ഒരു വിജയത്തിലേക്കു പ്രവേശിക്കുന്നതാണ്. ലോകത്തുള്ള ഒരു ശക്തിക്കും ഈ ദൈവവിധിയെ മാറ്റുവാൻ സാധ്യമല്ല." (28-7-1984-ൽ ചെയ്ത പ്രഭാഷണം).

"ഞാൻ പാക്കിസ്താനിലെ മൗലവിമാരോട് "നിങ്ങൾ അഹ്മദിയ്യത്തിന്റെ പുരോഗതിയുടെ മാർഗ്ഗത്തിൽ തടസ്സങ്ങൾ ഉണ്ടാക്കരുതെന്നും അത് നിങ്ങൾക്കുതന്നെ നാശകര

മായിത്തീരുമെന്നും പറഞ്ഞിരുന്നു. നിങ്ങൾ ഒരു വഴി അടക്കുമെങ്കിൽ അല്ലാഹു ഡസൻ കണക്കിലുള്ള മറ്റുവഴികൾ തുറന്നുതരുന്നതാണെന്നും നിങ്ങൾ ഭൗമികമായ വഴികൾ അടക്കുമെങ്കിൽ ലോകത്തുള്ള ഒരു ശക്തിക്കും തടസ്സപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആകാശത്ത് നിന്നുവർഷിച്ചുകൊണ്ടിരിക്കുന്നതാണ്.... എന്നും പറഞ്ഞിരുന്നു. ഞാനവരോടു ഇപ്രകാരം ചോദിച്ചതായിട്ടെനിക്കിപ്പോഴും ഓർമ്മയുണ്ട്. അതായത്, ആകാശത്തുനിന്ന് അഹ്മദിയ്യാ ജമാഅത്തിന്നു മീതെ അനുഗ്രഹങ്ങളുടെ മഴ പെയ്യുമ്പോൾ നിങ്ങളുടെ കുടകളാലും കൂടാരങ്ങളാലും ആ മഴയെ നിങ്ങൾക്കു തടുത്തു നിറുത്തുവാൻ സാധിക്കുമോ....? ഇന്നു ചക്രവാളങ്ങളോളം പരന്നു കിടക്കുന്ന ദൈവികാനുഗ്രഹങ്ങളുടെ മേഘങ്ങളെ - അതെ ഇന്നു നാലു ഭൂഖണ്ഡങ്ങളിൽ പരന്നുകൊണ്ടിരിക്കുന്ന ദൈവിക കാരുണ്യത്തിന്റെ മേഘങ്ങളെ ലോകത്തെങ്ങും പെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളുടെ മഴയെ തടുത്തുനിറുത്തുവാൻ, അവയുടെ വഴിയെ തടസ്സപ്പെടുത്തുവാൻ ഏതൊരു മൗലവിക്കാണു സാധിക്കുക? ഏതൊരു കുട പിടിച്ചാണ് ഈ മൗലവിമാർ ദൈവികാനുഗ്രഹങ്ങൾ ഭൂമിയിൽ ഇറങ്ങുന്നതിനെ തടുത്തുനിറുത്തുക? നിങ്ങളുടെ എല്ലാ ശക്തികളും പ്രയോഗിച്ചുകൊണ്ട് ഈ ദൈവികാനുഗ്രഹങ്ങളെ തടുത്തുനിറുത്തുവാൻ ശ്രമിച്ചുകൊള്ളുക. വിശുദ്ധ ഖുർആൻ ശൈത്താനെ വെല്ലുവിളിച്ചത് പോലെ നിങ്ങളുടെ കുതിരപ്പടകളെ പായിക്കുക. എന്നാൽ നിങ്ങൾക്കൊരിക്കലും ദൈവദാസന്മാരുടെ പുരോഗതിയുടെ വഴിയിൽ ഒരു തടസ്സവും ഉണ്ടാക്കുവാൻ സാധിക്കുകയില്ല. ഞങ്ങൾ അല്ലാഹുവിന്റെ ദാസന്മാരാണ്. ഞങ്ങളെ പരാജയപ്പെടുത്തുവാൻ നിങ്ങൾക്കു സാധ്യമല്ല. നിങ്ങളുടെ എല്ലാ ശക്തികളും ഒന്നിച്ച് പ്രാവർത്തികമാക്കിയാലും അല്ലാഹുവിന്റെ തിരുനാമത്തിൽ ഞാൻ ആണയിട്ടുപറയുകയാണ്. നിങ്ങൾക്കൊരിക്കലും വിജയം വരിക്കുവാൻ സാധ്യമല്ല". (ഖുത്തുബ 21-8-1982)

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് V

"ഖുദ്റത്തെസാനിയ: (ദ്വിതീയ ദൈവികശക്തി പ്രഭാവം) അല്ലാഹുവിൽ നിന്നുള്ള ഏറ്റവും വലിയ ഉപഹാരമാണ്. അതിന്റെ ഉദ്ദേശ്യം സമുദായത്തെ ഏകീകരിക്കുകയും ഭിന്നതകളിൽ നിന്നും സംരക്ഷിക്കുകയുമാണ്. ജമാഅത്തംഗങ്ങൾ മുത്തുമണികളെപ്പോലെ കോർത്തിണക്കപ്പെടുന്ന ചരടാണിതു. മുത്തുകൾ ചിതറിപ്പോവുകയാണെങ്കിൽ അവ സുരക്ഷിതമായിത്തീരുകയോ അവയുടെ മനോഹാരിത അറിയപ്പെടുകയോ ചെയ്യുന്നതല്ല. ഒരേ ചരടിൽ കോർത്തിണക്കപ്പെടുന്ന മുത്തുമണികളാണ് മനോഹരവും സുരക്ഷിതവും ആയിത്തീരുക. ഈ രണ്ടാം ശക്തിപ്രഭാവം ഇല്ലെങ്കിൽ സത്യമതമായ ഇസ്‌ലാം ഒരിക്കലും പുരോഗതി പ്രാപിക്കുന്നതല്ല. അതുകൊണ്ട് ഈ ശക്തിപ്രഭാവത്തോടു പൂർണ്ണമായ നിലയിൽ ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും വിശ്വാസത്തിന്റെയും ബന്ധം പുലർത്തുക. ഖിലാഫത്തിനോടുള്ള അനുസരണാവേശം സ്ഥായിയാക്കുക. ഇതര എല്ലാ സ്നേഹബന്ധങ്ങളും നിസ്സാരമാകും വണ്ണം ഖിലാഫത്തിനോടുള്ള സ്നേഹബന്ധം വർദ്ധിപ്പിക്കുക. ഇമാമുമായുള്ള ബന്ധത്തിലാണ് എല്ലാ അനുഗ്രഹങ്ങളും ഉള്ളത്. അതൊന്നുമാത്രമാണ് എല്ലാവിധ കുഴപ്പങ്ങൾക്കും പരീക്ഷണങ്ങൾക്കുമെതിരിൽ ഒരു പരിചയായിട്ടുള്ളത്." ഇത് സംബന്ധിച്ചു ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) അരുൾ ചെയ്യുന്നു:

"വൃക്ഷവുമായി ബന്ധപ്പെട്ട ശാഖ മാത്രമേ ഫലം തരികയുള്ളൂ. വൃക്ഷത്തിൽ നിന്നും വേർപ്പെടുത്തപ്പെട്ട ശാഖ ഫലം തരുന്നതല്ല. അതേപ്രകാരം തന്നെ ഇമാമുമായി ബന്ധപ്പെടുന്ന ആൾക്കു മാത്രമെ പ്രസ്ഥാനത്തിന്നു ഉപയോഗപ്രദമായി എന്തെങ്കിലും പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഒരാൾ ഇമാമുമായി, തന്നെ ബന്ധപ്പെടുത്താതിരിക്കുകയാണെങ്കിൽ അയാൾ ലോകത്തുള്ള എല്ലാ അറിവുകളുടെയും കേദാരമായിരുന്നാലും ഒരു കുഞ്ഞാടിന്നു ചെയ്യുവാൻ സാധിക്കുന്ന കാര്യം പോലും ചെയ്യുവാൻ അയാൾക്കു സാധിക്കുന്നതല്ല. അതുകൊണ്ട് നിങ്ങൾ പുരോഗതി പ്രാപിക്കുകയും ലോകത്ത് വിജയം കൈവരിക്കുകയും ചെയ്യേണമെങ്കിൽ നിങ്ങൾക്കു തരുവാനുള്ള എന്റെ ഉപദേശവും സന്ദേശവും ഇതാണ്: നിങ്ങൾ ഖിലാഫത്തുമായി ബന്ധപ്പെടുക. ഈ ദൈവിക പാശം മുറുകെ പിടിക്കുക. നമ്മുടെ എല്ലാ പുരോഗതികളുടെയും നിദാനം ഖിലാഫത്തുമായുള്ള ബന്ധമാണ്. അല്ലാഹു നിങ്ങളെല്ലാവരുടെയും സംരക്ഷകനും സഹായിയും ആയിത്തീരുമാറാകട്ടെ. നിങ്ങൾക്കു അഹ്മദിയ്യത്തും ഖിലാഫത്തുമായി പൂർണ്ണമായ വിശ്വസ്തതയും ബന്ധവും ഉണ്ടായിത്തീരുമാറാകട്ടെ. ആമീൻ".

(അൽഫസൽ ഇന്റർനേഷനൽ 23-5-2003).

ഇന്നു ആഗോളാടിസ്ഥാനത്തിൽ സർവ്വതോന്മുഖമായി അഹ്മദിയ്യാ ജമാഅത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന പുരോഗതിക്കും അഭിവൃദ്ധിക്കും നിദാനമായിട്ടുള്ളത് അതിലുള്ള ഖിലാഫത്ത് എന്ന ആത്മീയ പ്രസ്ഥാനവും ലോകത്തങ്ങോളമിങ്ങോളമുള്ള കോടിക്കണക്കിലുള്ള അഹ്മദികളുടെ ഖിലാഫത്തിനോടുള്ള അനുസരണ ബദ്ധതയുമാണ്. ■

"ഞാനിവിടെ (ലണ്ടനിൽ ഹിജ്റത്ത് ചെയ്തു) വന്നതിനുശേഷം എനിക്കു ലഭിച്ചുകൊണ്ടിരുന്ന ദൈവികാനുഗ്രഹങ്ങളും സഹായങ്ങളും എന്റെ എല്ലാ സങ്കല്പങ്ങളെയും മറികടന്നുള്ളവയാണ്. അതെ, ഈ ദൈവികാനുഗ്രഹങ്ങൾക്കു മുന്നിൽ ഞാൻ പകച്ചു നിൽക്കുകയാണ്. അതെണ്ണിപ്പറയുന്നതിൽ ഞാൻ പരാജിതനായിരിക്കുന്നു"

***(ഖലീഫത്തുൽ മസീഹ് റാബിഅ്)***

***(റഹ്മത്തുല്ലാഹി)***

ലേഖനം

# വിശുദ്ധ ഖുർആനും ലിംഗ നിർണ്ണയ ചരിത്രവും

എം. അലി വെള്ളയിൽ

**ലിംഗനിർണ്ണയത്തെപ്പറ്റിയുള്ള ഖുർആന്റെ പരാമർശങ്ങളിലെ അതിസൂക്ഷ്മമായ ശാസ്ത്രീയ കണിശത നമ്മെ അത്ഭുതപ്പെടുത്തുന്നു.**

പത്തൊമ്പതാം നൂറ്റാണ്ട് മുതൽ ഇരുപതാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം ലോക ചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമാണ്. അത് വിപ്ലവകരമായ ഒരു മഹാപ്രളയത്തിന്റെ കാലഘട്ടമായിരുന്നു. ഈ വിപ്ലവം മാനവസമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും പരിവർത്തനോന്മുഖമായ പ്രതികരണങ്ങൾ ഉളവാക്കുകയുണ്ടായി. ആ കാലഘട്ടം ആത്മീയവും ഭൗതികവുമായ മഹാജ്ഞാനങ്ങളുടെ ഒരു പ്രളയം തന്നെ സൃഷ്ടിച്ചു. സർവജ്ഞൻ ആകാശത്തിൽ നിന്നും വിജ്ഞാനത്തിന്റെ കവാടങ്ങൾ മനുഷ്യമനസ്സുകളിലേക്ക് മലർക്കെ തുറന്നിടാൻ കാരണമെന്തായിരുന്നു? എല്ലാ മതഗ്രന്ഥങ്ങളും വാഗ്ദാനം ചെയ്ത മഹാപരിഷ്കർത്താവായ (ഹ. മിർസാ ഗുലാം അഹ്മദ് (അ)) – ഒരു പ്രവാചകന്റെ കാലഘട്ടമായതുകൊണ്ടാണതെന്നത് ദൈവശാസ്ത്രപരവും യുക്തിസഹവുമായ ഒരു പരികല്പനയാണ്.

വിജ്ഞാനത്തിന്റെ പ്രളയകാലഘട്ടത്തിൽ മനുഷ്യന് വെളിപ്പെട്ട ഒരു നിഗൂഢ രഹസ്യമാണ് ലിംഗനിർണ്ണയം. ലിംഗനിർണ്ണയ രഹസ്യങ്ങൾ മനുഷ്യന് അജ്ഞാതമായിരുന്ന കാലഘട്ടങ്ങളിൽ ലോകത്തിന്റെ ഗതി നിർണ്ണയിച്ചിരുന്ന വൈജ്ഞാനിക വീരന്മാരായിരുന്ന ദാർശനികരും, ബുദ്ധിജീവികളും, ലിംഗനിർണ്ണയത്തെ സംബന്ധിച്ച് എന്താണ് പറഞ്ഞിട്ടുള്ളതെന്നറിയാനുള്ള ചരിത്രപര്യവേക്ഷണവും പുനർവായനയുമാണിത്.

അരിസ്റ്റോട്ടിൽ മുതൽ ചാൾസ് ഡാർവിൻ വരെയുള്ള പ്രതിഭാശാലികളുടെ ലിംഗനിർണ്ണയ സംബന്ധമായ അഭിപ്രായങ്ങൾ വർത്തമാനകാല വൈജ്ഞാനിക സാഹചര്യത്തിൽ അവലോകനം ചെയ്യുമ്പോൾ, അവയെല്ലാം വൈജ്ഞാനിക വൃത്തത്തിൽ നിന്ന് അജ്ഞാനവൃത്തത്തിലേക്ക് സ്ഥാനാന്തരം സംഭവിച്ചതാണെന്നു കാണാം. എന്നാൽ വി. ഖുർആന്റെ പ്രസ്താവങ്ങൾ വർത്തമാനകാലത്തിൽ പോലും പ്രസക്തമായി ഉയർന്നുനിൽക്കുന്ന വർണ്ണശബളമായ ചിത്രമാണ് പ്രദർശിപ്പിക്കുന്നത്.

വിശ്വപ്രസിദ്ധരായ എഴുത്തുകാർ ആധികാരികമായി ഉദ്ധരിക്കുന്ന ഒരു ജനിതക ചരിത്രകാരനാണ് കോൺവേ സിർക്കിൾ. ലിംഗനിർണ്ണയ സംബന്ധമായ ഒട്ടുമിക്ക അബദ്ധ ജല്പനങ്ങളും ശേഖരിച്ചത് കോൺവേ സിർക്കിളാണ്. ഇദ്ദേഹം പുരാതന ഹിബ്രുവംശജരിൽ നൂറ്റാണ്ടുകളോളം നിലനിന്നിരുന്ന ഒരു വിശ്വാസം എടുത്തു പറയുന്നു. അവരുടെ വിശ്വാസപ്രകാരം മനുഷ്യന് രണ്ട് വൃഷണങ്ങളുള്ളത് കേവലം യാദൃശ്ചികമല്ല. രണ്ട് വൃഷണങ്ങൾ ലിംഗപരമായി രണ്ട് വർഗങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വലതുവശത്തുള്ള വൃഷണം പുരുഷവിത്തും, ഇടതുവശത്തുള്ളത് സ്ത്രീവിത്തും ഉൽപ്പാദിപ്പിക്കുന്നു. സംയോഗാവസരത്തിൽ ഏത് വൃഷണത്തിൽ നിന്നാണോ രേതസ്രാവമുണ്ടാകുന്നത് അതിനെ അടിസ്ഥാനമാക്കിയാണ് ലിംഗനിർണ്ണയം നടക്കുന്നത്. ഈ കാലഘട്ടങ്ങളിൽ കാലിവളർത്തുകാർ അവർക്ക് പെൺസന്താനം ആവശ്യമില്ലെങ്കിൽ മൃഗങ്ങളുടെ ഇടത് വൃഷണം വരിഞ്ഞുകെട്ടിയിട്ടായിരുന്നു ഇണ ചേരാൻ അനുവദിച്ചിരുന്നത്. ഹിബ്രുവംശജരുടെ ഈ വിശ്വാസം പുരാതനഗ്രീസിലും എത്തിച്ചേർന്നിരുന്നു.

അരിസ്റ്റോട്ടിൽ ഹിബ്രുവംശജരുടെ ഈ വിശ്വാസത്തെ നിശിതമായി വിമർശിച്ചു. പകരം അക്കാലത്ത് ഗ്രീസിലുണ്ടായിരുന്ന മറ്റൊരു വിശ്വാസത്തെയാണ് അരിസ്റ്റോട്ടിൽ അനുകൂലിച്ചത്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിന്റെ പിൻബലമുണ്ടായതുകൊണ്ട് മാത്രം ആ വിശ്വാസം പതിനേഴാം നൂറ്റാണ്ട് വരെയുള്ള ശാസ്ത്രപ്രസിദ്ധി

കരണങ്ങളിൽ നിലനിന്നതായി കോൺവേ സിർക്കിൾ ചൂണ്ടിക്കാണിക്കുന്നു. അരിസ്റ്റോട്ടിലിന്റെ അംഗീകാരം ലഭിച്ചിരുന്ന ആ വിശ്വാസം കാറ്റിന്റെ ഗതിയനുസരിച്ചാണ് ലിംഗനിർണ്ണയം നടക്കുന്നതെന്നാണ്. ഇണചേരുന്ന അവസരത്തിൽ വടക്കൻ കാറ്റ് വീശിയാൽ പുരുഷപ്രജയും, തെക്കൻ കാറ്റടിച്ചാൽ പെൺപ്രജയുമായിരിക്കും ഉണ്ടാകുന്നതെന്നാണ് മനസ്സിലാക്കപ്പെട്ടിരുന്നത്! കാലിവളർത്തുകാർ പെൺസന്താനങ്ങളെ ലഭിക്കാൻ വേണ്ടി തെക്കൻ കാറ്റ് വീശുമ്പോൾ മാത്രമാണ് മൃഗങ്ങളെ ഇണചേരാൻ അനുവദിച്ചിരുന്നത്! വിജ്ഞാനത്തിന്റെ കപടവേഷം ധരിച്ച ഇത്തരം അജ്ഞാനങ്ങൾ കാരണം ഏറ്റവും അധികം കബളിപ്പിക്കപ്പെട്ടവർ കാലിവളർത്തുകാരായിരുന്നു.

ലിംഗനിർണ്ണയപരമായ മറ്റൊരു ആശയം പിന്നീട് ഉയർന്നുവന്നു. വളരെ വ്യാപകമായി പ്രചാരത്തിൽ നിലനിന്നിരുന്ന ഒരാശയമായിരുന്നു അത്. ഇണ ചേരുന്ന അവസരത്തിൽ ഏറ്റവും കൂടുതൽ ലൈംഗികാസക്തി പ്രകടിപ്പിക്കുന്നതാരാണോ അവരുടെ പകർപ്പായിരിക്കും പ്രജ. ഇണ ചേരുന്ന വേളയിൽ ഏറ്റവും കൂടുതൽ ലൈംഗികാസക്തി പ്രകടിപ്പിക്കുന്നത് പുരുഷനാണെങ്കിൽ സന്താനം ആണായിരിക്കും. ഈ വിശ്വാസം അൽപം പുരോഗമനപരമായതിനാൽ ഇത് വളരെ വ്യാപകമായി പ്രചരിച്ചിരുന്നു.

വ്യാജമായ ഒരു ഹദീസിന്റെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത് ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പു പുരാതന അറേബ്യയിൽ ഇങ്ങനെ ഒരു വിശ്വാസം നിലനിന്നതായാണ്. സംയോഗത്തിന് ഏർപ്പെടുന്ന അവസരത്തിൽ ആർക്കാണോ ആദ്യം സ്ഖലിക്കുന്നത് അവരുടെ തനിപ്പകർപ്പായിരിക്കും സന്താനം എന്നാണ് അവർ വിശ്വസിച്ചിരുന്നത് പുരുഷനാണ് ആദ്യം സ്ഖലിക്കുന്നതെങ്കിൽ സന്താനം ആണായിരിക്കും. ഇതിൽ മറ്റൊരു തെറ്റായ വിശ്വാസം കൂടി ഉൾച്ചേർന്നിരിക്കുന്നു. സംയോഗാവസരത്തിൽ സ്ത്രീക്ക് ശുക്ലസ്ഖലനമുണ്ടാകുമെന്നതാണത്!

സാമൂഹ്യമായി നിലനിന്നിരുന്ന മറ്റൊരു വിശ്വാസം സ്ത്രൈണസ്വഭാവമുള്ള പുരുഷന്മാർക്ക് ആൺസന്താനം ജനിക്കില്ലായെന്നാണ്. സമൂഹത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിയ ഒരു വിശ്വാസമായിരുന്നു ഇത്! ഈ വിഷയത്തെ ആസ്പദമാക്കി നിരവധി ഹാസ്യനാടകങ്ങൾ വരെ യൂറോപ്പിലിറങ്ങിയിരുന്നുവെന്നാണ് ജനിതക ചരിത്രം വ്യക്തമാക്കുന്നത്.

പതിനാറാം നൂറ്റാണ്ടിന്റെ അവസാനം വരെ ജീവശ്ശാസ്ത്രപരമായ പഠനങ്ങളെല്ലാം ഉപരിപ്ലവപരമായതായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ സൂക്ഷ്മദർശിനി നിർമിക്കാൻ സാധിച്ചതോടെയാണ് ജൈവശാസ്ത്രപഠനങ്ങൾ ആന്തരികമായ അഗാധതകളിലേക്ക് ആഴ്ന്നിറങ്ങുന്നത്. മുമ്പ് ഗലീലിയോ ആകാശത്തിലെ നിഗൂഢതകളിലേക്ക് ദൂരദർശിനിയിലൂടെ ദൃഷ്ടികൾ അയച്ചപ്പോൾ, ലൂയെൻ ഹോക്ക് സ്വന്തമായി നിർമ്മിച്ച സൂക്ഷ്മദർശിനിയിലൂടെ സ്വന്തം നിഗൂഢതകളിലേക്കാണ് ദൃഷ്ടികൾ അയച്ചത്.

ലൂയൻഹോക്ക് ശുക്ലത്തെ പഠനവിധേമാക്കിയതിലൂടെ ബീജാണുക്കളെ കണ്ടെത്തുകയുണ്ടായി. അദ്ദേഹം അതിന് "അണുപ്രാണി" (അനിമൽ ക്യൂൾ) എന്ന് നാമകരണം ചെയ്തു. ലൂയെൻ ഹോക്കിന്റെ അഭിപ്രായത്തിൽ ബീജാണുക്കൾ ആൺപ്രജ നിർമിക്കുന്ന വിത്താണ്. ഈ വിത്തുകൾ പെൺപ്രജയുടെ ശരീരമാകുന്ന ഭൂമിയിൽ ഒരു ഭ്രൂണമായി വളർച്ച പ്രാപിക്കുന്നു. ലൂയെൻ ഹോക്കിന്റെ രചനകൾ പരേതനായ ഇടമറുക് ജോസഫ് കണ്ടിട്ടുണ്ടാകുകയില്ല. എന്തെന്നാൽ വി. ഖുർആൻ സ്ത്രീയെ ഒരു കൃഷിയിടത്തോടുപമിച്ചത് അദ്ദേഹത്തിന് തീരെ ദഹിച്ചിട്ടില്ല. അത് സ്ത്രീയെ വില കുറച്ചു കാണിക്കലാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഏഴാം നൂറ്റാണ്ടിൽ വിശുദ്ധ ഖുർആൻ ഉപയോഗിച്ച സമാനപദങ്ങൾ തന്നെ ഒരു സഹസ്രാബ്ദത്തിനുശേഷം പതിനേഴാം നൂറ്റാണ്ടിൽ പ്രതിഭാശാലിയായ ഒരു ജൈവശാസ്ത്രജ്ഞനും പ്രയോഗിക്കുന്നു. അപൂർവമായി സംഭവിക്കുന്ന ചരിത്രപരമായ ഒരു തനിയാവർത്തനമാണിത്.

അണ്ഡം ആദ്യമായി കണ്ടുപിടിച്ചത് ഏണസ്റ്റബൊൺബേർ എന്ന ശാസ്ത്രജ്ഞനാണ്. സസ്തനികളുടെ അണ്ഡമായിരുന്നു അത്. തുടർന്ന ദ്ദേഹം പല ജീവികളുടെയും ഭ്രൂണപരിവർദ്ധനം വിശദമായി പഠിക്കുകയും ചെയ്തു. ആധുനിക ഭ്രൂണവിജ്ഞാനത്തിന് അടിത്തറ സൃഷ്ടിച്ചത് ഇദ്ദേഹത്തിന്റെ പഠനങ്ങളാണ്. 1839–ൽ ഷ്വാൺ, ഷളിസർ എന്നീ ശാസ്ത്രജ്ഞന്മാർ ചേർന്ന് "കോശതത്വം" എന്നൊരു സിദ്ധാന്തം അവതരിപ്പിച്ചു. ശുക്ലാണുവിന്റെയും, അണ്ഡത്തിന്റെയും കോശാവസ്ഥ അവർ അതിൽ വിശദീകരിച്ചു.

ജനിതക ചരിത്രകാരനായ കോൺവേ സിർക്കിൾ, ചാൾസ് ഡാർവിന്റെ അഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തുന്നു: ഒരു പുംബീജം ഒരു അണ്ഡത്തെ സംയോജനം ചെയ്തല്ല, മറിച്ച് അണ്ഡത്തിന്മേൽ ശുക്ലത്തിന്റെ ആകമാന സ്വാധീനഫലമായാണ് ഭ്രൂണം ഉണ്ടാകുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ ലോകത്ത് പരിണാമവാദത്തിന്റെ കൊടുങ്കാറ്റ് അഴിച്ചുവിട്ട ചാൾസ് ഡാർവിന്റെ വാക്കുകൾ വർത്തമാനകാലഭ്രൂണ വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ വിചിന്തനം ചെയ്യുമ്പോൾ അത് സ്വന്തം അജ്ഞത വെളിപ്പെടുത്തലായി പരിണമിച്ചിരിക്കുന്നു എന്ന് മനസ്സിലാവുന്നു. ഫെല്ലോപ്പിയൻ റ്റ്യൂബിലൂടെയുള്ള പുംബീജങ്ങളുടെ മാരത്തോൺ ഓട്ടമത്സരത്തെക്കുറിച്ചു അജ്ഞനായതുകൊണ്ടാണ് ചാൾസു ഡാർവിൻ അങ്ങനെ പറഞ്ഞത്. എന്നാൽ വി.ഖുർആൻ ആ മാരത്തോൺ ഓട്ടത്തെ സംബന്ധിച്ചു വ്യക്തമാക്കുന്നു. "തെറിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുള്ള ഒരു കണമായിരുന്നില്ലേ

അവൻ”? (75:38)

ആയിരത്തിനാനൂറ് വർഷങ്ങൾ കൊണ്ട് മനുഷ്യൻ വൈജ്ഞാനിക മായി ഹിമാലയത്തോളം വളർന്നു. അതിനിടയിൽ നാളിത് വരെയുള്ള പ്രതിഭാശാലികളുടെ വാക്കുകൾ ഗീർവാണങ്ങളായി കലാശിച്ചുവെന്ന് ചരിത്രം വ്യക്തമാക്കുന്നു. ലോകം ഒരു ദാർശനികനായോ, ശാസ്ത്രജ്ഞ നായോ പരിഗണിക്കാത്ത ശാസ്ത്രവി ജ്ഞാനീയങ്ങൾ എന്തെന്നറിയാത്ത പ്രവാചകന്റെ വാക്കുകൾ ജനിതക മെക്കാനിസങ്ങൾ വ്യക്തമാക്കുന്നു. നമുക്ക് ലഭ്യമായ ചരിത്രബോധത്തിൽ നിന്ന് ഉരുത്തിരിയുന്ന യുക്തിബോധ ത്തിന്റെ അടിസ്ഥാനത്തിൽ ഇതൊരു ചരിത്രപരമായ വൈരുദ്ധ്യമാണ്. ഈ ചരിത്രപരമായ വൈരുദ്ധ്യത്തിനു അതുല്യനായ മഹാത്മാവ് മുഹമ്മദ് (സ) തന്നെ പരിഹാരം നിർദ്ദേശിക്കു ന്നു. ഇതെന്റെ വാക്കുകളല്ല, പ്രത്യുത ദൈവികവചനമാണ്! തീർച്ചയായും അതൊരു മാനുഷികചിന്തയായിരുന്നു വെങ്കിൽ ചരിത്രം വ്യക്തമാക്കിയതു പോലെ കാലത്തിന്റെ വൈജ്ഞാനിക കുത്തൊഴുക്കിൽ അതൊരു ഗീർവാ ണമായി കലാശിച്ചേക്കാം എന്നാണ് ചരിത്രബോധം സൃഷ്ടിക്കുന്ന യുക്തിശാസ്ത്രം നമ്മോട് ആവശ്യ പ്പെടുന്നത്.

ബീജസംയോജനം ആദ്യമായി ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചത് ജോർജ്ജ് ന്യൂപോർട്ട് എന്ന ശാസ്ത്ര ജ്ഞനാണ്. 1854-ൽ തവളയുടെ അണ്ഡത്തിൽ ശുക്ലാണു തുളച്ചുകയ റുന്നത് അദ്ദേഹം സൂക്ഷ്മദർശിനിയി ലൂടെ വീക്ഷിച്ചു. 1883ൽ ഫാൽബെ നിഡൻ ക്രോമസോമുകളുടെ ജനി തക തുടർച്ചാതത്വം പ്രസിദ്ധീകരിച്ചു. ജനനകോശങ്ങളുടെ ഉത്ഭവസമ യത്ത് ക്രോമസോമുകളുടെ സംഖ്യ യിൽ ന്യൂനീകരണം (23 ജോടി ക്രോമസോമുകളാണ് ഒരു കോശത്തി ലുണ്ടാകുക. ലൈംഗികകോശം നിർ മ്മിക്കപ്പെടുമ്പോൾ അത് 23 ആയി ചു രുങ്ങുന്നു. ഇതിനെയാണ് ന്യൂനീക രണം എന്ന് പറയുന്നത്) സംഭവിക്കു ന്നതായി ഈ തത്വത്തിൽ അദ്ദേഹം അവകാശപ്പെട്ടു. പാരമ്പര്യഗുണ ങ്ങൾക്ക് നിദാനം കോശ ന്യൂക്ലിയസാ ണെന്ന് ചില ശാസ്ത്രജ്ഞന്മാർ വെവ്വേറെ റിപ്പോർട്ടു ചെയ്തു. ബീജ സങ്കലനത്തിലെയും, കോശവിഭജന ത്തിലെയും ക്രോമസോമുകളുടെ പെരുമാറ്റത്തിന്റെ ഏറെക്കുറെ എല്ലാ വശങ്ങളെയും സ്പർശിക്കുന്ന ഒരു സിദ്ധാന്തം 1887-ൽ വിസുമാൻ അവ തരിപ്പിച്ചു. മിയോസിസി (ഒരു കോശം രണ്ട് അർദ്ധകോശങ്ങളായി പിളർന്നാ ണ് ലൈംഗികകോശങ്ങളുണ്ടാകുന്ന ത്. ഇതിനെയാണ് മിയോസിസു എ ന്നു പറയുന്നത്)നെക്കുറിച്ച് ആദ്യ മായി പ്രവചിച്ചത് വിസുമാനാണ്! മനു ഷ്യകോശത്തിൽ 24 ജോടി ക്രോമ സോമുകളുണ്ടെന്ന് 1898ൽ ഫ്ളമിങ്ങ് റിപ്പോർട്ടു ചെയ്തു. ഫ്ളമിങ്ങിന്റെ റിപ്പോർട്ടിൽ ഒരു ജോടി കൂടുതലായി രുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവ സാനത്തോടെ, ഇറ്റാലിയൻ ശാസ്ത്ര ജ്ഞനായ സ്പല്ലൻ സാനി തവ ളയുടെ അണ്ഡത്തിന്റെ വിഭജന പ്രക്രിയ ദർശിച്ചു. ഒരു കോശം വിഭ ജിക്കപ്പെടുമ്പോൾ അതിന്റെ ന്യൂക്ലിയ സു ദണ്ഡു ആകൃതിയുള്ള ഏതാനും ക്രോമസോമുകളായി മാറുന്നുവെന്ന് സ്ട്രോസുബർഗൻ കണ്ടുപിടിച്ചു. ജീൻ സംവാഹകരായ ക്രോമസോമു കളെക്കുറിച്ച് എന്തെങ്കിലും അറിവു ലഭിക്കുന്നതിന് മുമ്പ് തന്നെ ഗ്രിഗർ മെൻഡൽ പാരമ്പര്യത്തിന്റെ അടി സ്ഥാന നിയമങ്ങൾ കണ്ടുപിടിച്ചതിൽ ജീവശാസ്ത്രജ്ഞന്മാർ ഇന്നും അത്ഭു തപ്പെടുന്നു. അണ്ഡത്തിലും ശുക്ലാ ണുവിലും കാണുന്ന ന്യൂക്ലിയസുക ളുടെ സംയോജനമാണ് ബീജസം യോജനത്തിന് നിദാനമെന്ന് ഹെർട്ട് വിഗും സമർത്ഥിച്ചു. ഇരുപതാം നൂറ്റാ ണ്ടിന്റെ ആരംഭത്തോടെ കോശവി ജ്ഞാനവും, മെൻഡലിന്റെ പാരമ്പര്യ ശാസ്ത്രവും തമ്മിൽ ഏകീകരിക്ക പ്പെട്ടു.

1902-ൽ സി.ഇ. മെക്ലജ് എന്ന ശാസ്ത്രജ്ഞൻ പച്ചത്തുള്ളന്റെ വൃഷ ണങ്ങളിലെ മിയോസിസു പഠിച്ച പ്പോൾ 11 ജോടി ക്രോമസോമുകളും ഇണയില്ലാത്ത ഒറ്റ ക്രോമസോമും ഉള്ളതായി മനസ്സിലാക്കി. ഈ ഒറ്റ ക്രോമസോം ലിംഗനിർണ്ണയവുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്ന് അദ്ദേഹം ഊഹിച്ചു. മറ്റൊരു ശാസ്ത്രജ്ഞനായ ഇ.ബി. വിൽസൺ മൂട്ടകളിൽ നട ത്തിയ പരീക്ഷണങ്ങളിൽ നിന്ന് ലഭ്യ മായ ഫലങ്ങൾ മെക്ലജിന്റെ ഊഹ ങ്ങൾ യാഥാർഥ്യമാണെന്ന് തെളിയി ച്ചു. ഈ ജോടിയില്ലാത്ത ഒറ്റ ക്രോമ സോമിനെ അദ്ദേ ഹം X ക്രോമസോം എന്നു നാമകരണം നൽകി. 1905ൽ വിൽസണിന്റേയും സ്റ്റീവൻസിന്റേയും പഠനഫലമായി Y ക്രോമസോമി നേയും കണ്ടെത്തി. X ക്രോമസോം ലിംഗപരമായി സ്ത്രീയുടെ പ്രതീക മാണ്. Y ക്രോമസോം ലിംഗപരമായി പുരുഷന്റെ പ്രതീകമാണ്.

സാധാരണയായി മനുഷ്യരിൽ നട ക്കുന്ന ലിംഗനിർണ്ണയം X, Y ക്രോമ സോമുകളുടെ അടിസ്ഥാനത്തിലാണ്. ശുക്ലത്തിലെ ക്രോമസോമുകളിൽ ഒരു ജോടി ലിംഗനിർണ്ണയ ക്രോമസോമു കളാണ്. പുരുഷബീജത്തിൽ X, Y എന്നിങ്ങനെ രണ്ട് വർഗത്തെയും പ്രതിനിധീകരിക്കുന്ന ക്രോമസോമുക ളുണ്ട്. എന്നാൽ, അണ്ഡത്തിൽ X ക്രോമസോം മാത്രമാണ് ഉണ്ടാകുന്ന ത്. അത് കാരണമാണ് അനിഷേഷക ജനന (കന്യകാപ്രസവം Partheno-genesis) ത്തിൽ സ്ത്രീ മാത്രമേ ജനിക്കൂ എന്ന് ഗവേഷകന്മാർ ഉറപ്പി ച്ചുപറയുന്നത്. എങ്കിൽ ക്രിസ്തു എങ്ങനെ പുരു ഷനായി എന്നത് ജനി തക ശാസ്ത്രം ഇനിയും കണ്ടെത്തി യിട്ടില്ലാത്ത ഒരു നിഗൂഢതയാണ്. പുതിയ പഠനങ്ങൾ തെളിയിക്കുന്നത് Y ക്രോമസോം ഇല്ലാതെയും പുരുഷ നുണ്ടാകാം എന്നാണ്. ഇവിടെ Yക്ക് പകരം O ക്രോമസോമാണ് പകരം നിൽക്കുന്നത്. അത്തരം പുരുഷന്മാർ ജനിതക വൈകല്യമുള്ളവരാണ്. കന്യ കാപ്രസവം ജനിതക ശാസ്ത്രപര മായി അസാദ്ധ്യമായിരുന്ന ഒരു കാല ഘട്ടം തരണം ചെയ്ത് കന്യകാപ്ര സവം സാദ്ധ്യമായ ഒരു കാലഘട്ടത്തി ലാണ് നാം ഇന്ന് ജീവിക്കുന്നത്!

*(ശേഷം 42 -ാം പേജിൽ)*

റൂഹാനീഖസായിൻ-22

# "ഹഖീഖത്തുൽ വഹ്യ്"

മുഹമ്മദ് ഉമർ.എച്ച്.ഏ.

ഹസ്റത്ത് മഹ്ദീ മസീഹിന്റെ റൂഹാനി ഖസായിൻ (ആത്മീയ ഭണ്ഡാരം) എന്ന ഗ്രന്ഥസമുച്ച യത്തിന്റെ ഇരുപത്തി രണ്ടാം വാല്യം ഹഖീഖത്തുൽ വഹ്യ് (ദിവ്യവെളിപാ ടിന്റെ യാഥാർത്ഥ്യം) എന്ന 739 പേജു കളുള്ള ബൃഹത്തായ ഗ്രന്ഥമടങ്ങിയ താണ്.

1907 മെയ് 15-ാം തിയതി പ്രസിദ്ധീ കൃതമായ ഈ മഹൽ ഗ്രന്ഥത്തെ പരി ചയപ്പെടുത്തിക്കൊണ്ട് ഗ്രന്ഥകർത്താ വെഴുതുന്നു:

"ഈ ഗ്രന്ഥം പരിപൂർണ്ണമായ ദിവ്യ ദൃഷ്ടാന്തങ്ങളും അടയാളങ്ങളുമട ങ്ങിയ യാഥാർത്ഥ്യങ്ങളുടെ സംഗ്രഹമാ കുന്നു. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഈ വിനീതന്റെ വാഗ്ദത്ത മഹ്ദീ മസീഹാണെന്ന വാദം വ്യക്ത മായ തെളിവുകളാലും ദൃഷ്ടാന്തങ്ങ ളാലും ഈ ഗ്രന്ഥം സ്ഥാപിച്ചിരിക്കുന്നു വെന്നു മാത്രമല്ല ഇതിൽ ഇസ്ലാം സജീവവും എന്നെന്നും നിലനിൽക്കു ന്നതും സത്യാധിഷ്ഠിതവുമായ മതമാ ണെന്നും ശക്തിയുക്തം തെളിയിച്ചിരി ക്കുന്നു." (പേജ്: 2)

"ഇക്കാലത്ത് എപ്രകാരം വിവിധ തരത്തിലുള്ള കുഴപ്പങ്ങളും ബിദ്അത്തു കളും വ്യാപകമായിട്ടുണ്ടായിരിക്കു ന്നുവോ അതേ പ്രകാരം മറ്റൊരു വലി യ ഫിത്ന, എതെങ്കിലും സ്വപ്നമോ വെളിപാടോ വിശ്വാസ യോഗ്യമാണോ അതല്ല പൈശാചികമായ ദുഷ്പ്രവണ തയുടെ ഫലമായിട്ടുണ്ടായതാണോ എന്നു മനസ്സിലാക്കാൻ മനുഷ്യന്ന് സാധിക്കാത്ത ദുരവസ്ഥ സംജാതമായി രിക്കുന്നു എന്നതാണ്. ജനങ്ങളിൽ ഭൂരി ഭാഗവും ഈ യാഥാർത്ഥ്യം മനസ്സിലാ ക്കാത്തവരാണ്. അതുകൊണ്ടാണി ത്തരം ഒരു ഗ്രന്ഥത്തിന്റെ ആവശ്യകത ഉണ്ടായിരിക്കുന്നത്. സത്യാസത്യവിവേ ചനത്തിനായി ഒരു ഗ്രന്ഥം രചിക്കുന്നത് ഉചിതമാണെന്നുതോന്നി." (പേജ്: 3,4)

വഹ്യ്, ഇൽഹാം എന്നീ ദിവ്യവെ ളിപാടുകളുടെയും ദിവ്യദർശനത്തി ന്റെയും യാഥാർത്ഥ്യത്തെ ഈ ഗ്രന്ഥ ത്തിൽ നാലദ്ധ്യായങ്ങളിലായി വിവരിച്ചി രിക്കുന്നു.

1-ചിലർക്ക് സത്യമായ ദിവ്യവെളിപാ ടുകളും യഥാർത്ഥത്തിലുള്ള ചില സ്വപ്നങ്ങളും ഉണ്ടാകുന്നുവെങ്കിലും അവർക്ക് ദൈവവുമായി ഒരു വിധത്തി ലുള്ള ബന്ധവും ഉള്ളതായി കാണപ്പെ ടുന്നില്ല. ദൈവിക മനുഷ്യർക്ക് ലഭ്യ മായ ആത്മീയ പ്രകാശത്തിൽ നിന്നു നേരിയൊരംശം കൂടി അവർക്ക് ലഭിച്ചി ട്ടില്ല. ഇതിൽ നിന്നു ആർക്കെങ്കിലും ഇപ്രകാരം ദർശനങ്ങളും വെളിപാടു കളും ലഭിക്കുന്നുവെങ്കിൽത്തന്നെ ദി വ്യാത്മാക്കൾക്കുണ്ടായിരിക്കേണ്ട ഇത ര അടയാളങ്ങളും ദൃഷ്ടാന്തങ്ങളും അ വരോടൊപ്പമില്ലെങ്കിൽ അവയൊക്കെ അവരുടെ മസ്തിഷ്ക ഘടനയുടെ ബഹിർപ്രകടനമായി മാത്രമെ ചിത്രീക രിക്കുവാൻ സാധിക്കുകയുള്ളു.

2-രണ്ടാമത്തെ അദ്ധ്യായത്തിൽ വിവ രിക്കുന്നതു ദൈവവുമായി അൽപ സ്വൽപം ബന്ധമുള്ള ചിലർക്ക് സത്യ മായ സ്വപ്നദർശനങ്ങളും ദിവ്യ വെളി പാടുകളും ഉണ്ടാവുന്നുവെങ്കിലും അവർക്ക് ദൈവവുമായി ഗാഢബന്ധം ഉള്ളതായി തെളിയുന്നില്ല എന്നാണ്. പ്രകൃത്യാ അവരിൽ കാണപ്പെടുന്ന സവിശേഷ സദാചാര ഗുണങ്ങൾ നിമിത്തം പരിമിതമായ തോതിൽ അവർക്ക് ദിവ്യ ദർശനവും തെളിവു കളും ഉണ്ടാകുന്നു എന്നു മാത്രം.

3-മൂന്നാമത്തെ അദ്ധ്യായത്തിൽ ദൈവവുമായി സുദൃഢവും വ്യക്തവും ആയ ബന്ധമുള്ളവർക്ക് അധികമായ തോതിൽ ദിവ്യഭാഷണവും ദിവ്യദർശ നവും അതിന്റെ പരിപൂർണ്ണാവസ്ഥയിൽ ദൃശ്യമാവുകയും ദൈവവുമായുള്ള അവരുടെ അഗാധബന്ധം സുവ്യക്തം പ്രകടമാവുകയും ചെയ്യുന്നു എന്ന വസ്തുത വിവരിക്കുന്നു.

4-നാലാമത്തെ അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവ്, താൻ മൂന്നാമത്തെ അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടവരിൽ ആണെന്ന് തനിക്ക് ലഭിച്ച ധാരാളം ദിവ്യവെളിപാടുകളും ദിവ്യ ദർശന ങ്ങളും അവയുടെ പൂർത്തീകരണവും വ്യക്തമാക്കുന്നുവെന്നു സ്ഥാപിക്കുന്നു.

ഈ ഗ്രന്ഥത്തിൽ തന്റെ സത്യസാ ക്ഷ്യത്തിന്നായി അല്ലാഹു കാണിച്ചു തന്ന ഇരുനൂറിൽ പരം ദിവ്യദൃഷ്ടാന്ത ങ്ങളും അവയുടെ പൂർത്തീകരണവും സുവ്യക്തമായ രീതിയിൽ വിവരിക്കുന്നു. ഈ ദിവ്യ ദൃഷ്ടാന്തങ്ങൾ ക്രിസ്ത്യാ നികളിലും ആര്യസമാജക്കാരിലും മുസ്ലിംകളിലും തന്റെ വാദത്തിന്റെ ന്യായ പൂർത്തീകരണത്തിന്നുള്ള നിദാ നങ്ങളായിട്ടദ്ദേഹം എടുത്തു കാണി

ക്കുന്നു.

ഹസ്റത്ത് മഹ്ദീ മസീഹ്(അ) തന്റെ 'അഞ്ചാമെ ആഥം' എന്ന ഗ്രന്ഥത്തിൽ എതിരാളികളും ശത്രുക്കളുമായ അറുപത്തിനാലിലധികം ഉലമാക്കളെയും ഉമറാക്കളെയും ക്രിസ്തീയ പാതിരിമാരെയും ഹിന്ദു പണ്ഡിതന്മാരെയും 'മുബാഹല'ക്കായി ക്ഷണിച്ചിരുന്നു. പ്രസ്തുത ഗ്രന്ഥം തൊട്ടു ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥരചനവരെ മുബാഹലക്കുള്ള ക്ഷണം ലഭ്യമായവരിൽ 44ൽ അധികം ആളുകൾ വിവിധ പരീക്ഷണങ്ങൾക്കും ദൈവ കോപത്തിന്നും പാത്രീഭൂതരായി മരണ മടയുകയുണ്ടായി. അങ്ങനെ അവർ 'ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്ക' (നിന്നെ അവഹേളിക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ അവഹേളനത്തിന്നു പാത്രീഭൂതനാക്കുന്നതാണ്) എന്ന ദിവ്യ വെളിപാടനുസരിച്ച് അവർ അങ്ങേയറ്റം നിന്ദിതരും അപമാനിതരുമായി ഇഹലോകം വെടിയുകയുണ്ടായി. പണ്ഡിറ്റ് ലേഖ്റാം, അലക്സാണ്ടർ ഡൂയീ, പാതിരി അബ്ദുല്ല ആഥം, മുഹമ്മദീ ബേഗമിന്റെ പിതാവ് അഹ്മദ്ബേഗ് എന്നിവരുടെ മരണങ്ങൾ മേൽ പറഞ്ഞവയിൽ ചിലതാണ്

ഹസ്റത്ത് അഹ്മദ്(അ) ഈ ഗ്രന്ഥത്തിന്റെ മുഖവുരയിൽ ഉല്ലേഖനം ചെയ്യുന്നു:

"ഇതിൽ എന്ത് രഹസ്യമാണടങ്ങിയിരിക്കുന്നത്? 'തീയവനും ദുഷ്കർമ്മിയും വിശ്വാസവഞ്ചകനും വ്യാജനും' ആണെന്നാരോപിക്കപ്പെട്ട എനിക്കെതിരിൽ 'മലക്കുകളെപ്പോലെ' യെന്നു പ്രശംസിക്കപ്പെട്ടവർ നാശമടയുന്നു! എനിക്കെതിരായി മുബാഹലചെയ്തവർ നശിപ്പിക്കപ്പെടുന്നു! എനിക്കെതിരായി ബദ്ദുആ (ശാപപ്രാർത്ഥന) ചെയ്തവർ സ്വയംതന്നെ ആ ശാപപ്രാർത്ഥനക്കിരയായിത്തീരുന്നു. എനിക്കെതിരായി കോടതികളിൽ കള്ളക്കേസ്സുകൾ കൊടുത്തവർ സ്വയംപരാജിതരായി നിന്ദ്യരായിത്തീരുന്നു. ഇതേ ഗ്രന്ഥത്തിൽത്തന്നെ അതിന്നുള്ള ഉദാഹരണങ്ങൾ കാണപ്പെടുന്നതാണ്. എന്നാൽ ഇത്തരം എതിർപ്പുകളിലും മത്സരങ്ങളിലും ഞാനായിരുന്നു നശിപ്പിക്കപ്പെടേണ്ടത്. എന്നിലായിരുന്നു ദൈവകോപം ഇറങ്ങേണ്ടിയിരുന്നതും എന്നു മാത്രമല്ല, ആരും എന്നെ എതിർക്കുകയും എന്നോടു മത്സരിക്കുകയും ചെയ്തില്ലെങ്കിൽ കൂടി ഒരു കുറ്റവാളിയായി ചിത്രീകരിക്കപ്പെട്ട ഞാൻ ദൈവത്തിന്റെ ശത്രുവായിരിക്കേണ്ടതാണ്. അത് കൊണ്ടു ദയവുചെയ്തു ഒന്നുചിന്തിച്ചു നോക്കുക. ഈ വിരോധാഭാസം എങ്ങനെയുണ്ടായി? എനിക്കെതിരായി നല്ലവരെന്നു ഗണിക്കപ്പെട്ടിരുന്നവർ എന്തുകൊണ്ടു നശിപ്പിക്കപ്പെട്ടു? എല്ലാ സന്ദർഭങ്ങളിലും അല്ലാഹു എന്നെ രക്ഷപ്പെടുത്തിക്കൊണ്ടിരുന്നു" (പേ: 2)

ഹസ്രത്ത് അഹ്മദ് (അ) തന്റെ ഈ ഗ്രന്ഥത്തിൽ 400 പേജുകളിലായി 208 മഹത്തായ ദൃഷ്ടാന്തങ്ങൾ ദിവ്യതെളിവുകളുടെയും ആത്മീയ ദർശനങ്ങളുടെയും വെളിച്ചത്തിൽ പൂർത്തിയായ തായി വിവരിക്കുകയുണ്ടായി. ഇതിൽ പറഞ്ഞ ദൃഷ്ടാന്തങ്ങൾ ഒരു ശുദ്ധമനസ്ക്കനായ നാസ്തികന്നുപോലും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

തുടർന്ന് അദ്ദേഹം എഴുതുന്നു,

"അവസാനമായി ഇത്രമാത്രം എഴുതുന്നത് അവശ്യമാണെന്നു തോന്നുന്നു. അതായത് ഈ ദൃഷ്ടാന്തങ്ങൾക്കൊണ്ട് ആരുടെയെങ്കിലും ഹൃദയത്തിന്ന് തൃപ്തിതോന്നുന്നില്ലെങ്കിൽ അങ്ങനെയുള്ളവർ തനിക്ക് വഹ്യും ഇൽഹാമും ലഭിക്കുന്നുവെന്ന വാദമുള്ളയാളാണെങ്കിൽ അയാൾക്കായുള്ള രണ്ടാമത്തെ മാർഗ്ഗം എനിക്കെതിരായി തനിക്കുണ്ടാകുന്ന ഇൽഹാമുകൾ ഏതെങ്കിലും രണ്ടു പത്രങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുകയാണ്. മറുഭാഗത്ത് എനിക്ക് അല്ലാഹുവിൽ നിന്നു ലഭിച്ചുകൊണ്ടിരിക്കുന്ന രഹസ്യ ജ്ഞാനങ്ങളടങ്ങിയ ദിവ്യവെളിപാടുകൾ ഞാൻ എന്റെ ജമാഅത്തിലെ രണ്ടു പത്രങ്ങളിൽ തുടർന്ന് പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നതാണ്. ഉഭയകക്ഷികൾക്കുമുള്ള നിബന്ധന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ദിവ്യ വെളിപാടുകൾ അദൃശ്യജ്ഞാനങ്ങളടങ്ങിയവയായിരിക്കേണമെന്നതാണ്. അവ മനുഷ്യശക്തിക്കതീതമായവയായിരിക്കണം. ഒരു വർഷത്തിന്നുശേഷം ഏത് ഭാഗത്തിന്നാണ് വിജയം ലഭിക്കുകയും ആരുടെ മുന്നറിയിപ്പുകളും പ്രവചനങ്ങളുമാണ് പൂർത്തിയായിരിക്കുകയും ചെയ്തിരിക്കുന്നതെന്ന് നിഷ്പക്ഷരായ ന്യായാധിപന്മാരുടെ തീരുമാനത്തിന്നു വിട്ടു കൊടുക്കേണ്ടതാണ്. ഈ പരീക്ഷണത്തിന്നു ശേഷം എന്റെ എതിർഭാഗത്തുള്ളവർക്ക് വിജയവും എനിക്ക് പരാജയവും ഉണ്ടായതായി തെളിയുകയാണെങ്കിൽ ഞാൻ വ്യാജനായി ഗണിക്കപ്പെടുന്നതാണ്. അങ്ങനെയല്ലെങ്കിൽ, അവർ അല്ലാഹുവിനെ ഭയന്നുകൊണ്ട് ഭാവിയിൽ എന്നെ വ്യാജപ്പെടുത്തുകയും നിഷേധിക്കുകയും ചെയ്യുന്നതിൽ നിന്നും വിരമിക്കേണ്ടതുമാണ്. ദൈവനിയുക്തനായ ഒരാളെ എതിർ ത്തുകൊണ്ട് അവർ തങ്ങളുടെ പര്യവസാനം മോശമാക്കാതിരിക്കട്ടെ". (പേ:400,401)

ഈ ഗ്രന്ഥത്തിൽ ഹസ്റത്ത് അഹ്മദ് (അ) തന്റെ നുബുവ്വത്ത് വാദത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശിക്കൊണ്ടെഴുതുന്നു: "ധാരാളം ജനങ്ങൾ എന്റെ നബിത്വവാദത്തെപ്പറ്റിയറിഞ്ഞു, പൂർവകാലങ്ങളിൽ നബിമാർക്ക് നേരിട്ടു നുബുവ്വത്ത് ലഭിച്ചതുപോലുള്ള നുബുവ്വത്താണെന്റെതെന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണ്. എന്നാൽ തെറ്റായ ചിന്താഗതിയാണിത്. എന്റെത് അപ്രകാരമുള്ളവാദമല്ല. മറിച്ച്, റസൂൽ തിരുമേനിയുടെ ആത്മീയാനുഗ്രഹത്തിന്റെ പരിപൂർണ്ണത സ്ഥാപിക്കുന്നതിന്നു വേണ്ടി ഈ സ്ഥാനം എനിക്കുതന്നനുഗ്രഹിച്ചത് ദൈവത്തിന്റെ പ്രത്യേകാനുഗ്രഹമാണ്. അതായത് ആ പുണ്യാത്മാവിന്റെ അനുഗ്രഹത്താൽ എനിക്കു ലഭിച്ച സ്ഥാനമാണീ നുബുവ്വത്ത്. അതുകൊണ്ട് ഞാൻ നബിമാത്രമാണെന്നു പറയപ്പെടാവുന്നതല്ല. ഒരു ദിശയിൽ ഞാൻ നബിയാണെങ്കിൽ മറ്റൊരു ദിശയിൽ ഞാൻ ഒരു ഉമ്മത്തിയുമാണ്. എന്റെ നുബുവ്വത്ത് ഹസ്രത്ത് നബികരിം തിരുമേനി(സ)യുടെ പ്രതിച്ഛായയാണ്. അല്ലാതെ യഥാർത്ഥത്തിലുള്ള (ശരീഅത്തോടുകൂടിയ) നുബുവ്വത്തല്ല. അതുകൊണ്ടാണ് ഹദീസിലും എനിക്ക്

ലഭ്യമായ ദിവ്യവെളിപാടിലും എന്റെ പേര് നബിയെന്നുവെക്കപ്പെട്ടതോടൊപ്പം ഉമ്മത്തിയെന്നും വെക്കപ്പെട്ടിരിക്കുന്നത്. എനിക്കു ലഭിച്ച എല്ലാ പരിപൂർണ്ണതയും ഹസ്റത്ത് റസൂൽ തിരുമേനി(സ)യെ പിൻപറ്റുകയും അദ്ദേഹം മൂലവും ആണു ലഭിച്ചിരിക്കുന്നതെന്നറിയാൻ വേണ്ടിയാണിത്(പേ.154)

ഹസ്റത്ത് മഹ്ദീ മസീഹ്(അ) തന്റെ ഈ ഗ്രന്ഥത്തിൽ സുപ്രധാനമായ ഒമ്പത് ചോദ്യങ്ങൾക്ക് വിശുദ്ധഖുർആന്റെ ആയത്തുകളുടെ വെളിച്ചത്തിൽ വ്യക്തമായ മറുപടി നൽകിയിരിക്കുന്നു. അവയിൽ ഒന്നു സൂറ:ബഖറയിലെ 63-ാം വചനത്തിന്റെ വ്യാഖ്യാനവുമായി ബന്ധപ്പെട്ടതാണ്. അതായത് അല്ലാഹു പറയുന്നു:

"വിശ്വസിച്ചവരോ (മുസ്‌ലിംകളോ) യഹൂദികളോ ക്രിസ്ത്യാനികളോ സാബികളോ (ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽ ക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയമോ ദുഃഖമോ ഉണ്ടാകുന്നതല്ല." പ്രസ്തുത ആയത്തിൽ നിന്നും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർ അവർ മുസ്‌ലിംകളോ യഹൂദികളോ ക്രിസ് ത്യാനികളോ ഇതര മതക്കാരോ ആരായിരുന്നാലും അവർക്ക് മോക്ഷം ലഭിക്കും എന്നാണ് മനസ്സിലാവുന്നത്.

ഈ പ്രശ്നത്തിന്നുള്ള മറുപടിയായി ഹസ്റത്ത് അഹ്മദ്(അ)എഴുതുന്നു. "വിശുദ്ധ ഖുർആനിലെ പ്രസ്തുത ആയത്തിന്റെ ഉദ്ദേശ്യം ഹസ്റത്ത് റസൂൽ തിരുമേനി (സ)യിൽ വിശ്വസിക്കാതെകണ്ട് മോക്ഷം ലഭിക്കുന്നതാണെന്നല്ല. മറിച്ച്, ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ മോക്ഷം ലഭിക്കുന്നില്ലെന്നാണ്. അല്ലാഹുവിലുള്ള വിശ്വാസം പൂർണ്ണമാകേണമെങ്കിൽ അവൻ അയച്ച പ്രവാചകന്മാരിലും വിശ്വസിക്കേണ്ടതാവശ്യമാണ്. കാരണം, അവർ അവന്റെ ഗുണങ്ങളുടെ പ്രതീകങ്ങളാണ്. അല്ലാഹു വിന്റെ വിശേഷഗുണങ്ങളെക്കുറിച്ചുള്ള ജ്ഞാനം കരഗതമാകാതെ അല്ലാഹുവിനെക്കുറിച്ചുള്ള മഅ്രിഫത്ത് (ദിവ്യജ്ഞാനം) ലഭ്യമാകുന്നതല്ല. ഉദാഹരണമായി അല്ലാഹു സംസാരിക്കുന്നവനും കേൾക്കുന്നവനും, രഹസ്യജ്ഞനും,കാരുണ്യമോ ശിക്ഷയോ നൽകുവാൻ സർവ്വശക്തിയുള്ളവനും ആണെന്ന അവന്റെ ദിവ്യഗുണങ്ങളെക്കുറിച്ച് അവന്റെ പ്രവാചകന്മാർ മുഖേനയാണ് നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ദൈവിക ഗുണങ്ങളെക്കുറിച്ച് നമുക്കു അറിയുവാനും കാണുവാനും സാധിക്കുന്നില്ലെങ്കിൽ പിന്നെ ദൈവത്തിന്റെ സത്തതന്നെ സ്ഥാപിതമാകുന്നില്ല. ഈ അവസ്ഥയിൽ ദൈവത്തിൽ വിശ്വാസമർപ്പിക്കുക എന്നുപറയുന്നതിലെന്തർത്ഥമാണുള്ളത്? അല്ലാഹുവിൽ വിശ്വസിക്കുന്ന ആൾ അവന്റെ സിഫത്തുകളിലും വിശ്വസിക്കേണ്ടതാവശ്യമാണ്. ഈ വിശ്വാസം അവന്റെ പ്രവാചകന്മാരിലുമുള്ള വിശ്വാസത്തിൽ നിന്നുമാണ് ഉൽഭൂതമാകുന്നത്. ഉദാഹരണമായി അല്ലാഹു ദിവ്യഭാഷണം നടത്തുന്നവനാണെന്ന സിഫത്ത് അവന്റെ പ്രവാചകന്മാർ മൂലമാണ് പ്രകടമാകുന്നത്." (ഭാ.173,174)

അല്ലാഹുവിലും അവന്റെ തൌഹീദിലും ഉള്ള വിശ്വാസം ഹ:റസൂൽ തിരുമേനി (സ)യെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ് പ്രകടമാകുന്നതെന്നു അദ്ദേഹം വിശുദ്ധ ഖുർആനിലെ പതിനേഴു ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിക്കുകയുണ്ടായി.

ഹസ്റത്ത് അഹ്മദ്(അ)തന്റെ ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായ 'ഉമീമ ഹഖീഖത്തുൽ വഹ്യി'ൽ വീണ്ടും തന്റെ നുബുവ്വത്ത് വാദത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു:

"എന്റെ നുബുവ്വത്തു കൊണ്ടുള്ള വിവക്ഷ ഞാൻ നഊദു ബില്ലാഹ് റസൂൽ തിരുമേനി (സ)ക്കെതിരായി നിന്നുകൊണ്ട് നുബുവ്വത്ത് വാദിക്കുന്നുവെന്നോ പുതിയൊരു ശരീഅത്ത് കൊണ്ടുവന്നുവെന്നോ അല്ല. മറിച്ചു, എന്റെ നുബുവ്വത്ത് കൊണ്ടുള്ള വിവക്ഷ, ഹ:റസൂൽതിരുമേനി (സ)യെ അനുധാവനം ചെയ്യുകയും അനുസരിക്കുകയും ചെയ്യുന്നത് നിമിത്തം എനിക്കു അധികമായുണ്ടായ ദിവ്യഭാഷണമാണ്. ഇങ്ങനെയുള്ള ദിവ്യഭാഷണത്തെ നിങ്ങളും അനുകൂലിക്കുന്നുവല്ലോ. ഇത് വെറും പദപ്രയോഗത്തിലുള്ള തർക്കമാണ്. നിങ്ങൾ ഏതൊരു കാര്യത്തെക്കുറിച്ച് ദിവ്യഭാഷണം എന്നു പറയുന്നുവോ അതിന്റെ ആധിക്യത്തിന്റെ പേര് ഞാൻ ദൈവകൽപനയനുസരിച്ച് നുബുവ്വത്ത് എന്നു വെക്കുന്നുവെന്നു മാത്രം. ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെന്നെ നിയുക്തനാക്കിയിരിക്കുന്നതു എന്നും അവനാണെന്റെ പേര് നബിയെന്ന് വെച്ചിരിക്കുന്നതെന്നും അവനാണെന്നെ വാഗ്ദത്ത മസീഹെന്ന നാമത്തിൽ അഭിസംബോധന ചെയ്തിരിക്കുന്നതെന്നും അവനാണെന്റെ സത്യത്തിന്നു സാക്ഷ്യമായി മഹത്തായ ധാരാളം ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതെന്നും അവന്റെ പേരിൽ ആണയിട്ടുകൊണ്ടു ഞാൻ പറയുന്നു." (പേ: 503)

ഹസ്റത്ത് അഹ്മദ് (അ) തന്റെ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് മുസ്‌ലിംകളിൽപ്പെട്ട ഉലമാക്കളെയും ഉമറാക്കളെയും ഹിന്ദുക്കളിൽപ്പെട്ട പണ്ഡിറ്റുമാരെയും ക്രിസ്ത്യാനികളുടെ പാതിരിമാരെയും അഭിസംബോധന ചെയ്തുകൊണ്ട് ആദ്യം ഈ ഗ്രന്ഥം ഒരു പ്രാവശ്യമെങ്കിലും പാരായണം ചെയ്യുവാൻ അല്ലാഹുവിന്റെ പേരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

ചുരുക്കത്തിൽ ദൈവാസ്തിക്യം, ഇസ്‌ലാമിന്റെ സത്യത, വാഗ്ദത്ത മഹ്ദീമസീഹിന്റെ സത്യസാക്ഷ്യം, അദ്ദേഹത്തിന്റെ മുഅ്ജിസത്തുകൾ, ദൃഷ്ടാന്തങ്ങൾ, ദിവ്യവെളിപാടുകൾ ദുആയുടെ സ്വീകാര്യത എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ദിവ്യജ്ഞാനം ഈ ഗ്രന്ഥ പാരായണം മുഖേന ലഭ്യമാകുന്നു.

■

# ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആഫ്രിക്കാ പര്യടനം

സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് 2004 മാർച്ച് 13-ാനാണ് ലണ്ടനിൽ നിന്ന് പുറപ്പെട്ട് പശ്ചിമാഫ്രിക്കയിലെ ഘാനയിലെത്തിയത്. അന്നു രാവിലെ ലണ്ടൻ പള്ളിയിൽ ഹുസൂറിനെ യാത്രയാക്കാൻ ധാരാളം പേർ സന്നിഹിതരായിരുന്നു. ഘാനയിലെത്തിയ ഹുസൂറിനെ സ്വീകരിക്കാൻ ആയിരക്കണക്കിൽ അഹ്മദികൾക്കു പുറമെ ഘാനാ രാഷ്ട്രപതിയുടെ പ്രതിനിധിയായി പ്രസ്സ് സെക്രട്ടറി, മന്ത്രിമാർ, പാർലമെന്റംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. അന്നു നടന്ന പത്ര സമ്മേളനത്തിലും ധാരാളം മാദ്ധ്യമ പ്രവർത്തകർ പങ്കെടുക്കുകയും പത്രങ്ങൾ ഹുസൂറിന്റെ ആഗമനവാർത്ത വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മാർച്ച് 14-ാം ഹുസൂർ ജമാഅത്തിന്റെ വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അഗോണ സ്വിഡ്രുവിലെ ഉന്നതനിലവാരമുള്ള ആശുപത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മാർച്ച് 15-ാം ഘാനാ പ്രസിഡണ്ടിന്റെ ക്ഷണപ്രകാരം അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് നടന്ന കൂടിക്കാഴ്ചയിൽ അഹ്മദിയ്യാ ജമാഅത്ത് അവിടങ്ങളിൽ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെ ഘാനാ പ്രസിഡണ്ട് വളരെ ശ്ലാഘിക്കുകയും ഹുസൂറിന്റെ തിരുസന്നിധിയിൽ ദുആക്കപേക്ഷിക്കുകയും ചെയ്തു. അന്നുതന്നെ ടേമ എന്ന സ്ഥലത്തെ ജമാഅത്തിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചു. 16-ാം നു ആഫ്രിക്കയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു പോലീസകമ്പടിയോടെയായിരുന്നു ഹുസൂറിന്റെ യാത്ര. 17. 3. 04 ന് ഹുസൂർ മുബല്ലിഗുമാരുമായി കൂടിക്കാഴ്ച്ച നടത്തുകയും ഘാനാ തലസ്ഥാനമായ ആക്രയിൽ വൈസ് പ്രസിഡന്റിന്റെ ക്ഷണമനുസരിച്ച് അദ്ദേഹത്തിന്റെ വസതി സന്ദർശിക്കുകയും അദ്ദേഹത്തിന് 'അലൈസല്ലാഹു ബികാഫിൻ അബ്ദഹു' എന്ന് ആലേഖനം ചെയ്ത മോതിരം ഉപഹാരമായി നൽകുകയും ചെയ്തു.



*പശ്ചിമാഫ്രിക്കയിൽ ഘാനയിലെ വാർഷിക സമ്മേളനത്തിൽ ഖലീഫത്തുൽ മസീഹ് V തിരുമനസ്സ് പ്രസംഗിക്കുന്നു.*

18-ാം നു ആരംഭിച്ച 75-ാം വാർഷിക സമ്മേളനത്തിൽ ഹുസൂർ സംബന്ധിച്ചു. 46000 അതിഥികൾ പങ്കെടുത്ത സമ്മേളനത്തിൽ ഘാനാ പ്രസിഡണ്ട് , വൈസ് പ്രസിഡണ്ട്, പ്രധാനമന്ത്രി, മന്ത്രിമാർ, ചീഫുമാർ എന്നിവർ സംബന്ധിച്ചു. മാർച്ച് 19 ന് ഹുസൂർ നടത്തിയ ജുമുഅ ഖുത്ബ M.T.A. മുഖേന ലോകമൊട്ടുക്കും സംപ്രേഷണം ചെയ്യപ്പെട്ടു. 19-ാം നു മുതൽ 25-ാം വരെ ഹുസൂർ പശ്ചിമാഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തി. അവിടങ്ങളിലെല്ലാം പതിനായിരക്കണക്കിന് അഹ്മദികൾ ഹുസൂറിനെ സ്വീകരിച്ചു. അശാന്റി പ്രദേശത്തെ ഏറ്റവും വലിയ രാജാവായ അസന്തെ ഹെനെയെ അദ്ദേഹത്തിന്റെ ക്ഷണമനുസരിച്ച് ഹുസൂർ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ തനിക്ക് വേണ്ടി പ്രാർത്ഥിക്കാൻ രാജാവ് ഹുസൂറിനോടപേക്ഷിക്കുകയുണ്ടായി. പിന്നീട് ലിമാനിയിൽ പുതുതായി നിർമ്മിച്ച മസ്ജിദ് ഉദ്ഘാടനം ചെയ്തു.

ഘാനയിലെ പര്യടനത്തിലുടനീളംരാഷ്ട്രത്തിന്റെ അതിഥി എന്ന നിലയിൽ പൂർണ ബഹുമതികളോടെ അധികൃതർ അദ്ദേഹത്തെ സ്വീകരിക്കുകയും അകമ്പടി സേവിക്കുകയും ചെയ്തിരുന്നു. പ്രസിഡന്റിന്റെ രണ്ടു അംഗരക്ഷകരും പര്യടനത്തിലുടനീളം ഹുസൂറിനെ അനുഗമിക്കുകയുണ്ടായി.

മാർച്ച് 25-ാം വൈകുന്നേരം




*ബോർക്കിനോഫോസോയിലെ വാർഷിക സമ്മേളനത്തിൽ ഹുസൂർ തിരുമനസ്സ് (അയ്യദഹു) പ്രസംഗിക്കുന്നു.*

ഹുസൂറും ബോർക്കിനോഫാസോ അതിർത്തിയിൽ പ്രവേശിച്ചു.

ലണ്ടൻ ജമാഅത്തംഗങ്ങളുടെ അപേക്ഷ മാനിച്ചുകൊണ്ട് 16. 4. 04 വെള്ളിയാഴ്ച ഖുത്ബയിൽ ഹുസൂർ ആഫ്രിക്കാ പര്യടനത്തിലെ അനുഭവങ്ങൾ വിവരിക്കുകയുണ്ടായി.

ബോർക്കിനോ ഫോസയിൽ റോഡ് മാർഗ്ഗമായിരുന്നു ഹുസൂറിന്റെയും പരിവാരങ്ങളുടെയും യാത്ര. ഹുസൂർ പല പുതിയ ജമാഅത്തുകളും സന്ദർശിക്കുകയും പുതിയ മസ്ജിദുകൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ബോർക്കിനോ ഫോസയിലെ ഒരു പട്ടണത്തിൽ സ്വീകരിക്കാനെത്തിയത് അവിടുത്തെ ഹൈക്കമ്മീഷണർ ആയിരുന്നു. കൂടാതെ പ്രസിഡണ്ടും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. അവിടെ ബോബോ ജലാസ പട്ടണത്തിൽ അഹ്മദികളുടെ ഒരു റേഡിയോ സ്റ്റേഷൻ പ്രവർത്തിക്കുന്നു. സ്വീകരണച്ചടങ്ങിലുടനീളം ഉന്നതരായ ഗവ. ഉദ്യോഗസ്ഥന്മാർ സന്നിഹിതരായിരുന്നു. ആറോക്കോ എന്ന പട്ടണത്തിൽ മുസ്‌ലിംകളായ മേയറും ഗവർണ്ണറും സ്വീകരിക്കാനെത്തിയവരിൽ ഉൾപ്പെടുന്നു. മുല്ലാക്കൾ ഗവർണ്ണറെ പിൻതിരിപ്പിക്കാൻ നോക്കിയെങ്കിലും മേയർ ഹുസൂറിനെ സ്വീകരിക്കാൻ എത്തുകയായിരുന്നു. അദ്ദേഹം മേയർമാരുടെ സഭയുടെ പ്രസിഡണ്ട് കൂടിയായിരുന്നു. അവിടെ ആസ്പത്രി നിർമ്മിക്കാൻ വേണ്ടി 6 ഏക്കർ സ്ഥലം ജമാഅത്ത് വാങ്ങിയിട്ടുണ്ട്. അതിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. 5 ഏക്കർ തന്റെ വകയായി തരുന്നുവെന്ന് മേയർ പ്രഖ്യാപിച്ചു. പരിപാടി റിപ്പോർട്ട് ചെയ്യാനെത്തിയ റേഡിയോ, ടി. വി റിപ്പോർട്ടർമാരിൽ ഒരാൾ ബൈഅത്ത് ചെയ്തു. ഒരു വനിതാ റിപ്പോർട്ടർ താൻ അടുത്തു തന്നെ ബൈഅത്ത് ചെയ്യുന്നതാണെന്ന് പറഞ്ഞു. നാലായിരത്തോളം പേർ ചടങ്ങിൽ പങ്കെടുത്തു. ഹുസൂർ യാത്ര തിരിച്ചപ്പോൾ അവിടെ കൂടിയിരുന്നവരുടെ മിഴികൾ ഈറനണിഞ്ഞു. ബോർക്കിനോഫോസോയിലെ 2 മണിക്കൂർ സമ്മേളനത്തിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി 30000 പേർ സംബന്ധിച്ചു.

ഏപ്രിൽ 22-ാം തീയതി മുതൽ എം. ടി. എ. രണ്ടു ചാനലുകളിൽ സംപ്രേഷണം ചെയ്യപ്പെടുന്നതാണ്.


**മൗലവി മുഹമ്മദ് ഉമർ**

**കോഴിക്കോട്.**

## അനുസ്മരണം

## പി. ഏ. അബ്ദുറഹിമാൻ സാഹിബ്

**പുന്നോൽ:** ജനാബ് പി ഏ. അബ്ദുറഹിമാൻ സാഹിബ് ഇക്കഴിഞ്ഞ ഏപ്രിൽ 6-ാം തീയതി ചൊവ്വാഴ്ച 74 -ാം വയസ്സിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിക്കടുത്ത് പുന്നോലിലുള്ള വസതിയിൽ നിര്യാതനായി. (ഇന്നാലില്ലാഹി...)



പുന്നോലിലെ ആദ്യകാല അഹ്മദികളിലൊരാളാണ് അബ്ദുറഹ്മാൻ സാഹിബ്. അദ്ദേഹം ഭക്തനായ ഒരഹ്മദിയായിരുന്നു. കുറഞ്ഞ വരുമാനക്കാരനായിരുന്നിട്ടും പത്തുമക്കളുള്ള ഒരു വലിയ കുടുംബത്തെ അദ്ദേഹം പുലർത്തിയെന്നുള്ളത് അത്ഭുതകരമാണ്. ആ അത്ഭുതം അദ്ദേഹം സാധിച്ചെടുത്തത് ദുആയിൽ കൂടി മാത്രമായിരുന്നു. എന്നാണ് എന്റെ വിശ്വാസം. ഒരവസരത്തിൽ ദുആക്കപേക്ഷിച്ചുകൊണ്ട് അദ്ദേഹം നാലാം ഖലീഫ തിരുമനസ്സി (റ) ന് കത്തയച്ചിരുന്നു. തനിക്കുള്ള വിഷമങ്ങൾ ദൂരീകരിച്ചു കിട്ടാനായിരുന്നു അദ്ദേഹം ദുആക്കപേക്ഷിച്ചിരുന്നത്. ആ കത്ത് സുബായി അമീറെന്ന നിലയിൽ ഹുസൂർ എനിക്കയച്ചു തന്നു. അദ്ദേഹത്തിന് വീടും മറ്റും ശരിപ്പെടുത്താൻ എന്തു ചെലവു വരുമെന്ന് ഹുസൂർ (റ) ആരാഞ്ഞു. ആ വിവരം ഞാൻ അദ്ദേഹത്തോട് പറഞ്ഞപ്പോൾ അഭിമാനിയായ അദ്ദേഹം ധനസഹായം നിര

സിക്കുകയും ദുആകൊണ്ടു മാത്രം സഹായിച്ചാൽ മതിയെന്നഭ്യർത്ഥി ക്കുകയും ചെയ്തു! നാനാ ജാതി മത സ്ഥരിൽപ്പെട്ട ഒരു വലിയ സുഹൃദ് വൃന്ദം അദ്ദേഹത്തിനുണ്ടായിരുന്നു. സർവ്വർക്കും സേവനം ചെയ്തും പ്രബോധനം ചെയ്തും ഉപദേശങ്ങൾ നൽകിയും നടന്ന ഒരു നല്ല മനുഷ്യനെ യാണ് അദ്ദേഹത്തിന്റെ ചരമം മുഖേന നമുക്ക് നഷ്ടമായത്.

പൂന്നോലിലെ ആദ്യത്തെ അഹ്മദിയായിരുന്ന മർഹും കെ. പി. ഉസ്മാൻ സാഹിബ് പരേതന്റെ സഹോ ദരിയെയാണ് വിവാഹം ചെയ്തിരുന്ന ത്. ഉസ്മാൻ സാഹിബും പത്നിയും നേരത്തേ ചരമമടഞ്ഞിരുന്നു. അതി ലുള്ള ഒരു മകളെ ഞാൻ അഹ്മദിയ്യാ അനുഭാവിയായിരുന്ന കാലത്തു വിവാ ഹാലോചന നടത്തിയിരുന്നു. അപ്പോ ഴൊക്കെ പരേതൻ അഹ്മദിയ്യാ ജമാഅ ത്തിന്റെ വിശ്വാസാദർശങ്ങൾ ഹൃദയ ത്തിൽ താലോലിച്ചു നടക്കുകയായിരു ന്നു. ആ പെൺകുട്ടിയെ വിവാ ഹം ചെയ്യാമെന്ന് വാക്കുനൽകി കുറച്ചു കഴി ഞ്ഞപ്പോഴാണ് എനിക്ക് ബൈ അത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചത്. പിന്നീട് ഞാൻ ചെയ്ത വാഗ് ദാനത്തെക്കുറിച്ച് രണ്ടാം ഖലീഫാ തിരുമനസ്സു (റ) മുമ്പാകെ അറിയിച്ചപ്പോൾ തിരുമനസ്സ് പ്രസ്തുത വിവാഹത്തിന് അനുമതി നൽകുകയാണുണ്ടായത്. 1960 ൽ ആ പെൺകുട്ടിയുമായുള്ള (ജമീല) എന്റെ വിവാഹം നടന്നു. അതിനുശേഷം സുമാർ ഒരു വർഷം കഴിഞ്ഞപ്പോൾ മർഹും അബ്ദുറഹിമാൻ സാഹിബാ ണ് ബൈഅത്തു ചെയ്തു.

അദ്ദേഹം പുന്നോലിലെ ഒരു പ്രമുഖ കുടുംബാംഗമായിരുന്നു. അവർക്ക് പ്രത്യേക കുടുംബ കബർസ്ഥാനാണു ള്ളത്. അവിടെ അദ്ദേഹത്തെ സംസ്ക രിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജനാസ വീട്ടിൽ വെച്ചും പള്ളിയിൽ വെച്ചും വിവിധ വിഭാഗങ്ങളിൽപ്പെട്ട മുസ്ലിംകൾ സംബന്ധിച്ചുകൊണ്ടാണ് നിസ്കരിച്ചത്. വീട്ടിൽ വെച്ചു നടന്ന ജനാസ നമസ്കാരത്തിന് ഈ വിനിത നാണ് നേതൃത്വം നൽകിയത്. അല്ലാ ഹുത്തആല പരേതാത്മാവിന് ജന്ന ത്തിൽ ഉന്നതസ്ഥാനം നൽകി അനുഗ്ര ഹിക്കുമാറാകട്ടെ. ആമീൻ. അദ്ദേഹ ത്തിന്റെ കുടുംബാംഗങ്ങൾക്ക് അദ്ദേഹ ത്തിന്റെ മാതൃക പിൻപറ്റി ജീവിക്കാ നുള്ള തൗഫീഖ് അല്ലാഹു നൽകുമാ റാകട്ടെ ആമീൻ.

അദ്ദേഹത്തിന്റെ ഭാര്യ സൈനബ സാഹിബയാണ്. മക്കൾ: ആയിശ, സാജിത, ആബിദ, ശാഹിന, സ്വാലിഹ, റുബീന റഹ്മത്ത്, സലാഹുദ്ദീൻ, മുന വ്വർ, സജ്ജാദ്, നവാസ് അഹ്മദ്.

മരുമക്കൾ: എൻ. ബശീർ, എ. ടി. അഹ്മദ്, എ. നാസിർ, ശംസുദ്ദീൻ എറ ക്കോടൻ, റശീദാ എറക്കോടൻ, ഏ. ടി. റഹാന.

**ഏ. പി. കുഞ്ഞാമു,**
**കോഴിക്കോട്.**

## 'ലണ്ടൻ സമ്മേളനം' അറിയിപ്പ്

അഹ്മദിയ്യാ മുസ്ലിം ജമാഅ ത്തിന്റെ 38-ാമത് അന്തർദ്ദേശീയ വാർഷികസമ്മേളനം 2004 ജൂലായ് 30, 31, ആഗസ്ത് 1 തിയതികളിൽ ലണ്ട നിൽ നടക്കുന്നതാണ്. പ്രസ്തുത സമ്മേ ളനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കു ന്നവർ പ്രാദേശിക ജമാഅത്ത് അമീ റിന്റെ/പ്രസിഡണ്ടിന്റെ കത്തുമായി കേരള സുബായി അമീർ സാഹിബു മായി ബന്ധപ്പെടേണ്ടതാണ്.

ജനറൽ സിക്രട്ടരി,
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്,
കേരള.

*(36 -ാം പേജിൽ നിന്ന് തുടർച്ച)*

അതുപോലെ പുരുഷജനനം അസാ ദ്ധ്യമായ ഈ കാലഘട്ടം കടന്നുപോ കുകയും പുരുഷജനനം സാദ്ധ്യമാകു ന്ന ഒരു കാലഘട്ടം കടന്നുവരുകയും ചെയ്യാതിരിക്കുകയില്ല.

ജനിതകശാസ്ത്രം വ്യക്തമാക്കുന്ന മനുഷ്യജനിതക മെക്കാനിസം ഇങ്ങ നെയാണ്: ബീജസംയോജനാവസര ത്തിൽ ഏത് ക്രോമസോമാണോ അണ്ഡവുമായി സംയോജിക്കുന്നത് അതിനെ അടിസ്ഥാനമാക്കിയാണ് സന്താനത്തിന്റെ ലിംഗനിർണ്ണയം നട ക്കുന്നത്. ശുക്ലത്തിൽ നിന്ന് X ക്രോമ സോമിനെ വഹിക്കുന്ന ബീജാണു വാണ് അണ്ഡത്തിൽ പ്രവേശിക്കുന്ന തെങ്കിൽ സന്താനത്തിന്റെ ക്രോമ സോം ഘടന XX ആയിരിക്കും. അത് കാരണം സന്താനം പെണ്ണായിരിക്കും. ശുക്ലത്തിൽ നിന്ന് അണ്ഡത്തിൽ പ്രവേശിക്കുന്നത് Y ക്രോമസോമിനെ വഹിക്കുന്ന ബീജാണുവാണെങ്കിൽ സൈഗോട്ടിന്റെ (ഭ്രൂണത്തിന്റെ പ്രാഥ മികാവസ്ഥ) ക്രോമസോം ഘടന XY ആയതിനാൽ സന്താനം ആൺ ആയി രിക്കും. ചുരുക്കിപ്പറഞ്ഞാൽ പുരുഷ ബീജമാണ് ലിംഗനിർണ്ണയത്തിന്റെ ആത്യന്തികമായ അടിസ്ഥാനം നിർണ്ണ യിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിലെ വൈ ജ്ഞാനിക പ്രളയത്തിൽ മനുഷ്യന് വെളിപ്പെട്ട ലിംഗനിർണ്ണയ രഹസ്യം വിശുദ്ധ ഖുർആൻ അന്ധകാരയുഗ ത്തിൽ തന്നെ പ്രഖ്യാപിക്കുന്നു: "രേതസ്കണം തെറിപ്പിക്കപ്പെടു മ്പോൾ അതിൽ നിന്ന് ആൺ പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കു ന്നവനും അവൻ തന്നെയാണ്" (53: 46, 47).

വിശുദ്ധ ഖുർആൻ ദൈവിക വച നമാണെന്ന ആ വെളിപാട് സമാഹാ രത്തിന്റെ അവകാശവാദത്തിനുള്ള ജീവൽ ദൃഷ്ടാന്തമാണിത്. ജനിതക ശാസ്ത്രവുമായി ഇത്രമാത്രം കൃത്യ മായും, കണിശമായും യോജിക്കുന്ന ഒരു പ്രസ്താവം നടത്താൻ, കഴിഞ്ഞ നൂറ്റാണ്ടിൽ പോലും മനുഷ്യന് സാധി ച്ചിരുന്നില്ലാ എന്നത് മാനവചരിത്രം വ്യക്തമാക്കുന്ന ഒരു യാഥാർത്ഥ്യമാ ണ്. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അതുല്യനായ മഹാത്മാവ് മുഹമ്മദ് (സ) ലോകത്ത് അവതരിപ്പിച്ച വിശുദ്ധ ഖുർആനിലെ ഈ വചനങ്ങൾ പ്രസി ദ്ധ ജനിതക ചരിത്രകാരനായിരുന്ന കോൺവേ സിർക്കിളിന്റെ ശ്രദ്ധയിൽ പ്പെടാതെ പോയത് വൈജ്ഞാനിക മായ ഒരു ദുരന്തം തന്നെയാണ്. ■